# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വർക്കല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ:  lfadtvm@yahoo.in

ഫോൺ :  0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA TVM 636/MI/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 22/05/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വർക്കല മുനിസിപ്പാലിറ്റി

സർ,

**വിഷയം : വർക്കല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വർക്കല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: KSA TVM 636/MI/2023 തീയ്യതി: 22/05/2023

## തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 96 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 73 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 10-04-2023 | 28-04-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-04-2023 | 28-04-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ മനേഷ് ബി എച്ച്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ പ്രവീൺ എൻ ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ പ്രേംനാഥ് ജി കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശ്രീജിത്ത് എസ് കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി ആർ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശരത് ജെ ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.എം.ലാജി | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ. സജി .എൽ.എസ് | സെക്രട്ടറി | 01-04-2021 | 23-02-2022 |
| ശ്രീമതി ബീനാകുമാരി .എസ് | സെക്രട്ടറി | 24-02-2022 | 03-03-2022 |
| ശ്രീ. സനൽ കുമാർ .ഡി.പി | സെക്രട്ടറി | 04-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മഞ്ജുള ശ്രീ തങ്കച്ചി | സൂപ്രണ്ട്, ഗവ.ഹോമിയോ ഡിസ്പെൻസറി | 01-04-2021 | 21-10-2021 |
| ശ്രീമതി രാജശ്രീ | സൂപ്രണ്ട്, ഗവ.ഹോമിയോ ഡിസ്പെൻസറി | 22-10-2021 | 31-03-2022 |
| ശ്രീ ബിജു നെൽസൺ | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ശ്രീ സന്തോഷ് എം | ഹെൽത്ത് ഓഫീസർ | 01-04-2021 | 17-09-2021 |
| ശ്രീ അനിൽ | ഹെൽത്ത് ഓഫീസർ | 18-09-2021 | 19-09-2021 |
| ശ്രീ ബിജു എസ് | ഹെൽത്ത് ഓഫീസർ | 20-09-2021 | 31-03-2022 |
| ശ്രീമതി വിജി വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 17-11-2021 |
| ശ്രീ സന്തോഷ്കുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 18-11-2021 | 31-03-2022 |
| ശ്രീ രാധാകൃഷ്ണൻ എസ് | കൃഷി ഫീൽഡ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ഷൈൻ എസ് എസ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ. ബൈജു എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷെമീറ | പ്രോജക്റ്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഹണി റ്റി | പട്ടികജാതി വികസന ഓഫീർ | 01-04-2021 | 31-03-2022 |
| | | | |

| | | | |
|---|---|---|---|
| ശ്രീമതി അനീസറാണി | ICDS സൂപ്പർവൈസർ | 01-04-2021 | 21-11-2021 |
| ശ്രീമതി രേഖ കെ | ICDS സൂപ്പർവൈസർ | 22-11-2021 | 31-03-2022 |
| ശ്രീ സുജയ്കുമാർ സി | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 01-04-2021 | 07-06-2021 |
| ശ്രീ ജയകുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 08-06-2021 | 31-03-2022 |
| ശ്രീമതി ആശ വി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 14-07-2021 |
| ശ്രീ മൻമഥൻ പി സി | മുനിസിപ്പൽ എഞ്ചിനീയർ | 15-07-2021 | 31-03-2022 |
| ശ്രീ സ്റ്റാൻലി ജി എസ് | ഇൻഡസ്ട്രിസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി കൃഷ്ണകുമാരി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ | 1-2-1 |
| 4 | വിവിധ ബാങ്ക് അക്കൗണ്ടുകളിൽ വർഷങ്ങളായി ചെലവഴിക്കാതെ തുക അവശേഷിക്കുന്നു. | 1-2-2 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-3-1 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്ഷേമ പദ്ധതികൾ | 1-5 |
| 9 | മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി | 1-5-1 |
| 10 | ക്യാഷ് പരിശോധന | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | വസ്തു നികുതി - അപാകങ്ങൾ | 1-10 |
| 15 | മൊബൈൽ ടവറുകളുടെ വസ്തു നികുതി - കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-10-1 |
| 16 | കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-10-2 |
| 17 | വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കാതെ വേക്കൻസി റെമിഷൻ അനുവദിച്ചു. | 1-10-3 |
| 18 | പൊളിച്ചു നീക്കപ്പെട്ട കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - അപാകങ്ങൾ | 1-10-4 |
| 19 | സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 20 | സ്വകാര്യ ആശുപത്രികൾക്ക് തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിക്കുന്നു. | 1-10-6 |
| 21 | ശിവഗിരി കൺവൻഷൻ സെന്റർ - 6376833/- രൂപ വസ്തു നികുതി കുടിശ്ശിക | 1-10-7 |
| 22 | ശ്രീ നാരായണ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് - 6536381/- രൂപ വസ്തു നികുതി കുടിശ്ശിക | 1-10-8 |
| 23 | അനധികൃത വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണയിക്കുന്നതിലെ അപാകത | 1-10-9 |
| 24 | അനധികൃത റിസോർട്ടുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 1-10-10 |
| 25 | ഒറ്റത്തവണ കെട്ടിട നികുതി - സർക്കാർ നിർദ്ദേശം | 1-11 |

| | | |
|---|---|---|
| | പാലിക്കേണ്ടതാണ്. | |
| 26 | നമ്പറിംഗ് - നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല | 1-12 |
| 27 | ലേലകുടിശ്ശികയിനത്തിൽ 18 ലക്ഷം രൂപ | 1-13 |
| 28 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-14 |
| 29 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-15 |
| 30 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-16 |
| 31 | തൊഴിൽ നികുതി - വിവിധ അപാകങ്ങൾ | 1-17 |
| 32 | രസീത് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-18 |
| 33 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- വിവിധ അപാകങ്ങൾ | 1-19 |
| 34 | പാപനാശം പ്രദേശത്ത് ലൈസൻസില്ലാതെ വിവിധ റിസോർട്ടുകൾ പ്രവർത്തിക്കുന്നു | 1-20 |
| 35 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ-അപാകങ്ങൾ | 1-21 |
| 36 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല | 1-22 |
| 37 | ബങ്കുകളിൽ നിന്നും ഷോപ്പുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. | 1-23 |
| 38 | വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകം | 1-24 |
| 39 | നിരോധിത പ്ലാസ്റ്റിക് ഉപയോഗം - പരിശോധനകൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്. | 1-25 |
| 40 | ടെക്സ്റ്റയിൽസ് പാർക്കിംഗ് ഏരിയയിൽ അനധികൃത നിർമ്മാണം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-26 |
| 41 | പാപനാശം കുന്ന് ഇടിഞ്ഞ് അപകടാവസ്ഥ - അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ചു നീക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല. | 1-27 |
| 42 | റെയിൽവേസ്റ്റേഷന് സമീപത്തെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 1-28 |
| 43 | സർക്കാർ ഭൂമിയിലെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ - സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-29 |
| 44 | വർക്കല പാപനാശം തീരത്തെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ - കെട്ടിടങ്ങളുടെ നികുതി നിർണയം നടത്തിയതിൽ പൊരുത്തക്കേട്. | 1-30 |
| 45 | പെർമിറ്റ് കൂടാതെ അസംബ്ലിഹാളിന്റെ നിർമ്മാണ പ്രവർത്തനം - തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്. | 1-31 |
| 46 | തീർത്ഥാടന ഓഡിറ്റോറിയം നിർമ്മാണം - കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. | 1-32 |
| 47 | ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ - തുടർനടപടികൾ | 1-33 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ്. | |
| 48 | ഗുണഭോക്തൃ വിഹിതം യഥാസമയം ഒടുക്ക് വരുത്തുന്നില്ല. | 1-34 |
| 49 | ഗുണഭോക്തൃ ലിസ്റ്റ് - തയ്യാറാക്കുന്നതിലെ അപാകം | 1-35 |
| 50 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല | 1-36 |
| 51 | അസറ്റ് മാനേജ്മെന്റ്- സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-37 |
| 52 | ബേം കേൺക്രീറ്റ് നിർമ്മിക്കൽ പ്രവൃത്തികളിലെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതാണ് | 1-38 |
| 53 | കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി | 1-39 |
| 54 | റോഡ് കോൺക്രീറ്റ് നിർമ്മാണത്തിൽ നിരക്ക് നൽകിയിട്ടും ഫോം വർക്ക് ഉൾപ്പെടുത്തിയില്ല | 1-40 |
| 55 | ജനൽ നിർമ്മാണ പ്രവർത്തിയിൽ ഉയർന്ന നിരക്ക് അനുവദിച്ചു | 1-41 |
| 56 | തെറ്റായ ടെൻഡർ നിരക്കിൽ തുക അനുവദിച്ചു | 1-42 |
| 57 | സിസിടിവി സ്ഥാപിക്കൽ - സർക്കാർ അനുമതി/ ചെലവുരേഖകൾ ലഭ്യമല്ല – 317575/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-43 |
| 58 | വജ്രജൂബിലി ഫെല്ലോഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-44 |
| 59 | മരുന്നുകളുടെ സ്റ്റോക്ക് പരിപാലനം - 99,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-45 |
| 60 | പ്രിന്റർ വാങ്ങൽ – നടപടിക്രമങ്ങൾ സംബന്ധിച്ച് അവ്യക്തത - 96,588/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-46 |
| 61 | ആട് വളർത്തൽ പ്രോജക്ട് - ചെലവ് രേഖകളുടെ അഭാവത്തിൽ 1,88,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-47 |
| 62 | കാലിത്തൊഴുത്ത് നവീകരണം - നിർവ്വഹണ നടപടിക്രമങ്ങളിൽ അവ്യക്തത – വിശദീകരണത്തിന്റെ അഭാവത്തിൽ 7,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-48 |
| 63 | നെൽകൃഷി വികസനം - കൃഷി സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് വ്യക്തതയില്ല. | 1-49 |
| 64 | പഴയ വല മാറ്റി പുതിയ വല – ചെലവ് രേഖകളുടെ അഭാവത്തിൽ 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-50 |
| 65 | PMAY ലൈഫ് ഭവന പദ്ധതി -അവലോകനം | 1-51 |
| 66 | PMAY ലൈഫ് ഭവനനിർമ്മാണം-നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം | 1-52 |
| 67 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട- എല്ലാ കടകളും പ്രവർത്തനക്ഷമമാക്കണം | 1-53 |
| 68 | ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങൽ | 1-54 |

| | | |
|---|---|---|
| | -ലക്ഷ്യപ്രാപ്തി വിലയിരുത്തണം | |
| 69 | എം.ജി കോളനിയിൽ വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം -സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല. | 1-55 |
| 70 | പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം | 1-56 |
| 71 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - നിർമ്മാണം പൂർത്തിയായിട്ടില്ല | 1-57 |
| 72 | ജീവനക്കാരിൽ നിന്നും ദേശീയ പെൻഷൻ പദ്ധതി വിഹിതം ഈടാക്കിയിട്ടില്ല | 1-58 |
| 73 | സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ മെഷീൻ വാങ്ങി സ്ഥാപിക്കൽ- പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം | 1-59 |
| 74 | മാലിന്യ സംസ്കരണത്തിനായി വീടുകളിൽ ബയോ കമ്പോസ്റ്റർ ബിൻ- വിവിധ അപാകങ്ങൾ | 1-60 |
| 75 | ഖരമാലിന്യപ്ലാന്റിലെ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യൽ- വിവിധ അപാകങ്ങൾ | 1-61 |
| 76 | ശുചീകരണ സാമഗ്രികൾ വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടികളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല | 1-62 |
| 77 | ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - കളക്ഷൻ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. | 1-63 |
| 78 | കമ്പോസ്റ്റ് സീവിംഗ് മെഷീൻ വാങ്ങൽ- വാങ്ങിയ മെഷീനുകൾ ഉപയോഗിക്കാതെ സൂക്ഷിക്കുന്നു. ചെലവ് തുകയായ 241000/- രൂപ തടസപ്പെടുത്തുന്നു. | 1-64 |
| 79 | താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് - പ്രെക്യൂർമെന്റ് നടപടി ക്രമങ്ങളിൽ ഗുരുതരമായ വീഴ്ച- 1097072/- രൂപ തടസ്സപ്പെടുത്തുന്നു | 1-65 |
| 80 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ അപാകം-ചെലവ് തുകയായ 2550274/- രൂപ തടസ്സപ്പെടുത്തുന്നു | 1-66 |
| 81 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്നും ഉപകരണങ്ങളും വാങ്ങൽ-രേഖകളുടെ അഭാവത്തിൽ 1716094/-രൂപ തടസപ്പെടുത്തുന്നു. | 1-67 |
| 82 | താലൂക്ക് ആശുപത്രിയിൽ രജിസ്റ്ററുകളും ഫോർമാറ്റുകളും പ്രിന്റിംഗ് - ടെൻഡർ നടപടി ക്രമങ്ങളിലും തുക ചെലവഴിക്കുന്നതിലും അപാകത-72500/- രൂപ തടസപ്പെടുത്തുന്നു, | 1-68 |
| 83 | താലൂക്ക് ആശുപത്രിയിൽ പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ - അധിക തുക തിരികെ ഈടാക്കിയില്ല- 36482/- രൂപ തടസപ്പെടുത്തുന്നു | 1-69 |
| 84 | താലൂക്ക് ആശുപത്രിയിലെ മാലിന്യ നിർമ്മാർജ്ജനം - പ്രൊക്യൂർമെന്റ് നടപടികൾ കൂടാതെ വാങ്ങൽ നടത്തി | 1-70 |
| 85 | താലൂക്ക് ആശുപത്രിയുടെ വെള്ളക്കരം ഒടുക്കൽ -തുക | 1-71 |

| | | |
|---|---|---|
| | സമയബന്ധിതമായി ഒടുക്ക് വരുത്തുന്നില്ല. | |
| 86 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - തിരികെ ലഭ്യമായ വസ്തുക്കളുടെ സ്റ്റോക്ക് വിവരങ്ങൾ ഹാജരാക്കിയില്ല. | 1-72 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 23.02.2021 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

**ബജറ്റ് സംക്ഷിപ്തം**

| | |
|---|---|
| പ്രാരംഭ ബാക്കി | 30456821.60 |
| പ്രതീക്ഷിത വരവ് | 620606339 |
| ആകെ വരവ് | 651063160.60 |
| പ്രതീക്ഷിത ചെലവ് | 593012014 |
| നീക്കിയിരിപ്പ് | 58051146.60 |

റിവൈസ്ഡ് ബജറ്റ് 24.03.2022 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 22.07.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങളും അവയുടെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്കുള്ള ( 21/17.04.2023, 51/18.04.2023) മറുപടിയും ചുവടെ ചേർക്കുന്നു.

1) 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 58 പ്രകാരമുള്ള പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സംവിധാനം ഏർപ്പെടുന്നതിന് IKM നെ അറിയിച്ചിട്ടുണ്ട്. 2021-22 വർഷത്തെ വാർഷിക അനുപാതങ്ങൾ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ധനകാര്യ പത്രിക സമർപ്പിക്കുമ്പോൾ വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

2) 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 58 പ്രകാരം മുനിസിപ്പാലിറ്റിയിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻടി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. വരും വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3) വസ്തുനികുതി രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ (എംപ്ലോയീസ്), തൊഴിൽ നികുതി രജിസ്റ്റർ (ട്രെയിഡേഴ്സ്), ലൈസൻസ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ, വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

4) ഷെഡ്യൂൾ B-7 (ഡെപ്പോസിറ്റ് റിസീവ്ഡ്) പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | Code No. | Particulars | Amount As Per B-7 Schedule |
|---|---|---|---|
| 1 | 340100101 | Contractor's EMD - Municipal Fund | 113316 |
| 2 | 340100105 | Supplier's EMD - Municipal Fund | 44054 |
| 3 | 340100201 | Contractor's Security | 26810 |

| | | | |
|---|---|---|---|
| | | Deposit- Municipal Fund | |
| 4 | 340100205 | Supplier's Security Deposit- Municipal Fund | 25250 |
| 5 | 340109900 | Other Deposits Received From Suppliers / Contractors | 5753 |
| 6 | 340200100 | Rent Deposit | 60000 |
| 7 | 340200200 | Auction Deposit | 1096305 |
| 8 | 340800100 | Deposit Received From Others | 257717 |
| 9 | 340809900 | Other Deposits Received | 149000 |

തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ക്രമ നം. 4 Supplier's Security Deposit- Municipal Fund പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 25250/- രൂപയിൽ 20000/- രൂപ 22/02/2019 -ൽ 340100101 എന്ന Liablility Head -ൽ രേഖപ്പെടുത്തി മടക്കി നൽകിയിട്ടുണ്ട്. OXYFOSS എന്ന സ്ഥാപനം EMD ഇനത്തിൽ 24/09/2018 -ൽ ഒടുക്കിയ 3750/- രൂപയും 2015 മുതൽ നിലവിവുള്ള 1500/- രൂപയും ചേർത്ത് 5250/- രൂപ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയും 20000/- രൂപ ജേണൽ എൻട്രി മുഖേന മാറ്റിയും ഓഡിറ്റിനെ ബോധിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് ഡെപ്പോസിറ്റുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിങ്ങനെയുള്ള വിവിധ ഡെപ്പോസിറ്റുകൾ മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച വാങ്ങാതെയും ഉണ്ടായാൽ കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പരിശോധിച്ച് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

5) "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിൽ ( B-9 Scheule) 2020-21, 2021-22 സാമ്പത്തിക വർങ്ങളിൽ ഒരേ തുക (53105/-) നിലനിൽക്കുന്നു. പണമാക്കി മാറ്റാത്ത ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് ബാധ്യതയായി മാറ്റുകയും പകരം ചെക്ക് നൽകുമ്പോൾ ഇതിൽ കുറവുവരുത്തുകയും ചെയ്യേണ്ടതാണ്. വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

6) ചുവടെ ചേർക്കുന്ന അക്കൗണ്ടുളിൽ 2020-21, 2021-22 വർഷങ്ങളിൽ ഇടപാടുകൾ നടന്നതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോഡ് | അക്കൗണ്ട് | നീക്കിയിരിപ്പ് 2021-22 (RP 40 (B) പ്രകാരം) |
|---|---|---|---|
| 1 | 450610120 | IOB PF 31246 | 8510 |
| 2 | 450210400 | BANK OF BARODA (OWN FUND) | 14057 |
| 3 | 450410500 | IOB (PIPE CONNECTION PROJECT) | 271354 |

പലിശയിനത്തിലുള്ള കൂട്ടിച്ചേർക്കലുകളും ‘Inoperative Charges’ ആയി തുക ഈടാക്കലും മാത്രമാണ് ഇടപാടുകൾ നടന്നിട്ടുള്ളത്.

**IOB PF 31246**

നഗരകാര്യ ഡയറക്ടറ്റിൽ നിന്നും ജീവനക്കാർക്കുള്ള PF Temporary Advance നൽകുന്നതിനായി 2018-19 ആരംഭിച്ച അക്കൗണ്ടാണിത്. നിലവിൽ ഇതിനായി ട്രഷറി PF അക്കൗണ്ട് ഉണ്ട്. ആയതിനാൽ മേൽ അക്കൗണ്ട് ക്ലോസ് ചെയ്ത് തുക ബന്ധപ്പെട്ട ഹെഡിലേയ്ക്ക് തിരികെ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**BANK OF BARODA (OWN FUND)**

നഗരസഭയുടെ മുൻ തനത് ഫണ്ട് അക്കൗണ്ടാണിത്. അക്കൗണ്ടിൽ നിലവിവുള്ള ബാലൻസ് തുക നിലവിലെ തനത് ഫണ്ട് അക്കൗണ്ടിൽ മാറ്റി നിക്ഷേപിച്ച് മേൽ അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**IOB ( PIPE CONNECTION PROJECT)**

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

7) തൻവർഷം RP – 29 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് കളക്ഷനായി പിരിച്ചെടുത്ത ചുവടെ ചേർക്കുന്ന നികുതികൾ ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂളിലെ അഡ്വാൻസ് കളക്ഷൻ ഇനത്തിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | RP- 29 ഷെഡ്യൂൾ പ്രകാരമുള്ള തുക | B-9 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| Advance Collection Of Revenues – License Fees | 23000 | 22000 |
| Advance Collection Of Revenues – Rent From Civic Amenities | 741030 | 741025 |

Advance Collection Of Revenue – Licene Fee , Civic Amenities എന്നീ ഹെഡുകളുടെ മുന്നിരിപ്പ് തുകകൾ 2021-22 കളക്ഷൻ തുകയിലേയ്ക്ക് മാറ്റി ജേണൽ എൻട്രി ചെയ്തപ്പോൾ ഉണ്ടായ പിഴവാണ് അപാകതയ്ക്ക് കാരണമെന്നും വരുംവർഷങ്ങളിൽ പിശക് ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

8)നഗരസഭയിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2022 മാർച്ച് മാസത്തെ ടെലിഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ്, വൈദ്യുതി ചാർജ് എന്നിവയ്ക്ക് 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്. എന്നാൽ പ്രസ്തുത ചെലവുകൾക്കുള്ള പ്രൊവിഷൻ B-9 ൽ ഉൾപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

9)2020-21, 2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകളിൽ B-13 ഷെഡ്യൂളിൽ Equity Shares – Special Funds ഇനത്തിൽ നീക്കിയിരിപ്പായി 20,00,000/- രൂപ നീക്കിയിരിപ്പുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ (സാധാ)നം. 893/14/ തസ്വഭവ തീയതി 26.03.2014 പ്രകാരം 13-ാം ധനകാര്യ കമ്മീഷൻ തുകയിൽ വകയിരുത്തി 2000000/- രൂപയുടെ ഓഹരി ക്ലീൻകേരള കമ്പനിയിൽ നിന്നും വാങ്ങിയിരുന്നു. ഇതിന്റെ ലാഭവിഹിതം സംബന്ധിച്ച വിവരത്തിനായി Clean Kerala കമ്പനിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ലാഭവിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

10) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ നിർവഹണ ഏജൻസികൾക്ക് നൽകിയ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് (വാർഷിക ധനകാര്യ പത്രിക പ്രകാരം) | പ്രവൃത്തിയുടെ പേര് | തൻവർഷം മുൻകൂർ നൽകിയ തുക (സുലേഖ പ്രകാരം) | ചെലവ് തുക (ധനകാര്യ പത്രിക പ്രകാരം) ( RP-41 Advance To Implementing Agencies- Specific Grants) | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക ( B-18 Advance To Implementing Agencies- Specific Grants) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 0 | 279/22 സ്ട്രീറ്റ് മെയിൻ നീട്ടൽ | 4500000 | 6648948 | 6648948 |
| കേരളാ വാട്ടർ അതോറിറ്റി | 0 | 276/22വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ | 1500000 | | |
| | | 218/22 പട്ടികജാതി കോളനികളിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ 2020-21 | 422000 | | |
| | | 219/22 വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ | 428400 | | |
| | | 52/22 വിവിധ അങ്കണവാടികളിൽ | 22900 | | |

| | | | | | |
|---|---|---|---|---|---|
| | | കുടിവെള്ള സൗകര്യം ഒരുക്കൽ | | | |
| പി.ഡബ്യൂ.ഡി | 0 | 315/22 താലൂക്ക് ഹോസ്പിറ്റലിലേയ്ക്ക് പബ്ലിക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ | 510000 | | |
| **ആകെ** | | | **7383300** | **6648948** | **6648948** |

പ്രോജക്റ്റ് നമ്പർ 279/22 സ്ട്രീറ്റ് മെയിൻ നീട്ടലിനായി സുലേഖ ചെലവ് പത്രിക പ്രകാരം കെ.എസ്.ഇ.ബി യ്ക്ക് 4500000/- രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഹെഡ് കോഡ് നമ്പർ 460500202 Advance To Implementing Agencies -ന്റെ ലെഡ്ജർ പരിശോധിച്ചതിൽ 4275648/- രൂപ മാത്രമാണ് മേൽ പ്രോജക്ടിനായി കെ.എസ്.ഇ.ബി യ്ക്ക് മുൻകൂറായി നൽകിയിട്ടുള്ളത്. വ്യത്യാസമായ 224352/- രൂപ ചെലവഴിച്ചത് മുൻകൂർ ഹെഡിലല്ല. കൂടാതെ, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവഹണം നടത്തിയ താലൂക്ക് ഹോസ്പിറ്റലിലേയ്ക്ക് പബ്ലിക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 315/22) എന്ന പ്രോജക്ടിനായി പി.ഡബ്യൂ.ഡിയ്ക്ക് 510000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെലവും മുൻകൂർ ഹെഡിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള മുൻകൂർ തുകകളും വാർഷിക ധനകാര്യ പത്രികയിലെ മുൻകൂർ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പ്രോജക്ട് നമ്പർ 279/22 സ്ട്രീറ്റ് മെയിൻ നീട്ടലിന്റെ ചെലവ് തുകയായ 224352/- രൂപ മുൻകൂർ ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം Street Light General എന്ന ഹെഡിലാണ് ചെലവഴിച്ചതെന്നും, താലൂക്ക് ഹോസ്പിറ്റലിലേയ്ക്ക് പബ്ലിക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 315/22) എന്ന പദ്ധതിക്ക് നിർവഹണ ഉദ്യോഗസ്ഥൻ പെയ്മെന്റ് നടത്തിയപ്പോൾ Final Bill എന്ന് തെരഞ്ഞെടുത്തതിനാലാണ് ചെലവ് മുൻകൂർ ഹെഡിൽ ഉൾപ്പെടാതെ പോയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

11) 20-09-2005 -ലെ സർക്കുലർ നമ്പർ 10088/എൽ3/05/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരോ വർഷവും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടവാക്കണം. ആദ്യഗഡു ഏപ്രിൽ 30 – നകവും രണ്ടാമത്തെ ഗഡു നവംബർ 30 – നകവുമാണ് അടവാക്കേണ്ടത്. 2021-22 ലെ വാർഷിക കണക്ക് പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 17,71,503/- രൂപ അടവാക്കുവാനുള്ളതായി ഷെഡ്യൂൾ ബി-9 Other Liabilities ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുക 2020-21, 21-22 എന്നീ വർഷങ്ങളിൽ പിരിച്ചെടുത്ത തുകയാണെന്നും, കോവിഡ് മഹാമാരി മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മൂലം പ്രസ്തുത തുക ബന്ധപ്പെട്ട കാലയളവിൽ ഒടുക്കു വരുത്തുവാൻ സാധിച്ചിട്ടില്ലായെന്നും 15/09/2022, 27/01/2023 തീയതികളിൽ മേൽ തുക ഒടുക്ക് വരുത്തിയതായും അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ തുക യഥാസമയം ഒടുക്കു വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

12) മുൻ വർഷങ്ങളിലെ ബാധ്യതാ ശീർഷകത്തിലെ (B-9 – Other Liabilities(Sundry Creditors)) തുകകൾ ബാധ്യതയായി തന്നെ നിലനിൽനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | വിശദാംശങ്ങൾ | 2020-21 ലെ നീക്കിയിരിപ്പ് | 2021-22 ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 350200103 | Recoveries Payable -Loan Recovery | 130525 | 130525 |
| 2 | 350200125 | Recoveries Payable – Audit Recovery | 12980 | 12980 |
| 3 | 350200209 | Recoveries Payable – Value Added Tax-Municipal Fund | 39372 | 39372 |
| 4 | 350200211 | Recoveries Payable – Value Added Tax-Special Funds | 5854 | 5854 |
| 5 | 350200216 | Recoveries Payable – Kerala Construction Workers Welfare Fund-Special Fund | 6458 | 6458 |
| 6 | 350300400 | VAT Payable | 158772 | 158772 |

350200125, Recoveries Payable – Audit Recovery ഇനത്തിലുള്ള 12980/- രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ നഗരസഭ ഫണ്ടിൽ ഒടുക്ക് വരുത്തിയ തുകയാണെന്നും പ്രസ്തുത തുക തെറ്റായാണ് ബാധ്യത ഹെഡിൽ ഉൾപ്പെടുത്തിയതെന്നും ആയത്

ബാധ്യതാ ഹെഡിൽ നിന്നും വരവ് ഹെഡിലേയ്ക്ക് ജേണൽ മുഖാന്തിരം മാറ്റി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ക്രമ നം. 1,3,4,5,6 പ്രകാരമുള്ള തുകകൾ യഥാസമയം ബാധ്യതയിൽ നിന്നും ക്രമീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

13) 2020-21 ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂൾ പ്രകാരമുള്ള മുൻസിപ്പൽ ജനറൽ ഫണ്ടിന്റെ നീക്കിയിരിപ്പ് 51321037.40 ആണ്. എന്നാൽ 2021-22 ബാലൻസ് ഷീറ്റ് B-1 ഷെഡ്യൂൾ (ലാൻഡ്സ്കേപ്പ്) പ്രകാരമുള്ള മുന്നിരിപ്പ് 515622492.40 രൂപയാണ്. പുതുതായി IKM സാംഖ്യയിൽ ചേർത്തിട്ടുള്ള ഹെഡുകൾ AIMS ലേയ്ക്ക് MAP ചെയ്യാത്തത് മൂലമുള്ള സാങ്കേതിക വ്യത്യാസമാണ് പ്രസ്തുത അപാകത്തിന് കാരണമെന്നും യഥാർത്ഥത്തിൽ ജനറൽ ഫണ്ടിന്റെ 2020-21 ലെ നീക്കിയിരിപ്പും 2021-22 ലെ മുന്നിരിപ്പും 515622492.40/- രൂപയാണെന്ന് അറിയിച്ചിട്ടുണ്ട്.

14) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം രജിസ്ട്രേഷൻ ഇനത്തിൽ ലഭിച്ച വരവ് 500/- രൂപ ആണ്. എന്നാൽ പ്രസ്തുത ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് 400/- രൂപ ആണ്. ശ്രീ ശരത് 20/01/2021 -ൽ ഒടുക്കിയ 100/- രൂപ Other Fees എന്ന ഹെഡിൽ മാറ്റി ഒടുക്ക് വരുത്തിയതാണ് വ്യത്യാസത്തിന് കാരണമായതെന്ന് അറിയിച്ചിട്ടുണ്ട്. വരുംവർഷങ്ങളിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

15) വാർഷിക ധനകാര്യ പത്രികയിലെ വരവിനങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ/ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|
| Sale Of Agricultural Products | 5420 |
| Sale Of Stores | 15200 |
| Sale Of Scrap | 179623 |
| Receivables For Advertisement Fees (Current) | 44397 |

ഇത് സംബന്ധിച്ച രജിസ്റ്ററുകൾ/രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-2-2 വിവിധ ബാങ്ക് അക്കൗണ്ടുകളിൽ വർഷങ്ങളായി ചെലവഴിക്കാതെ തുക അവശേഷിക്കുന്നു.

നഗരസഭയിലെ വിവിധ പദ്ധതികൾക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിൽ വർഷങ്ങളായി ചെലവഴിക്കാതെ തുകകൾ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1) സംയോജിത പാർപ്പിട ചേരി വികസന പരിപാടിയ്ക്കായി ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു.

ബേസിക് സർവീസസ് റ്റു ദി അർബൻ പുവർ (ബി.എസ്.യു.പി) പദ്ധതി നടപ്പിലാക്കുന്ന കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും കൊച്ചിയുടെ ഭാഗമായി കണക്കാക്കപ്പെടുന്ന തൃപ്പൂണിത്തുറ, കളമശ്ശേരി നഗരസഭകളും ഒഴികെയുള്ള 45 നഗരസഭകളിൽ നടപ്പാക്കിയ ചേരി വികസന പദ്ധതിയാണ് സംയോജിത പാർപ്പിട ചേരി വികസന പരിപാടി (ഐഎച്ച്എസ്ഡിപി). പ്രസ്തുത കേന്ദ്ര പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസി കുടുംബശ്രീ ആണ്. മാർച്ച് 2017 ന് ടി പദ്ധതി നിർത്തലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി നഗരസഭയിൽ ആരംഭിച്ച IOB 27500 അക്കൗണ്ടിൽ 1791590/- രൂപയും, Union Bank Of India അക്കൗണ്ടിൽ 92,824/- രൂപയും നീക്കിയിരിപ്പായി അവശേഷിക്കുന്നു.

Union Bank Of India അക്കൗണ്ടിൽ നിലനിൽക്കുന്ന 92,824/- രൂപ പലിശ ഇനത്തിലെ തുകയാണെന്നും ടി തുക 28/03/2023 -ൽ IOB (27500) അക്കൗണ്ടിൽ നിക്ഷേപിച്ച് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. 31.03.2022 ൽ IOB (27500) അക്കൗണ്ടിൽ അവശേഷിക്കുന്ന 1791590/- രൂപ ഗുണഭോക്തൃ ഇനത്തിലുള്ള തുകയാണെന്നും, തിരികെ അടവാക്കേണ്ടിയിരുന്ന കേന്ദ്രവിഹിതമായ 10874195/- രൂപ നോഡൽ ഏജൻസിയായ കുടുംബശ്രീക്ക് ചെക്ക് നമ്പർ 35528 തീയതി 17/09/2017 പ്രകാരം തിരികെ നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. IOB (27500) അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അടിയന്തിരമായി ബന്ധപ്പെട്ട ഹെഡിൽ തിരികെ അടവാക്കുന്നതാണെന്ന് മറുപടി (ഓഡിറ്റ് എൻക്വയറി നമ്പർ 27/17.04.2023) ലഭ്യമാക്കിയിട്ടുണ്ട്. അക്കൗണ്ടിൽ നിലവിൽ അവശേഷിക്കുന്ന തുക തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) ലൈഫ് പദ്ധതിയ്ക്കായി ആരംഭിച്ച അക്കൗണ്ടിൽ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു.

നഗരസഭയുടെ കേരള ഗ്രാമീൺ ബാങ്ക് 42483 അക്കൗണ്ടിൽ 2649420/- രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ലൈഫ് മിഷനിൽ നിന്നും 12,40000/- രൂപ 20.04.2021 തീയതിയിൽ ടി അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. കാനറ ബാങ്ക് - PMAY – 16857 അക്കൗണ്ട് മുഖേനയാണ് നിലവിൽ നഗരസഭയിൽ ലൈഫ് മിഷൻ പദ്ധതികൾക്കായി ലഭിക്കുന്ന തുകകൾ കൈകാര്യം ചെയ്യുന്നത്. പ്രസ്തുത സാഹചര്യത്തിൽ കേരള ഗ്രാമീൺ ബാങ്ക് 42483 അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക ഏതൊക്കെ പ്രവർത്തികൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നതെന്നത് സംബന്ധിച്ച വിവരം

ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 27/17.04.2023) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ച മേൽ അക്കൗണ്ടിൽ 1,03,00,000/- രൂപ നിക്ഷേപിച്ചിരുന്നുവെന്നും ലൈഫ് ഒന്നാം ഘട്ടം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ടി.അക്കൗണ്ടിൽ നിന്നുമാണ് തുക വിനിയോഗിച്ചതെന്നും പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ ബാക്കി വന്ന തുക അക്കൗണ്ടിൽ അവശേഷിക്കുന്നതായും പ്രസ്തുത തുക ലൈഫ് മിഷന്റെ നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും ഭവന പദ്ധതിക്ക് മാറ്റി ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ലൈഫ് പദ്ധതി SC/ST അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു നൽകുന്നതിനു വേണ്ടിയാണ് 12,40000/- രൂപ 20.04.2021 തീയതിയിൽ ലഭിച്ചതെന്നും , പ്രസ്തുത ഗുണഭോക്താക്കൾ PMAY പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരായതിനാൽ PMAY പദ്ധതി വഴി ടിയാൾക്ക് ആനുകൂല്യം നൽകുകയും പ്രസ്തുത തുക ചലവഴിക്കാൻ കഴിയാതെ വന്നതായും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കേരള ഗ്രാമീൺ ബാങ്ക് 42483 അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ലൈഫ് മിഷനുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും ഭവന പദ്ധതിക്കായി വിനിയോഗിക്കുകയോ തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

3) IOB(Amrutham Gamaya) 30686 അക്കൗണ്ടിൽ 17,35,280/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

നഗരസഭയുടെ IOB(Amrutham Gamaya) 30686 അക്കൗണ്ടിൽ 17,35,280/- രൂപ അവശേഷിക്കുന്നു. ടൂറിസം ഡിപ്പാർട്ട്മെന്റ് Clean Varkala Project ന്റെ ഭാഗമായി 2012 ൽ അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണിത്. മേൽ പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കുന്നതിനോ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (27/17.04.2023) മറുപടിയായി ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് പ്രോജക്ട് വകയിരുത്തിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) IOB (Biogas) 30683 അക്കൗണ്ടിൽ 361316/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട "ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് നൽകൽ " എന്ന പ്രവൃത്തിയുടെ ഗുണഭോക്തൃവിഹിതം ഒടുക്കുന്നതിന് വേണ്ടിയാണ് IOB (Biogas) 30683 എന്ന അക്കൗണ്ട് ആരംഭിച്ചത്. എന്നാൽ പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും പ്ലാന്റ് സ്ഥാപിച്ച് നൽകാത്തതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃവിഹിതം തിരികെ നൽകുന്നതിന് 20/07/2016 ലെ 9-ാം നമ്പർ കൗൺസിൽ തീരുമാനം എടുത്തിരുന്നു. ഗുണഭോക്തൃ വിഹിതം തിരികെ വാങ്ങാത്ത ഗുണഭോക്താക്കളുടെ തുകയും പലിശയും ചേർന്ന തുകയാണ് അക്കൗണ്ടിൽ നിലവിലുള്ളത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 282(1) പ്രകാരം പ്രസ്തുത തുക കാലഹരണപ്പെട്ടതായി കണക്കാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി 28/03/2023 – ൽ അക്കൗണ്ട് ക്ലോസ് ചെയ്തതായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് 27/17.04.2023 ന്റെ മറുപടിയായി അറിയിച്ചിട്ടുണ്ട് .

5) ടൂറിസം വികസനത്തിനായി അനുവദിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിനോദ സഞ്ചാര വകുപ്പിന്റെ 07/12/2020 -ലെ P4 (Co)7520 Ca/2003 നമ്പർ കത്ത് പ്രകാരം വർക്കല പാപനാശത്ത് ടോയിലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനായും പാർക്കിംഗ് സൗകര്യങ്ങളുടെ വികസനത്തിനായും 50 ലക്ഷം രൂപ ടൂറിസം വകുപ്പ് അനുവദിച്ചിരുന്നു. പദ്ധതിക്ക് വിരുദ്ധമായി ടി പ്രവൃത്തിയ്ക്കായി ഭൂമി വാങ്ങുന്ന ആവശ്യത്തിലേയ്ക്ക് 21 ലക്ഷം രൂപ ചെലവഴിച്ച് 1.65 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നഗരസഭ ചെയ്തിട്ടില്ലാത്തതിനാൽ ടി പ്രവൃത്തിയ്ക്കായി നൽകിയ മുഴുവൻ തുകയും അതിന്റെ പലിശയും ബന്ധപ്പെട്ട ശീർഷകത്തിൽ (1452-00-800-99) തിരിച്ചടയ്ക്കാനും അല്ലാത്തപക്ഷം ടി തുക ഒടുക്കുന്നതിനു റവന്യു റിക്കവറി /നിയമ നടപടി സ്വീകരിക്കുമെന്നും ടൂറിസം വകുപ്പ് അറിയിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് തനതു വരുമാനം വളരെ കുറവായതിനാലും, നഗരസഭാ ബസ് സ്റ്റാൻഡിന് വേണ്ടി ഭൂമി ഏറ്റെടുത്ത വകയിൽ പ്രതിവർഷം 50 ലക്ഷം രൂപ സർക്കാരിലേയ്ക്ക് അടയ്ക്കുന്ന സാഹചര്യത്തിലും, മേൽ നടപടികളിൽ നിന്ന് നഗരസഭയെ ഒഴിവാക്കുന്നതിനോ, സാവകാശം ലഭ്യമാക്കുന്നതിനോ വേണ്ടി സർക്കാരിലേയ്ക്ക് ശുപാർശ നൽകുന്നതിന് 05.02.2021 ലെ 8(1) നമ്പർ പ്രകാരം കൗൺസിൽ തീരുമാനം എടുത്തിരുന്നു.

ഭൂമി വാങ്ങുന്നതിനായി ചെലവഴിച്ച 21 ലക്ഷം രൂപ കഴിച്ചുള്ള 29 ലക്ഷം രൂപയിൽ 1780525/- രൂപ ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയും അവശേഷിച്ച തുക നഗരസഭ ശുചീകരണ വിഭാഗം തൊഴിലാളികളുടെ വേതന ആനുകൂല്യങ്ങൾക്കുമായിട്ടാണ് വിനിയോഗിച്ചത്. നിലവിൽ പ്രസ്തുത പ്രവൃത്തിയ്ക്കായി ആരംഭിച്ച IOB Tourism 30685 അക്കൗണ്ടിലെ നീക്കിയിരിപ്പ് 64,194/- രൂപ മാത്രമാണ്. ടൂറിസം വികസനത്തിനായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സംബന്ധിച്ച് ഉചിതമായ ഭരണ തല നടപടികൾ സ്വീകരിക്കേണ്ടതും ടൂറിസം വികസനത്തിനായി ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

(അവലംബം -ഓഡിറ്റ് അന്വേഷണക്കുറിപ്പ് 24/17.04.2023 ന്റെ മറുപടി).

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 48252200 | 48252200 | 49757882 | -1505682 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 23570000 | 23570000 | 21312172 | 2257828 |
| CFC(Tied) | 0 | 57098799 | 57098799 | 23997542 | 33101257 |
| CFC(Untied) | 0 | 27042973 | 27042973 | 11891838 | 15151135 |
| Maintenance Fund(Nonroad) | 0 | 16707564 | 16707564 | 11597751 | 5109813 |
| Maintenance Fund(Road) | 0 | 16941000 | 16941000 | 6143407 | 10797593 |

## 1-3-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക ധനകാര്യ പത്രിക |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 49757882 | 45962082 | 45962082 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 23997542 | 23997542 | 20466380 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 11891838 | 11891838 | 15254047 |

എ.സി.ആറിൽ വികസന ഫണ്ട് (ജനറൽ) ഹെഡിൽ വ്യത്യാസമായ 3795800/- രൂപ ജി.ഒ പ്രോജക്ടുകൾക്ക വേണ്ടി വകയിരുത്തിയ തുകയാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഗ്രാന്റുകളുടെ ചെലവിൽ വന്ന വ്യത്യാസം ട്രഷറിയിൽ നിന്നും സ്പിൽ ഓവർ പ്രോജക്ടുകളുടെ തുക മാറിയത് മൂലമുണ്ടാകുന്ന വരവ് സുലേഖയിൽ നിന്നും സാംഖ്യയിലേയ്ക്ക് Synchronise ചെയ്യപ്പോൾ ഹെഡ് തെറ്റിയത് മൂലമുണ്ടായ വ്യത്യാസമാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരമുള്ള അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

2. B-4 Schedule പ്രകാരമുള്ള തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ് കോഡ് | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | 320200110 | Grants /Funds For Pandemic/ Epidemic Control | 2464653 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നഗരസഭയുടെ LGTSB അക്കൗണ്ടിൽ ക്രെഡിറ്റ് ആയ 30,00,000/- രൂപയിൽ ചെലവഴിച്ച തുകയുടെ ബാക്കി തുക. ടി തുക LGTSB അക്കൗണ്ടിൽ തന്നെ നിലനിർത്തിയിട്ടുണ്ട്. |
| 2 | 320200209 | Fund For Transferred Instituitions – Education – Capital | 500000 | ഡി.ഡി നമ്പർ 738701 തീയതി 08/01/2013 Constructing Latrin In School Purpose - നായി ലഭിച്ച തുക. |
| 3 | 320802000 | Grant For Projects | 3337003 | അറവ് ശാല നവീകരണത്തിന് ലഭിച്ച തുക. പദ്ധതി തുടരുന്നു |
| 4 | 320809900 | Other Grants & Contributions For Specific Purpose | 2160790 | Tourism, Biogas, Amrutham Gamaya എന്നിവയുടെ ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള തുക. |

ക്രമ നം. 2 ലെ നീക്കിയിരിപ്പ് തുക വിനിയോഗിക്കാതെ അവശേഷിക്കുന്ന പക്ഷം ബന്ധപ്പെട്ട ഹെഡിലേയ്ക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതമായ 784619/- രൂപയുടെ വിശദവിവരങ്ങൾ (പ്രോജക്ട് നമ്പർ, വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം) സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 39/18.04.2023 ന്റെ മറുപടി).

## 1-4 പദ്ധതി അവലോകനം

### എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | |
|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പാക്കാത്തത് | ശതമാനം |
| I | മെഡിക്കൽ ഓഫീസർ - ഹോമിയോ | 4 | 3 | 1 | 75 |
| Ii | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 4 | 4 | 50 |
| Iii | കൃഷി ഫീൽഡ് ഓഫീസർ | 7 | 7 | 0 | 100 |
| Iv | സെക്രട്ടറി | 34 | 28 | 6 | 82 |
| V | ഹെഡ് മാസ്റ്റർ – ഗവ.എൽ.പി.എസ്. | 15 | 12 | 3 | 80 |
| Vi | വെറ്ററിനറി സർജൻ | 7 | 5 | 2 | 71 |
| Vii | ക്ഷീര വികസന ഡെപ്യൂട്ടി ഡയറക്ടർ | 3 | 3 | 0 | 100 |
| Viii | പ്രോജക്ട് ഓഫീസർ – നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 3 | 2 | 1 | 67 |
| Ix | പട്ടികജാതി വികസന ഓഫീസർ | 13 | 12 | 1 | 92 |
| X | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 11 | 8 | 3 | 73 |
| Xi | മെഡിക്കൽ ഓഫീസർ – താലൂക്ക് ആശുപത്രി | 14 | 12 | 2 | 86 |
| Xii | മുനിസിപ്പൽ എഞ്ചിനീയർ | 19 | 14 | 5 | 74 |
| Xiii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 2 | 78 |

| | | | | | |
|---|---|---|---|---|---|
| Xiv | അസിസ്റ്റന്റ് എഞ്ചിനീയർ | 113 | 60 | 53 | 53 |
| Xv | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 5 | 1 | 83 |
| **ആകെ** | | **266** | **182** | **84** | **68** |

1) ആകെ വകയിരുത്തിയ ഫണ്ടിന്റെ 68 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 53 മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല. ടെണ്ടറുകൾ ക്ഷണിച്ചെങ്കിലും പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കരാറുകാർ തയ്യാറാകാത്തതാണ് ഇതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 05/11.04.2023 ന്റെ മറുപടി).

3) തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | S0250/22 | നഗരസഭ ഫ്രണ്ട് ഓഫീസിൽ റ്റിവി, കുടിവെള്ളം ടച്ച് സ്ക്രീൻ സ്ഥാപിക്കുന്നത് | സെക്രട്ടറി |
| Ii | S0244/22 | ഖരമാലിന്യസംസ്കരണം ഡിപിആർ | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |
| Iii | S0246/22 | ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷ ഉപകരണങ്ങൾ വാങ്ങൽ 2020-21 | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) |
| Iv | S0226/22 | എൽ.ഇ.ഡി ലൈറ്റ് മെയിന്റനൻസ് 2020-21 | അസിസ്റ്റന്റ് എഞ്ചിനീയർ |
| V | S0230/22 | രഘുനാഥപുരം മാവിള സൈഡ് റോഡ് കോൺക്രീറ്റിംഗ് റീടാറിംഗ് ബാക്കി ഭാഗം പൂർത്തീകരണം അധികം തുക വകയിരുത്തൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vi | S0182/22 | കുരയ്ക്കണ്ണി അത്തിവിള റോഡ് റീടാറിംഗ് 2$^{nd}$ റീച്ച് -2 | അസിസ്റ്റന്റ് എഞ്ചിനീയർ |
| Vii | S0185/22 | എൽപിബിഎസ് കുരയ്ക്കണ്ണി അറ്റകുറ്റപ്പണി | അസിസ്റ്റന്റ് എഞ്ചിനീയർ |
| Viii | S0202/22 | തെരുവ് വിളക്ക് സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| Ix | S0208/22 | പെരുംകുളം സൈഡ് സംരക്ഷണഭിത്തി നന്നാക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| X | S0223/22 | പാപനാശത്ത് തുമ്പൂർമൂഴി സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| Xi | S0224/22 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കൽ (ഹെലിപ്പാഡ്) | അസിസ്റ്റന്റ് എഞ്ചിനീയർ |
| Xii | S0197/22 | റോഡുവിള മരക്കടമുക്ക് റോഡ് ടാറിംഗും സൈഡ് കോൺക്രീറ്റിംഗും - വാർഡ് 17- 2020-21 | അസിസ്റ്റന്റ് എഞ്ചിനീയർ |
| Xiii | S0238/22 | സ്വയം തൊഴിൽ സംരംഭം – യുവതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| Xiv | S0221/22 | നഗരസഭ പ്ലാന്റ് അറ്റകുറ്റപ്പണി | മുനിസിപ്പൽ എഞ്ചിനീയർ |

**<u>ബി)പദ്ധതി ആസൂത്രണം</u>**

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ(കൈ) നം. 17/2018/ത.സ്വ.ഭ.വ തീയതി 02.02.2018] ഖണ്ഡിക 3.1.1 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ) 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, 10.02.2021ൽ ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ട് (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 69/25.04.2023ന്റെ മറുപടി)

ബി) 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നടന്ന ആസൂത്രണ സമിതി യോഗങ്ങളുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് 2022-23 വർഷത്തെ ആസൂത്രണ സമിതിയുടെ മിനിട്സാണ് ലഭ്യമാക്കിയത്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 17/2018/ത.സ്വ.ഭ.വ തീയതി 02.02.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

ഖണ്ഡിക 3-1-2 സി പ്രകാരം പദ്ധതി രൂപീകരണത്തിനു മുൻപായി സ്റ്റാറ്റസ് റിപ്പോർട്ട് കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ചതായി കാണുന്നില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടികൾ (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 69/25.04.2023ന്റെ മറുപടി) |
|---|---|---|---|---|
| I | സാമൂഹ്യ നീതി | 12.02.2021 | പകൽവീട് നിർമ്മാണം,<br>ഉദ്ഘാടനം കഴിഞ്ഞ ബഡ്സ് സ്കൂൾ (കരുനിലക്കോട്) പ്രവർത്തനം ആരംഭിക്കണം. | പകൽ വീടിനായുള്ള കെട്ടിടം നഗരസഭ പരിധിയിൽ ലഭിക്കാത്തതിനാൽ തുടങ്ങാൻ സാധിച്ചിട്ടില്ല.<br>കരുനിലക്കോടുള്ള കെട്ടിടത്തിൽ അർബൻ ഹെൽത്ത് സെന്റർ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി നൽകി. ബഡ്സ് സ്കൂളിനായി നഗരസഭ പുതിയ ഭൂമി കണ്ടെത്തിയിട്ടുണ്ട്. |
| Ii | പൊതുമരാമത്ത് | 12.02.2021 | 16-ാം വാർഡിൽ രഘുനാഥപുരത്ത് മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള സ്ഥലത്ത് നിലനിൽക്കുന്ന ലൈബ്രറി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തികളിൽ നിന്നും തിരികെ ഏറ്റെടുത്ത് കെട്ടിടം | നഗരസഭയുടെ ഉടമസ്ഥതയിലാണെന്നുള്ള രേഖ ലഭ്യമാകാത്തതിനാൽ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | നവീകരിക്കുന്ന നടപടികൾ കൈക്കൊള്ളണം. | |
| Iii | വനിത വികസനം | 12.02.2021 | ഭൂമി ഇല്ലാത്ത അങ്കണവാടികൾക്ക് ഭൂമി, കെട്ടിടം | നാല് അങ്കണവാടികൾക്ക് ഭൂമി വാങ്ങി. |
| Iv | ധനകാര്യം | 12.02.2021 | ഹോംസ്റ്റേ, റിസോർട്ട് എന്നിവയുടെ കൃത്യമായ കണക്കെടുക്കുക. | കൃത്യമായ വിവരശേഖരണത്തിനായുള്ള നടപടികൾ റവന്യൂ സെക്ഷൻ സ്വീകരിച്ചുവരുന്നു. |

## 1-5 ക്ഷേമ പദ്ധതികൾ

2021-22 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 165480 | 164 |
| കർഷക തൊഴിലാളി പെൻഷൻ | 160000 | 9 |
| വിധവ പെൻഷൻ | 31495200 | 2043 |
| വാർദ്ധക്യകാല പെൻഷൻ | 55815300 | 3918 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 252000 | 17 |
| വിവാഹ ധനസഹായം | 480000 | 16 |
| വികലാംഗ പെൻഷൻ | 7555100 | 494 |

## 1-5-1 മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി

മുനിസിപ്പാലിറ്റി ലഭ്യമാക്കിയ 01/2021, 03/2021, 01/2022 എന്നീ മാസങ്ങളിലെ മരണറിപ്പോർട്ടുകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് | മരണപ്പെട്ട തീയതി | പെൻഷൻ വിഭാഗം | പെൻഷൻ അനുവദിച്ച കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 2220009293 | ജയറാം | 30.12.2020 | കർഷക ക്ഷേമ നിധി പെൻഷൻ | 01/2021 മുതൽ 02/2023 വരെ | 39700 (1500x3 + 1600x22) 06/22 ൽ നൽകിയില്ല അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് |
| 2 | 101720300031 | കൃഷ്ണൻ.എസ് | 05.01.2021 | വികലാംഗ പെൻഷൻ | 02/2021 മുതൽ 09/2021 വരെ | 12600 (1500x2 + 1600x6) |
| 3 | 102250202772 | പൊൻസിഫ | 17.01.2021 | വാർദ്ധക്യകാല പെൻഷൻ | 02/2021 മുതൽ 02/2023 വരെ | 39800 (1500x2 + 1600x23) |
| 4 | 102300201633 | സുരേന്ദ്രൻ | 16.03.2021 | വാർദ്ധക്യകാല പെൻഷൻ | 4/2021 മുതൽ 05/2021 വരെ | 3200 (1600x2) |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് |
| 5 | 101720600220 | പ്രസന്ന | 02.03.2021 | വിധവ പെൻഷൻ | 04/2021 | 1600 |
| 6 | 102340202035 | ശ്രീധരൻ.പി | 20.03.2021 | വാർദ്ധക്യകാല പെൻഷൻ | 04/2021 മുതൽ 02/2023 വരെ | 36800 (1600x23) കരവാരം ഗ്രാമ പഞ്ചായത്ത് |
| 7 | 102260203842 | തമ്പി.എൻ | 21.03.2021 | വാർദ്ധക്യകാല പെൻഷൻ | 04/2021 മുതൽ 06/2021 വരെ | 4800 (1600x3) ഇടവ ഗ്രാമപഞ്ചായത്ത് |
| 8 | 102270200086 | ഭാസ്കരൻ | 01.04.2021 | വാർദ്ധക്യകാല പെൻഷൻ | 05/2021 മുതൽ 02/2023 വരെ | 35200 (1600x22) ഇലകമൺ ഗ്രാമപഞ്ചായത്ത് |
| 9 | 102270600748 | ഗിരിജ | 28.04.2021 | വിധവ പെൻഷൻ | 05/2021 മുതൽ 06/2021 വരെ | 3200 (1600x2) ഇലകമൺ ഗ്രാമപഞ്ചായത്ത് |
| 10 | 2220018607 | ദേവദാസൻ | 27.04.2021 | കർഷക ക്ഷേമനിധി പെൻഷൻ | 05/2021 മുതൽ 02/2023 വരെ | 33600 (1600x21) 06/22 ൽ നൽകിയില്ല. ഇലകമൺ ഗ്രാമ പഞ്ചായത്ത് |
| 11 | 102270203509 | സുജാത | 22.01.2022 | വാർദ്ധക്യകാല പെൻഷൻ | 02/2022 മുതൽ 05/2022 വരെ | 6400 (1600x4) ഇലകമൺ ഗ്രാമ പഞ്ചായത്ത് |
| 12 | 2220018045 | കുഞ്ഞുലക്ഷ്മി അമ്മ | 26.01.2022 | കർഷക ക്ഷേമ നിധി പെൻഷൻ | 02/2022 മുതൽ 05/2022 വരെ | 6400 (1600x4) ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത് |

ക്രമ നമ്പർ 1, 3, 6, 8, 10 എന്നിവയിലെ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്റ്റീവ് ആണ്. തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 85/27.04.2023 ന്റെ മറുപടി).

മരണ റിപ്പോർട്ടുകളുടെ പൂർണമായ പരിശോധന നടത്തി, സർക്കുലർ നം.63/2021/ധന തീയതി. 02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.04.2023, 4.30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,54,997/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തുകയും വിവിധ സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

2) 18.03.2022 മുതലുള്ള സ്റ്റാഫ് മീറ്റിംഗുകളുടെ മിനിട്സ് മാത്രമാണ് ലഭ്യമാക്കിയത്. 18.03.2022ന് റവന്യൂ ജീവനക്കാരുടെ യോഗത്തിന് ശേഷം 04.05.2022ന് ഹെൽത്ത് വിഭാഗം ജീവനക്കാരുടെ യോഗം മാത്രമാണ് നടന്നിട്ടുള്ളത്.

3) ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

4) ഫയലുകൾ ചിട്ടയായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല. നടപ്പ് ഫയലുകൾ ക്രമമായി നമ്പരിട്ട് സൂക്ഷിക്കുന്നില്ല. ഉദാഹരണം R2 സെക്ഷൻ കൈകാര്യം ചെയ്യുന്ന ലേല ഫയൽ.

5) വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ സൂക്ഷിക്കുന്നതിലും പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.

6) മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

7) തനത് വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിൽ ജാഗ്രത കുറവുണ്ട്. വസ്തു നികുതി, ലേലം മുതലായ ഇനങ്ങളിൽ വൻതുക പിരിച്ചെടുക്കാനവശേഷിക്കുന്നു.

8) വസ്തു നികുതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

9) ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങൽ -ലക്ഷ്യപ്രാപ്തി വിലയിരുത്തപ്പെടേണ്ടതുണ്ട്.

10) എം.ജി കോളനിയിൽ വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം -സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല.

11) പാപനാശം പ്രദേശത്ത് ലൈസൻസില്ലാതെ വിവിധ റിസോർട്ടുകൾ പ്രവർത്തിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

12) ടെക്സ്റ്റയിൽസ് പാർക്കിംഗ് ഏരിയയിൽ അനധികൃത നിർമ്മാണം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

13) റെയിൽവേസ്റ്റേഷന് സമീപത്തെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

14) കമ്പോസ്റ്റ് സീവിംഗ് മെഷീൻ വാങ്ങൽ- വാങ്ങിയ മെഷീനുകൾ ഉപയോഗിക്കാതെ സൂക്ഷിക്കുന്നു.

15) താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് - പ്രൊക്യൂർമെന്റ് നടപടി ക്രമങ്ങളിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ+ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്(AUEGS) | 596408.89 | 15053784 | 15650192.89 | 12562444 | 3087748.89 |

വാർഷിക ധനകാര്യ പത്രികയിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ഹെഡിൽ വരവ് ചെലവുകൾ രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്

2021-22 സാമ്പത്തികവർഷത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(അവലംബം ഓഡിറ്റ് എൻക്വയറി 28/ 17.4.2023ന്റെ മറുപടി)

| | |
|---|---|
| 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം- 231<br>അംഗങ്ങൾ- 235 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം- 806<br>തൊഴിലാളികൾ-837 |
| 2021-22 സാമ്പത്തിക വർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം- 806<br>തൊഴിലാളികൾ-837 |
| 100 ദിവസത്തേക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| തൊഴിൽ കാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നൽകാനാകാതെ | ഇല്ല |

| | |
|---|---|
| തൊഴിൽ രഹിത വേതനം നൽകേണ്ടി വന്നവ | |
| ബാങ്ക് അക്കൌണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് ഡിമാന്റ് ചെയ്തവരുടെ എണ്ണം | 837 |
| നഗരസഭയിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 315 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 200 |
| ആവശ്യമായ തൊഴിൽ ദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 200 |
| ആകെ വാർഡുകളുടെ എണ്ണം | 33 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ വാർഡ് സഭകളുടെ എണ്ണം | 33 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ വാർഡ് സഭകളുടെ എണ്ണം | 3 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 290 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 101 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 101 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 65246 |
| പരാതി രജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൌകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം,ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഒന്നും തന്നെയില്ല |
| ആസ്തി രജിസ്റ്റർ | ഉണ്ട് |
| ലേബർ കംപോണന്റ് | 1,17,28,650 |
| മെറ്റീരിയൽ കംപോണന്റ് | 203950 |
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 15650192.89 |
| ആകെ ചെലവ് | 12562444 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.07.2019 മുതൽ 22.07.2019 വരെ | 2013-14 മുതൽ 2018-19 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.05.2022 മുതൽ 28.06.2022 വരെ | 2019-20 മുതൽ 2021-22 വരെ | 29.07.2022 |

## 1-10 വസ്തു നികുതി - അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-10-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി - കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

നഗരസഭ പരിധിയിൽ വസ്തു നികുതി അടവാക്കാൻ അവശേഷിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Building ID | Door NO | Owner Name | Owner Address | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 30172010016434 | 14/304/1 | Sub Divisional Engineer | Telecom Civil | 2013 ഒന്നാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ | 112640 |
| 2 | 30172010016479 | 26/194/4 | The Manager | W.T T I L,S L Plaza Complex, | 2013 ഒന്നാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ | 47152 |
| 3 | 30172010004464 | 28/351/1 | M/S Bharathi | Airtel Ltd. | 2022 രണ്ടാം അർദ്ധവർഷം | 1263 |
| 4 | 30172010005490 | 28/802/ | Dishnet Wireless Ltd(Aircel) | Arcade, Geethanjali Bus Stop | 2016 ഒന്നാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ | 152281 |
| 5 | 30172010004146 | 31/99/1 | Divisional Manager | B S N L | 2013 ഒന്നാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ | 34353 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 61/25.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിൽ വസ്തു നികുതി കുടിശ്ശികയുള്ള മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, തുക ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-10-2 കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം നഗരസഭയിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിലെ 14, 24 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലെ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു.

| വാർഡ് 14 | | | വാർഡ് 24 | | |
|---|---|---|---|---|---|
| Missing Door No . From | Missing To | Missing Total | Missing Door No. Missing From | Missing To | Missing Total |
| 23 | 23 | 1 | 95 | 95 | 1 |
| 41 | 41 | 1 | 116 | 116 | 1 |
| 51 | 51 | 1 | 145 | 145 | 1 |
| 67 | 67 | 1 | 169 | 169 | 1 |
| 94 | 94 | 1 | 272 | 272 | 1 |
| 103 | 103 | 1 | 301 | 301 | 1 |
| 123 | 123 | 1 | 303 | 303 | 1 |
| 138 | 138 | 1 | 370 | 370 | 1 |
| 146 | 146 | 1 | 386 | 386 | 1 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 191 | 191 | 1 | Total | | 9 |
| 216 | 216 | 1 | | | |
| 262 | 262 | 1 | | | |
| 344 | 354 | 11 | | | |
| 366 | 366 | 1 | | | |
| 432 | 435 | 4 | | | |
| 439 | 441 | 3 | | | |
| Total | | 31 | | | |

ഇതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നമ്പർ 26/17.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതും, അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-3 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും ഈടാക്കാതെ വേക്കൻസി റെമിഷൻ അനുവദിച്ചു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 239 പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധ വർഷത്തിൽ ഒഴിഞ്ഞോ വാടകയ്ക്ക് കൊടുക്കാതെയോ കിടന്നാൽ ആ അർദ്ധ വർഷത്തേക്കുള്ള നികുതി ഇളവ് ചെയ്ത് കിട്ടുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതാണ്. ആയത് പ്രകാരം വേക്കൻസി റെമിഷനായി ലഭിച്ച അപേക്ഷകൾ പരിഗണിച്ച് നഗരസഭാ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി 2021-22 ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ വിവിധ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിക്കുന്നതിനും മുൻകാലങ്ങളിൽ നികുതി കുടിശ്ശിക ഉള്ളവയുടെ അപേക്ഷ നിരസിക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ മുൻകാലങ്ങളിലെ കുടിശ്ശിക ഈടാക്കാതെ പല കെട്ടിടങ്ങൾക്കും വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുള്ളതായി സഞ്ചയ പ്രകാരം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വേക്കൻസി റെമിഷൻ അനുവദിച്ച കാലയളവ് | നികുതി കുടിശ്ശികയുള്ള കാലയളവ് |
|---|---|---|---|---|
| 1 | 27/241 | ബാലഗംഗാധരൻ നായർ | 2021 ഒന്നാം അർദ്ധ വർഷം | 2020 ഒന്നാം അർദ്ധവർഷം |
| 2 | 1/289 | ഫിറോസ് | 2021 രണ്ടാം അർദ്ധ വർഷം | 2021 ഒന്നാം അർദ്ധ വർഷം |
| 3 | 14/420 | ലേഖ | 2021 ഒന്നാം അർദ്ധ വർഷം | 2018 രണ്ടാം അർദ്ധ വർഷം, 2019, 2020 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 4 | 28/390 | അലിം ഷാ, മുഹമ്മദ് ഷാ, നാദിർഷാ | 2021 ഒന്നാം അർദ്ധ വർഷം | 2019, 2020 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 5 | 28/393 | അലിം ഷാ, മുഹമ്മദ് ഷാ, നാദിർഷാ | 2021 ഒന്നാം അർദ്ധ വർഷം | 2018 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ, 2019 രണ്ടാം അർദ്ധ വർഷം |
| 6 | 28/400 | അലിം ഷാ, മുഹമ്മദ് ഷാ, നാദിർഷാ | 2021 ഒന്നാം അർദ്ധ വർഷം | 2019 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ, 2020 ഒന്നാം അർദ്ധ വർഷം |

മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (67/25.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വേക്കൻസി റെമിഷൻ അനുവദിച്ച മേൽ കെട്ടിടങ്ങളിൽ നിന്നും പട്ടിക പ്രകാരം അടവാക്കാൻ അവശേഷിക്കുന്ന കാലയളവിലെ വസ്തു നികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, തുക ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-4 പൊളിച്ചു നീക്കപ്പെട്ട കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - അപാകങ്ങൾ

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ, സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. നഗരസഭയിൽ 2021-22 സാമ്പത്തിക വർഷം പൊളിച്ചു നീക്കപ്പെട്ട കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**എ) കുടിശ്ശിക അടവാക്കിയിട്ടും കെട്ടിടങ്ങളെ "Demolished" വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല**

ചുവടെ ചേർക്കുന്ന അപേക്ഷകരുടെ പൊളിച്ച് നീക്കപ്പെട്ട കെട്ടിടങ്ങൾക്ക് നികുതി കുടിശ്ശികയുള്ളതിനാൽ കുടിശ്ശിക അടവാക്കാനുള്ളതായി അറിയിപ്പ് നൽകുകയും തുടർന്ന് കുടിശ്ശിക അടവാക്കുകയും ചെയ്തിട്ടും കെട്ടിടങ്ങളെ "Demolished" വിഭാഗത്തിൽ ഉൾപ്പെടുത്തുകയോ ഡിമാന്റിൽ നിന്ന് ഒഴിവാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ പേര് | അപേക്ഷ സമർപ്പിച്ച തീയതി, ഫയൽ നമ്പർ | കുടിശ്ശിക അടവാക്കാൻ കത്തയച്ച തീയതി | കുടിശ്ശിക അടവാക്കിയ തീയതി |
|---|---|---|---|---|
| 30/136(1) | ബേബി | 03/12/2021, R1/10956/21 | 01/06/2022 | 04/07/2022 |
| 30/116 | കമലാക്ഷി | 10/12/2021, R1/11291/21 | 01/06/2022 | 12/07/2022 |

**ബി) നികുതി പൂർണമായും ഈടാക്കാതെ കെട്ടിടങ്ങളെ "Demolished" വിഭാഗത്തിൽ ഉൾപ്പെടുത്തി**

ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് ചെയ്ത നികുതി പൂർണമായും പിരിച്ചെടുക്കാതെ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ / തീയതി | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം ( $M^2$) | നികുതി ഒഴിവാക്കിയ കാലയളവ് | സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാന പ്രകാരം നികുതി ഒഴിവാക്കേണ്ട കാലയളവ് |
|---|---|---|---|---|---|---|
| R5/5509/21, 06/07/2021 | 2/208 | ഫാസില | പാർപ്പിടാവശ്യം | 12 | 2021 ഒന്നാം അർദ്ധവർഷം മുതൽ | 2021 രണ്ടാം അർദ്ധവർഷം മുതൽ |
| R14898/21, 16/06/21 | 26/152 | ജി.വിദ്യാധരൻ | പാർപ്പിടാവശ്യം | 100 | 2021 ഒന്നാം അർദ്ധവർഷം മുതൽ | 2021 രണ്ടാം അർദ്ധവർഷം മുതൽ |

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (64/25.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-10-5 സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം, ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ വരുന്ന ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. നഗരസഭ ലൈസൻസ് രജിസ്റ്റർ (25, 14, 15 വാർഡുകൾ മാത്രം) പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സഞ്ചയയിലെ ഉപയോഗ ക്രമവും ലൈസൻസ് അനുവദിച്ച ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്ന് കാണുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ലൈസൻസ് അപേക്ഷകൻ | സ്ഥാപനത്തിന്റെ പേര് | സഞ്ചയ ഉപയോഗ ക്രമം | വിസ്തീർണ്ണം ( $M^2$) |
|---|---|---|---|---|---|---|
| 1 | 25/40 | വിനോദ് | ഹാഷിം.എസ് | ഹാഷിം ബേക്കറി | പാർപ്പിടാവശ്യം | 140 |
| 2 | 25/96 | സത്യകുമാർ | വിജയൻ | കോറസ് ടൈലേഴ്സ് | പാർപ്പിടാവശ്യം | 273.6 |
| 3 | 25/195 | ഉമാദേവി | അൽ അമീൻ | ബട്ടൻസ് വർക്കല | പാർപ്പിടാവശ്യം | 9 |
| 4 | 25/198 | ത്യാഗരാജൻ | റോമി | ശിവഗിരി മെഡിക്കൽസ് | പാർപ്പിടാവശ്യം | 9 |
| 5 | 14/233 | വിജയൻ | ലീല | സ്റ്റോർ ഫുഡ് ഐറ്റംസ് | പാർപ്പിടാവശ്യം | 37 |

ലൈസൻസ് പുതുക്കുന്ന സമയത്ത് കെട്ടിട ഉപയോഗക്രമം പരിശോധിക്കാറില്ലായെന്നും സ്ഥലപരിശോധനയിൽ മേൽ കെട്ടിടങ്ങൾ കടമുറികളായിട്ടാണ് കാണുന്നതെന്നും ഗണം മാറ്റുന്നതിന് അടിയന്തിരമായി നോട്ടീസ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, ലൈസൻസ് പുതുക്കുന്ന വേളയിൽ ഉപയോഗക്രമം കൂടി പരിശോധിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പിന് (71/25.04.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യത്യാസം വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും നഗരസഭയിലെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പാർപ്പിടാവശ്യങ്ങൾക്കുള്ളതല്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-10-6 സ്വകാര്യ ആശുപത്രികൾക്ക് തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണയിക്കുന്നു.

1997ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, പ്രകാരം രജിസ്ട്രേഷൻ അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത് പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിലാണ്.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | വിസ്തീർണം ($M^2$) | കെട്ടിട ഉടമ | രജിസ്ട്രേഷൻ അപേക്ഷകൻ |
|---|---|---|---|---|
| 1 | 18/153 | 150 | ബേബി സുമം | ഡി. രാജേഷ് |
| 2 | 23/29 | 60.12 | റാംമോഹൻ | ഡോ. അനൂപ് ദാസ് |

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നഗരസഭ നിശ്ചയിച്ചിട്ടുള്ള വസ്തു നികുതി നിരക്ക് ച.മീറ്ററിന് 13/- രൂപയും ആശുപത്രികളുടേത് ച.മീറ്ററിന് 15/- രൂപയും ആണ്. പ്രസ്തുത സാഹചര്യത്തിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തു നികുതി ഈടാക്കുന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (90/27.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം പരിഹരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-10-7 ശിവഗിരി കൺവൻഷൻ സെന്റർ - 6376833/- രൂപ വസ്തു നികുതി കുടിശ്ശിക

നഗരസഭയുടെ അനുമതി ഇല്ലാതെ നിർമ്മിച്ച ശിവഗിരി കൺവെൻഷൻ സെന്റർ ( 15/152/3 UA1) 01/10/2018 മുതൽ ഉപയോഗിച്ച് തുടങ്ങിയതായാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണം നടത്തിയ മേൽ കെട്ടിടത്തിന്റെ വിസ്തീർണം 7823.73 ച.മീ ആണ്. മേൽ കെട്ടിടത്തിന്റെ നികുതി നിർണയം നടത്തി 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം വസ്തു നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയത് 13.02.2023 തീയതിയിൽ മാത്രമാണ്. 2018 രണ്ടാം അർദ്ധവർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ 6376833/- രൂപ നികുതി കുടിശ്ശിക അടവാക്കാനുണ്ട്. അനധികൃതമായി നിർമ്മിച്ച മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെയും ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെയും കാരണം വ്യക്തമാക്കുവാനും, നികുതി കുടിശ്ശിക ഈടാക്കുന്നതിനും, മേൽ അനധികൃത കെട്ടിടത്തിന്റെ നിർമ്മാണം ക്രമവൽക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ഓഡിറ്റ് അന്വേഷണക്കുറിപ്പ് (68/25.04.2023) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

നഗരസഭ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ എ.ജി ഓഡിറ്റ് ടീം 20/09/2022 – ൽ നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള മുനിസിപ്പാലിറ്റി നിയമം ചട്ടം 242 പ്രകാരം മേൽ കെട്ടിടത്തിന്റെ നികുതി നിർണയം നടത്തി ഡിമാന്റ് നോട്ടീസ് നൽകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും, വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-8 ശ്രീ നാരായണ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് - 6536381/- രൂപ വസ്തു നികുതി കുടിശ്ശിക

ശ്രീ നാരായണ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് പ്രവർത്തിക്കുന്ന അനധികൃത കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ /കെട്ടിട നമ്പർ | ഉപയോഗക്രമം | വിസ്തീർണ്ണം | അടിസ്ഥാന വസ്തു നികുതി | നികുതി നിലവിൽ വന്ന വർഷം | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 10/357/1UA1 | വിദ്യാഭ്യാസാവശ്യം | 2517.33 | 124608 | 2013-14 ഒന്നാം അർദ്ധവർഷം | 2013 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ | 1498419 |
| 2 | 10/357/1UA2 | അസംബ്ലി കെട്ടിടം | 1034.58 | 170706 | 2013-14 ഒന്നാം അർദ്ധവർഷം | 2013 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ | 2052751 |
| 3 | 10/357/1UA3 | ആഡിറ്റോറിയം | 1655 | 248250 | 2013-14 ഒന്നാം അർദ്ധവർഷം | 2013 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധ വർഷം വരെ | 2985211 |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തി 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം വസ്തു നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയത് 13.02.2023 തീയതിയിൽ മാത്രമാണ്. നാളിതുവരെ മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കാത്തതിന്റെയും ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിന്റെയും കാരണം വ്യക്തമാക്കുന്നതിനും, നികുതി കുടിശ്ശിക ഈടാക്കുന്നതിനും, മേൽ അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് അന്വേഷണക്കുറിപ്പ് (62/25.04.2023) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

നഗരസഭ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ എ.ജി ഓഡിറ്റ് ടീം 20/09/2022 –ൽ നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരള മുനിസിപ്പാലിറ്റി നിയമം ചട്ടം 242 പ്രകാരം മേൽ കെട്ടിടങ്ങളുടെ നികുതി നിർണയം നടത്തി ഡിമാന്റ് നോട്ടീസ് നൽകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും, വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10-9 അനധികൃത വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണയിക്കുന്നതിലെ അപാകത

നഗരസഭയിലെ അനധികൃത വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി വിവരങ്ങൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളെ ചതുരശ്ര മീറ്ററിന് 90/- രൂപ നിരക്കിൽ നികുതി നിർണയിക്കുന്നതിന് പകരം 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽപെടുത്തി ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നമ്പർ | വാർഡ് നമ്പർ / കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം ( $M^2$) |
|---|---|---|---|
| 1 | 28/23/ UA 13 | കബീർ ജലാലുദ്ദീൻ | 103 |
| 2 | 28/99/1-UA1 | രഞ്ജിത്ത് | 132.75 |
| 3 | 28/437/UA1 | എം.എ.നാസിമുദ്ദീൻ | 251.05 |
| 4 | 28/614/UA3 | സോമൻ | 489.6 |
| 5 | 28/615/UA10 | രാജേഷ് | 255.3 |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (86/27.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ, നഗരസഭയിലെ മുഴുവൻ വാർഡുകളും പരിശോധിച്ച് ഇത്തരത്തിൽ അപാകങ്ങൾ സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10-10 അനധികൃത റിസോർട്ടുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അനധികൃത റിസോർട്ടുകളിൽ നിന്നും വസ്തു നികുതി പ്രാബല്യത്തിൽ വന്ന വർഷം മുതൽ നാളിതുവരെ വസ്തു നികുതി അടവാക്കാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | | | | നികുതി | | |
|---|---|---|---|---|---|---|

| ക്രമ നം. | വാർഡ് നമ്പർ / കെട്ടിട നമ്പർ | വിസ്തീർണ്ണം ( $M^2$ ) | അടിസ്ഥാന വസ്തു നികുതി | നിലവിൽ വന്ന വർഷം | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 21/323/UA1 | 357 | 32130 | 2018 ഒന്നാം അർദ്ധ വർഷം | 2018 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ | 554245 |
| 2 | 21/323/UA2 | 455.7 | 41013 | 2018 ഒന്നാം അർദ്ധ വർഷം | 2018 ഒന്നാം അർദ്ധ വർഷം മുതൽ 2022 രണ്ടാം അർദ്ധവർഷം വരെ | 707475 |

മേൽ റിസോർട്ടുകളിൽ നിന്നും നാളിതുവരെ വസ്തു നികുതി ഈടാക്കാത്തതിന്റെ കാരണവും, കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (82/27.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ റിസോർട്ടുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 ഒറ്റത്തവണ കെട്ടിട നികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

സ.ഉ.(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഫയലുകളിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | വാർഡ് നമ്പർ / കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യത്തിൽ വന്ന അർദ്ധ വർഷം | ഉപയോഗക്രമം | പ്ലിന്ത് ഏര്യ ( $M^2$ ) |
|---|---|---|---|---|---|---|
| 1 | BA No.222/19-20 | 17/179(1)/ വർക്കല | സീമ | 2021 ഒന്നാം അർദ്ധവർഷം | പാർപ്പിടം | 170 |
| 2 | BA No.2/19-20 | 4/88/2/ വർക്കല | ഡാനി & അർച്ചന | 2021 ഒന്നാം അർദ്ധവർഷം | പാർപ്പിടം | 169.31 |
| 3 | BA No.17/19-20 | 6/273/1/ വർക്കല | രജിത | 2021 ഒന്നാം അർദ്ധവർഷം | പാർപ്പിടം | 128.24 |
| 4 | BA No. 30/18-19 | 33/337/2/ വർക്കല | സുജി എസ് നായർ | 2021 ഒന്നാം അർദ്ധവർഷം | പാർപ്പിടം | 162.47 |
| 5 | BA No.65/18-19 | 7/173/5/ വർക്കല | സജി.ആർ | 2021 ഒന്നാം അർദ്ധവർഷം | പാർപ്പിടം | 108.83 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (63/25.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളിൽ നിന്നും ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 നമ്പറിംഗ് - നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

ഫയൽ നമ്പർ - 222/19-20

ഉടമയുടെ പേര് - സീമ

വാർഡ് നമ്പർ - 17

കെട്ടിട നമ്പർ - 179/1

കെട്ടിട ഉടമ സമർപ്പിച്ച കെട്ടിടത്തിന്റെ പ്ലാനിൽ "Existing Building" ന്റെ വിസ്തീർണ്ണം 87.55 $M^2$ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 80 $M^2$ ആണ്. പുതിയ കെട്ടിടത്തിന് നമ്പർ നൽകുന്നതിന് മുൻപായി നിലവിലെ കെട്ടിടത്തിന്റെ ( 17/179) അധികമായി നിർമ്മിച്ച ഏര്യ ( 7.55 $M^2$) 158.55രൂപ അടവാക്കി ക്രമവൽക്കരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം നിലവിലും 80 $M^2$ തന്നെയാണ്. സഞ്ചയയിൽ പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ മാറ്റം വരുത്തി നികുതി പുനർനിർണയിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 65/25.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലേലകുടിശ്ശികയിനത്തിൽ 18 ലക്ഷം രൂപ

ലേല വരവുകളുടെ DCB രജിസ്റ്റർ, ലേല ഫയൽ എന്നിവയുടെ പരിശോധനയിൽ 2021-22 വർഷം ലേല കുടിശ്ശികയായി 18,42,257 രൂപ നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| I | മൈതാനം കംഫർട്ട് സ്റ്റേഷൻ | 120000 | 40000 | 80000 |
| Ii | പാപനാശം പാർക്കിംഗ് | 755000 | 251668 | 503332 |
| Iii | മൈതാനം പാർക്കിംഗ് | 66000 | 22000 | 44000 |
| Iv | പരസ്യ ബോർഡ് ഫീസ് | 300000 | 139224 | 160776 |
| V | സ്ലാട്ടർ ഹൌസ് | 310500 | 71186 | 239314 |
| Vi | മുനിസിപ്പൽ ബസ് സ്റ്റാന്റ് | 242000 | 7845 | 234155 |
| Vii | പുന്നമൂട് മാർക്കറ്റ് | 1513000 | 937320 | 575680 |
| Viii | വാവുകട മാർക്കറ്റ് | 35000 | 30000 | 5000 |
| | **ആകെ** | **3341500** | **1499243** | **1842257** |

പ്രസ്തുത കുടിശ്ശിക തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെയും കോവിഡുമായി ബന്ധപ്പെട്ട് ഇളവുകൾ നൽകിയതിന്റെയും ലേലക്കാരുമായി കരാർ വച്ചതിന്റെയും അവരിൽ നിന്ന് സോൾവൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 44/19.04.2023) മറുപടി ലഭ്യമാക്കിയില്ല.

ലേല കുടിശ്ശിക ഈടാക്കി, വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

സർക്കുലർ നം.19577/എൽ 2/97/തസ്വഭവ തീയതി 24.10.1997 പ്രകാരം റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭ പരിധിയിലെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 31/17.04.2023) മറുപടിയായി നഗരസഭാപരിധിയിലെ 9 റേഷൻകടകൾ 2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയിട്ടില്ലായെന്നും ആയത് ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 കേരള മുനിസിപ്പൽ ആക്റ്റ്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭാ പരിധിയിലുള്ള അഭിഭാഷകർക്ക് നോട്ടീസ് നൽകി 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 32/17.04.2023) മറുപടിയായി തൊഴിൽ നികുതി ഒടുക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് അറിയിച്ചുകൊണ്ട് ബാർ അസോസിയേഷൻ പ്രസിഡന്റിന് കത്ത് നൽകി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷം നഗരസഭയിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | മേൽ വിലാസം |
|---|---|---|
| 1 | ഷിറാസ് എ നഹാസ് | ബിസ്മില്ല, കുളമുട്ടം പി.ഒ, വർക്കല |
| 2 | ഗിനീഷ് ആർ.എസ് | ലക്ഷ്മി വിലാസം, അവനകുഴി, താന്നിമൂട് പി.ഒ |
| 3 | കവിത സെൻ | ശ്രീലങ്കപുരി, ചെറുന്നിയൂർ പി.ഒ, വർക്കല |
| 4 | അനന്തകൃഷ്ണദീപ് | തൃപ്തി, പാളയംകുന്ന് പി.ഒ, വർക്കല |
| 5 | രാധാകൃഷ്ണൻ | ശ്രീരാഗം, പാളയംകുന്ന് പി.ഒ, വർക്കല |
| 6 | ആർ.സി.ബിജു | ആർ.സി.ഭവൻ, മൂലകോണം, കുവളശ്ശേരി പി.ഒ |
| 7 | ശശികുമാർ.വി | മൂഴിവിളാകത്ത് വീട്, തച്ചാംകോണം, ആലംകോട് |
| 8 | സുമിൻ എം.എസ് | എം.എസ് ഭവൻ, കരവാരം പി.ഒ, തോട്ടയ്ക്കാട് |
| 9 | രതീഷ് കുമാർ.വി | ഇലവങ്കം പുത്തൻവീട്, കണ്ണറവിള പി.ഒ, നെല്ലിമൂട് |
| 10 | ജയൻ.വി | കുമ്പങ്ങാട്, പനയറ പി.ഒ, വർക്കല |
| 11 | സജുകുമാർ.എൻ | ലീല കോട്ടേജ്, പുന്നകുന്ന്, ഇടവാൽ, ഒറ്റശേഖരമംഗലം |
| 12 | പി.ആർ മോഹൻകുമാർ | കൗസ്തുഭം, TRA-1, അരുവിക്കര പി.ഒ |
| 13 | മുരളീധരൻ കെ | എം.എം നിവാസ്, വക്കം, കടയ്ക്കാവൂർ |
| 14 | ശരത് ബി എസ് | പൗർണമി, വെള്ളാപള്ളി, നരുവാമൂട് |
| 15 | നൗഷാദ് ഇ | ദാരുൽ തൗഷീദ്, പെരുംപുറം, കരിങ്ങന്നൂർ |

മേൽ കരാറുകാരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/17.04.2023) മറുപടിയായി ക്രമ നം. 3, 4, 5, 6, 9, 10, 11, 12 പ്രകാരമുള്ള കരാറുകാർ തൊഴിൽ നികുതി അടവാക്കിയതായും ക്രമ നം. 1, 2, 7, 8, 13, 14, 15 പ്രകാരമുള്ള കരാറുകാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി - വിവിധ അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

2021-22 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാ എന്നു കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ഐ.ഒ.ബി വർക്കല | ഒന്നാം അർദ്ധവർഷം |
| 2 | കാനറ ബാങ്ക് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 3 | സൺ റൈസ് റിസോർട്ട് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 4 | വഞ്ചിനാട് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് വർക്കല II | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, നടയറ | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 7 | ആക്സിസ് ബാങ്ക് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 8 | ഐ.സി.ഐ.സി.ഐ ബാങ്ക് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| | | |

| | | |
|---|---|---|
| 9 | യൂക്കോ ബാങ്ക്, വർക്കല | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

**ബി) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ത്രിവേണി സൂപ്പർമാർക്കറ്റ് | രണ്ടാം അർദ്ധവർഷം |
| 2 | കേരള സ്റ്റേറ്റ് കോ- ഓപ്പറേറ്റീവ് ബാങ്ക് (പ്രഭാത, സായാഹ്ന ശാഖ) | രണ്ടാം അർദ്ധവർഷം |
| 3 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 4 | വിസ്മയ ഫാഷൻസ് | രണ്ടാം അർദ്ധവർഷം |
| 5 | ആക്സിസ് ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 6 | സുബ്ഹാന ബേക്കറി | രണ്ടാം അർദ്ധവർഷം |
| 7 | സിയോൺ സീവ്യൂ റിസോർട്ട് | രണ്ടാം അർദ്ധവർഷം |
| 8 | സോൾ ആന്റ് സർഫ് റിസോർട്ട് | രണ്ടാം അർദ്ധവർഷം |
| 9 | സുഗത മാർജിൻ ഫ്രീ മാർക്കറ്റ് | രണ്ടാം അർദ്ധവർഷം |
| 10 | കൃഷ്ണ തീർത്ഥം ബീച്ച് റിസോർട്ട് | രണ്ടാം അർദ്ധവർഷം |

**സി) ഡി സി ബി പത്രിക തയ്യാറാക്കിയിട്ടില്ല**

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായുള്ള കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

**ഡി) അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15 ഷെഡ്യൂൾ) തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ കുടിശ്ശികയിനത്തിൽ 583225/- രൂപ പിരിക്കാൻ ബാക്കിയുണ്ടെങ്കിലും ആയത് സംബന്ധിച്ചുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (30/17.04.2023) സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് കുടിശ്ശിക അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകുകയും ആയത് അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബി, സി, ഡി എന്നിവയിൽ സൂചിപ്പിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തേണ്ടതും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും നഗരസഭയുടെ തനത് വരുമാനത്തിന് ചോർച്ച സംഭവിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-18 രസീത് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ, ചട്ടം 74 പ്രകാരം നഗരസഭയിൽ ലഭിക്കുന്ന രസീത് ബുക്കുകൾ ചട്ടം 73 പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആവശ്യാനുസരണം ജീവനക്കാർക്ക് വിതരണം ചെയ്യേണ്ടതുമാണ്. നഗരസഭയിലെ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്കുകളുടെ നീക്കിയിരിപ്പ് വിവരം രേഖപ്പെടുത്തുന്നില്ല. രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷത്തിൽ ഒരേ നമ്പരുകളിലെ വ്യത്യസ്ത രസീത് ബുക്കുകൾ വിതരണം ചെയ്തിട്ടുണ്ട്.

| രസീത് ബുക്ക് നം. | രസീത് നം. | അനുവദിച്ച തീയതികൾ |
|---|---|---|
| 89 | 8800-8900 | 27.10.2021, 25.03.2022 |
| 90 | 8901-9000 | 1.11.2021, 25.03.2022 |
| | | |

| | | |
|---|---|---|
| 91 | 9000-9100 | 8.11.2021, 30.03.2022 |
| 92 | 9100-9200 | 10.11.2021, 31.03.2022 |

ഒരേ നമ്പരിലുള്ള രസീത് ബുക്കുകൾ പ്രിന്റ് ചെയ്യാനുണ്ടായ സാഹചര്യവും, ഇത്തരത്തിൽ പ്രിന്റ് ചെയ്ത രസീത് ബുക്കുകൾ ഒരേ സാമ്പത്തിക വർഷത്തിൽ അനുവദിച്ചതിന്റെ കാരണവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 94/28.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്കുകളിൽ നീക്കിയിരിപ്പുള്ളവയുടെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- വിവിധ അപാകങ്ങൾ

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. 2021-22 വർഷത്തിൽ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

**1) സ്ഥാപന വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല**

നഗരസഭയിലെ ഓരോ വാർഡിലെയും കെട്ടിട നമ്പർ ഉൾപ്പെടയുള്ള സ്ഥാപനങ്ങളുടെ വിവരം സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. ഓരോ സാമ്പത്തിക വർഷത്തിലും ലൈസൻസ് പുതുക്കുന്ന സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ വർഷം തിരിച്ചുള്ള വിവരം സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. ഉദാഹരണമായി ലൈസൻസ് സോഫ്റ്റ്‌വെയറിലെ ലൈസൻസ് പെന്റിംഗ് റിപ്പോർട്ടിലെ ആദ്യ 8 വാർഡുകൾ പരിശോധിച്ചതിൽ 18 സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാത്ത സാമ്പത്തിക വർഷം തിരിച്ചുള്ള വിവരം പ്രസ്തുത റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.

**2) സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല**

സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ 2021-22 വർഷത്തിന് മുമ്പുള്ള വിവിധ സാമ്പത്തിക വർഷങ്ങളിൽ ലൈസൻസ് ലഭ്യമാക്കുന്നതിന് ലഭിച്ച അപേക്ഷകൾ പെന്റിംഗ് ആയി കാണപ്പെടുന്നു. ലൈസൻസിനായി അപേക്ഷ ഫീസ് ഒടുക്കിയ 97 സ്ഥാപനങ്ങളും ഫീസ് ഒടുക്കാത്ത 102 സ്ഥാപനങ്ങളും ഇപ്രകാരം ഇൻബോക്സിൽ ലൈസൻസ് പെന്റിംഗ് ലിസ്റ്റിൽ കാണപ്പെടുന്നുണ്ട്.

**3) അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല**

സഞ്ചയ ലൈസൻസ് സോഫ്റ്റ് വെയറിൽ 2021-22 വർഷത്തെ ലൈസൻസ് അപേക്ഷ സ്റ്റാറ്റസ് പരിശോധിച്ചതിൽ 33 അപേക്ഷകൾ നിലവിൽ പ്രോസസിംഗിലാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Circle/Division | Under Processing | Approved | Rejected | Licence Cancelled | Total | E-File | | | | Grand Total |
|---|---|---|---|---|---|---|---|---|---|---|
| | | | | | | Started | Submitted | Returned | E-File Total | |
| Main Office | 33 | 1223 | 1 | 134 | **1391** | 119 | 4 | 64 | **187** | **1578** |
| **Total** | **33** | **1223** | **1** | **134** | **1391** | **119** | **4** | **64** | **187** | **1578** |

4) 2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള പട്ടിക III ലെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ചുവടെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീ കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| വാർഡ്/ കെട്ടിട നമ്പർ | പേര് | വ്യാപാരസ്ഥാപനം | അപേക്ഷപ്രകാരമുള്ള മൂലധനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 25/329 | ജോഷി ബിജു | റോസ് പെറ്റൽസ് (ബ്യൂട്ടിപാർലർ) | 2500000/- സേവന മേഖല | 1000 | 500 | 500 |

സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയറിൽ ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കുന്നതിന് ഐ.കെ.എം ന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അറിയിച്ചിട്ടുണ്ട് (എൻക്വയറി നം.72/25.04.2023). നഗരസഭയിൽ 2017-18 വർഷം മുതൽ നടപ്പാക്കിയ ലൈസൻസ് സോഫ്റ്റ്‌വെയറർ ഉപയോഗിക്കുന്നതിലെ ജീവനക്കാരുടെ പരിചയക്കുറവ് മൂലമാണ് വിവിധ അപേക്ഷകൾ പ്രോസസിംഗ് പെന്റിംഗ് ആയി കാണപ്പെട്ടതെന്നും ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയതിലെ അപാകങ്ങൾ പരിഹിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകങ്ങൾ പരിഹിരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 പാപനാശം പ്രദേശത്ത് ലൈസൻസില്ലാതെ വിവിധ റിസോർട്ടുകൾ പ്രവർത്തിക്കുന്നു

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. 2021-22 വർഷത്തിൽ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് സഞ്ചയ വസ്തു നികുതി സോഫ്റ്റ്‌വെയർ, സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ, വിവിധ റിസോർട്ടുകൾക്ക് 2021-22 വർഷത്തിൽ ലൈസൻസ് നൽകിയിട്ടില്ല. ഉദാഹരണമായി 28 -ാം വാർഡിലെ (പാപനാശം വാർഡ്) താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾക്ക് 2021-22 വർഷത്തിൽ ലൈസൻസ് നൽകിയിട്ടില്ല.

| Sl.No. | Building ID | Door No. | Owner Name | Owner Address |
|---|---|---|---|---|
| 1 | 30172010009467 | 28/455/ | C.S.Sujathan | T.C.5/1700.Akhil Jyothy |
| 2 | 30172010009475 | 28/456/ | C.S.Sujathan | T.C.5/1700.Akhil Jyothy |
| 3 | 30172010009478 | 28/457/ | C.S.Sujathan | T.C.5/1700.Akhil Jyothy |
| 4 | 30172010009481 | 28/458/ | C.S.Sujathan | T.C.5/1700.Akhil Jyothy |
| 5 | 30172010009300 | 28/470/ | Manjulal | Kshethra, Kshethra Street |
| 6 | 30172010009302 | 28/471/ | Manjulal | Kshethra, Kshethra Street |
| 7 | 30172010008880 | 28/486/ | Rajendran | |
| 8 | 30172010009383 | 28/491/ | Thariq Ahammed Thulla, Arshad Ahammed | Mami Water Building |
| 9 | 30172010003522 | 28/549/ | Baiju, Pushpitha | |
| 10 | 30172010009276 | 28/587/ | S.Sivasailan | Thenguvila Veedu |
| 11 | 30172010018568 | 28/590/1 | M. Salim | Zenith Kottage |
| 12 | 30172010005315 | 28/638/ | K.G.VijayaKumar | Kuzhithadam |
| 13 | 30172010005318 | 28/639/ | | |
| 14 | 30172010005321 | 28/640/ | | |
| 15 | 30172010005324 | 28/641/ | | |
| 16 | 30172010005329 | 28/642/ | | |
| 17 | 30172010005331 | 28/643/ | | |
| 18 | 30172010005335 | 28/644/ | | |
| 19 | 30172010005338 | 28/645/ | | |

വിവിധ റിസോർട്ടുകൾക്ക് ലൈസൻസ് പുതുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വസ്തു നികുതി കുടിശ്ശികയുള്ള റിസോർട്ടുകളുടെ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ നിലവിൽ വിവിധ റിസോർട്ടുകൾ പ്രവർത്തിക്കുന്നില്ല എന്നും ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 79/26.04.2023) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ വിവിധ റിസോർട്ടുകൾ പ്രവർത്തിക്കാത്തത് സംബന്ധിച്ച് ഫീൽഡ്തല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടില്ല. ആയതിനാൽ നിലവിൽ പ്രവർത്തിക്കാത്ത റിസോർട്ടുകൾ പ്രസ്തുത കാലയളവിൽ പ്രവർത്തിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. വിദേശ സഞ്ചാരികൾ ഉൾപ്പെടെ എത്തുന്ന വിനോദ സഞ്ചാര കേന്ദ്രമായ പാപനാശം പ്രദേശത്ത് ലൈസൻസ് കൂടാതെ റിസോർട്ടുകൾ പ്രവർത്തിക്കാൻ അനുവദിക്കുന്നത് നഗരസഭയുടെ ഭാഗത്തെ ഗുരുതരമായ വീഴ്ചയാണ്. ലൈസൻസ്

കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് തുക കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ- അപാകങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 313, 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. 2021-22 വർഷത്തെ പാരാമെഡിക്കൽ രജിസ്ട്രേഷൻ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) ആശുപത്രി-പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അപേക്ഷകൾ ഹാജരാക്കിയില്ല**

സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ രജിസ്റ്ററിൽ 2020-21, 2021-22 വർഷം രജിസ്ട്രേഷൻ നൽകിയ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 2021-22 വർഷം 39 സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ 19 സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകൾ മാത്രമാണ് പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ, അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തിൽ 41 സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ അനുവദിച്ചിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളുടെ പേര് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താതിനാൽ രജിസ്ട്രേഷൻ പുതുക്കാത്ത സ്ഥാപനങ്ങളുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**2) സഞ്ചയ പ്രകാരം ആശുപത്രി വിഭാഗത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങളിൽ രജിസ്ട്രേഷൻ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആശുപത്രി വിഭാഗത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ 2021-22 വർഷം രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | വിലാസം |
|---|---|---|---|
| 1 | 14/68 | Dr. Padmarajan, Geetha | Surgery Clinic And Speciality Hospital |
| 2 | 14/215 | Dr. K. B. Padmarajan, S. Geetha | Surgery Clinic And Speciality Hospital |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.78/26.04.2023 ന് ലഭിച്ച മറുപടിയിൽ രജിസ്ട്രേഷൻ പുതുക്കാത്ത മേൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. കൂടാതെ 14/215 കെട്ടിടത്തിൽ ആശുപത്രി ക്യാന്റീൻ പ്രവർത്തിക്കുന്നതായാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ വാണിജ്യ ആവശ്യത്തിനുള്ള ഉപയോഗക്രമത്തിലുൾപ്പെടുത്തി നാളിതുവരെ നികുതി നിർണയം നടത്തിയിട്ടില്ല. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നതിനും ആയത് തടയുന്നതിനുള്ള സംവിധാനമൊരുക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, ആശുപത്രി ക്യാന്റീനിന്റെ നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 507, 1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ നഗരസഭ പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം 3(3) പ്രകാരം നഗരസഭ ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ, ചട്ടം 5(1) പ്രകാരം അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര്/വിലാസം |
|---|---|---|
| 1 | ഡി-സോൺസ് കംപ്യൂട്ടേഴ്സ് | നസിം, എസ്.വില്ല, ചിലക്കൂർ |
| 2 | ബി.എസ്.എസ്.ഐ.റ്റി.കോളേജ് | ഷൈൻകുമാർ, ഗംഗാലയം, ആറ്റിങ്ങൽ |
| 3 | ഓക്സ്ഫോർഡ് കംപ്യൂട്ടേഴ്സ് | രഹന, ജന്നത്ത്, നരിക്കല്ല് |
| 4 | ജി.ടെക് എജ്യൂക്കേഷൻ | ലക്ഷ്മി റ്റി.ജി, രേവതി, വർക്കല |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.78/26.04.2023 ന് ലഭിച്ച മറുപടിയിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിലാണെന്നും ആയത് ക്രമവത്കരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയുടെ വീഴ്ചയാണ്. ഇത്തരത്തിലുള്ള ചട്ട ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുള്ള സംവിധാനമൊരുക്കുന്നതിനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ബങ്കുകളിൽ നിന്നും ഷോപ്പുകളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

I)നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന ബങ്കുകളിൽ നിന്നും ഷോപ്പുകളിൽ നിന്നും 2021-22 വർഷത്തെ വാടക പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നം. | ബങ്ക് നം. | പേര്, വിലാസം | കാലയളവ് | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | 9 | അനിതകുമാരി, തകിടിവിള വീട് | 03/2022 | 578 |
| 2 | 28 | ശ്യാമള , കക്കളത്ത് കുന്നിൽ വീട് | 10/21 മുതൽ 03/22 വരെ | 615 |
| 3 | 39 | ഉദയൻ, ചെറുവിള വീട് | 03/2022 | 246 |
| 4 | 52 | സൈഫുന്നിസ, അൻസിയ മൻസിൽ | 01/22 മുതൽ 03/22 വരെ | 2364 |
| 5 | ഷോപ്പ് നം.M16 | സുനിൽ ജസിഹട്ട് | 01/22 മുതൽ 03/22 വരെ | 3297 |

II)നഗരസഭ കൗൺസിലിന്റെ 25/07/2018 ലെ 19-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ വിവിധ കാരണങ്ങളാൽ പൂട്ടിയെടുത്തതും ഉപയോഗ ശൂന്യവുമായിരുന്ന ബങ്കുകൾ സ്വന്തം ചെലവിൽ റിപ്പയർ ചെയ്ത് എടുക്കണമെന്ന വ്യവസ്ഥയോടുകൂടി 05.11.2018 ൽ ലേലം ചെയ്ത താഴെപ്പറയുന്ന ബങ്കുകളിൽ നിന്നും 2021-22 വർഷം വാടക ഡിമാന്റ് ചെയ്യുകയോ തുക ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ഷോപ്പ് | പേര്, വിലാസം |
|---|---|---|
| 1 | ബങ്ക് നം.14 | ബിന്ദു, കോട്ടയത്ത് വീട്, ശിവഗിരി |
| 2 | ബങ്ക് നം.19 | സോജകുമാർ, പുത്തൻവിള വീട്, മുണ്ടയിൽ |
| 3 | ബങ്ക് നം.30 | അനിൽ കുമാർ, ശ്രീ വർഷ, മുണ്ടയിൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.46/19.04.2023) മറുപടിയിൽ ക്രമ നമ്പർ(I) പ്രകാരം വാടക കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കി വിവരം അറിയിക്കുമെന്നും ബസ് സ്റ്റാന്റിൽ പൊതുജനങ്ങൾ എത്താത്തതിനാൽ ബസ് സ്റ്റാന്റിന് സമീപം സ്ഥിതി ചെയ്തിരുന്ന ക്രമ നമ്പർ(II) പ്രകാരമുള്ള ബങ്കുകൾ ഏറ്റെടുത്ത ലേലക്കാർ അവ തുറന്ന് പ്രവർത്തിപ്പിക്കുകയോ ബങ്കുകളിൽ ഉപയോഗ ശൂന്യമായവ റിപ്പയർ ചെയ്ത് എടുക്കുകയോ ചെയ്തിട്ടില്ലായെന്നും ആയതിനാൽ വാടക തുക ഈടാക്കിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. ലേലക്കാർ ബങ്കുകളുടെ വാടക ഒടുക്കാത്ത സാഹചര്യത്തിൽ നഗരസഭ ലേലം റദ്ദ് ചെയ്യുകയോ പുനർലേലം നടത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ബങ്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നഗരസഭ യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയതിനാൽ മേൽ മറുപടി പരിഗണനാർഹമല്ല. 2021-22 വർഷത്തെ വാടക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ബങ്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 437 പ്രകാരം നഗരസഭയിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായ്ക്കളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നഗരസഭ പരിധിയിൽ 1000 വളർത്തുനായകൾ ഉള്ളതായും 900 വളർത്തുനായകൾക്ക് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 21 നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 49/19.04.2023ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വളർത്ത് നായ്ക്കൾക്ക് വാക്സിനേഷൻ നൽകുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും നഗരസഭയുടെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-25 നിരോധിത പ്ലാസ്റ്റിക് ഉപയോഗം - പരിശോധനകൾ കാര്യക്ഷമമായി നടപ്പാക്കേണ്ടതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 334 എ, ബി എന്നിവ പ്രകാരവും 567-ാം വകുപ്പിന്റെ 29, 33, 34 എന്നീ ഉപവകുപ്പുകൾ പ്രകാരവും 2016-ലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ ചട്ടങ്ങളലെ 6(4),8(3),15 എന്നീ ചട്ടങ്ങൾ പ്രകാരവും നഗരസഭയിൽ ബൈലോ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തിൽ പുതുക്കിയ ബൈലോ തയ്യാറാക്കി

നഗരസഭ അംഗീകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ബൈലോകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നഗരസഭ പരിധിയിൽ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടോയെന്ന് 2021-22 വർഷത്തിൽ പരിശോധന നടത്തിയിട്ടില്ല എന്ന് കാണുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (55/20.04.2023) ലഭിച്ച മറുപടിയിൽ കോവിഡ് കാലയളവിൽ വിവിധ സ്ഥാപനങ്ങൾ അടഞ്ഞു കിടന്നതിനാൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ പ്ലാസ്റ്റിക് ഉപയോഗം സംബന്ധിച്ച് പരിശോധന നടത്തി വരുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് നഗരസഭയുടെ ഭാഗത്തു നിന്നുള്ള പരിശോധനകൾ കാര്യക്ഷമമായി നടത്തേണ്ടതാണ്.

## 1-26 ടെക്സ്റ്റയിൽസ് പാർക്കിംഗ് ഏരിയയിൽ അനധികൃത നിർമ്മാണം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| **ഫയൽ നമ്പർ** | PW2-H3-15696/16 |
| **സ്ഥാപനം** | മനാഫ് ടെക്സ്റ്റയിൽസ് |
| **കെട്ടിട നമ്പർ** | 25/369, 370, 371 |
| **ഉപയോഗക്രമം** | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| **വിസ്തീർണം** | 311.3+191+212.7 $M^2$ |

നഗരസഭയിലെ 25-ാം വാർഡിൽ പ്രവർത്തിക്കുന്ന മനാഫ് ടെക്സ്റ്റൈൽസ് എന്ന സ്ഥാപനത്തിന്റെ പാർക്കിംഗ് ഏരിയ ഉൾപ്പടെ (Cellar Floor Area 163.8 ച.മീറ്റർ) കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ഭാഗം നിലവിൽ ഗോഡൗണായി ഉപയോഗിക്കുന്നതായി നഗരസഭയുടെ എഞ്ചിനീയറിഗ് വിഭാഗത്തിന്റെ സ്ഥലപരിശോധന റിപ്പോർട്ടിൽ (PW2-H3-15696/16) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത അനധികൃത നിർമ്മാണത്തിനെതിരെ നഗരസഭ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിട ഭാഗങ്ങൾക്ക്, കേരള മുനിസിപ്പാലിറ്റി ആക്ട്, 242-ാം വകുപ്പ് പ്രകാരം അവയ്ക്കു വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കാവുന്നതും അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്ന കാലയളവ് വരെ നികുതി ഈടാക്കാവുന്നതുമാണ്. എന്നാൽ പ്രസ്തുത നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 81/26.04.2023) മറുപടിയിൽ കൂടുതൽ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണ ഭാഗത്തിന് നികുതി ചുമത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 പാപനാശം കുന്ന് ഇടിഞ്ഞ് അപകടാവസ്ഥ - അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പൊളിച്ചു നീക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

വർക്കല നഗരസഭ തീരദേശ നിയന്ത്രിത മേഖലയിൽ , പാപനാശം ഹെലിപ്പാടിന് സമീപം തിരുവമ്പാടി നടപ്പാതയിൽ കുന്ന് ഇടിഞ്ഞ് അപകടാവസ്ഥ നിലനിൽക്കുന്നുവെന്ന മുനിസിപ്പൽ എഞ്ചിനീയറുടെ 06.07.2022 ലെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്രദേശത്ത് തീരദേശ നിയമം ലംഘിച്ച് നടത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള സ്ഥാപന ഉടമകളോട് പ്രസ്തുത നിർമ്മാണങ്ങൾ പൊളിച്ചു നീക്കുന്നതിനും ജീവനക്കാരെയും വിദേശികളെയും അപകട സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിനും നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ട്.(06.07.2022 ലെ പി.ഡബ്ല്യൂ2/7262/22 -ാം നമ്പർ നോട്ടീസ്)

1. രമേഷ്, കന്നട ഷോപ്പ്
2. ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ നിയർ ഹെലിപാഡ്
3. നാദിർഷ, കഫേ ഡെൽമാക്സ്
4. അബ്ബാ റസ്റ്റോറന്റ് & എവറസ്റ്റ് ജർമൻ ബാൽകണി
5. Veltil, Textile Shop
6. Shyju, M/S San Fransisco
7. Javeel Ahamed(Udayakumar) Art Of India
8. Biju, Adit Store, Near Helipad
9. Jewel Craft, Near Helipad

10. Madhusoodhanan & Kishore, Textile Shop

11. Bharat Tours & Travels

**അപാകങ്ങൾ ചുവടെ ചേർക്കുന്നു.**

1)നഗരസഭ സെക്രട്ടറിയുടെ 06.07.2022 ലെ പി.ഡബ്ല്യു2/7262/22 -ാം നമ്പർ നോട്ടീസ് പ്രകാരം അപകടാസ്ഥ നിലനിൽക്കുന്ന പ്രദേശത്തെ അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കുന്നതിനും ജീവനക്കാരെയും വിദേശികളെയും അപകട സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിനും പ്രസ്തുത വിവരം 15 ദിവസത്തിനകം രേഖാമൂലം നഗരസഭ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ ഫയലിൽ വ്യക്തമാക്കിയിട്ടില്ല. കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് നീക്കിയതായി രേഖപ്പെടുത്തിയിട്ടില്ല(Demolished Building List-ൽ ഉൾപ്പെട്ടിട്ടില്ല)

2)തിരുവമ്പാടി നടപ്പാതയിൽ കുന്ന് ഇടിഞ്ഞ് പ്രദേശത്തെ അപകടം ഒഴിവാക്കുന്നതിനായി നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരവും പ്രദേശത്തെ അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളുടെ വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (88/27.04.2023)ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. പാപനാശം ക്ലിഫ്, തിരുവമ്പാടി പ്രദേശത്തെ അനധികൃത നിർമ്മാണം പൊളിച്ച് മാറ്റിയതിന്റെയും നടപ്പാതയിൽ കുന്ന് ഇടിഞ്ഞ് പ്രദേശത്തെ അപകടം ഒഴിവാക്കുന്നതിനായി നഗരസഭ സ്വീകരിച്ച നടപടികളുടെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 റെയിൽവേസ്റ്റേഷന് സമീപത്തെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| ഫയൽ നമ്പർ | PW2/BANo.194/2020-21 , Pw2-9074/20 |
| കെട്ടിട ഉടമ | ശ്രീ സൈഫുദ്ദീൻ, സൈന , കുമാരപുരം |
| സർവ്വേ നമ്പർ | 118/34 |
| ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ |
| വിസ്തീർണം | അളന്നു തിട്ടപ്പെടുത്തിയിട്ടില്ല. |

വർക്കല വില്ലേജിൽ റിസർവ്വെ നമ്പർ 34-ൽ ഉൾപ്പെട്ട 10.54 ആർ വസ്തുവിൽ കൊമേഴ്സ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി ശ്രീ. സൈഫുദ്ദീൻ, സൈന, കുമാരപുരം, തിരുവനന്തപുരം എന്ന വ്യക്തി 06-07-2017 ൽ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. സ്ഥലപരിശോധനയിൽ പ്രസ്തുത വസ്തു റെയിൽവേ ബൗണ്ടറിയിൽ നിന്ന് 30 മീറ്റർ ഉള്ളിലായതിനാൽ റെയിൽവേയിൽ നിന്നും എൻ.ഒ.സി ലഭിക്കുന്നതിനായി പ്ലാനുകൾ ഉൾപ്പെടെ 15-11-2017 തീയതിയിലെ പി.ഡബ്ല്യു-ബി.എ/195/17-18 നമ്പർ പ്രകാരം റെയിൽവേയ്ക്ക് അയച്ചുനൽകിയിരുന്നു. വർക്കല റെയിൽവേ സ്റ്റേഷന് സമീപത്തായുള്ള പ്രസ്തുത നിർമ്മാണ സ്ഥലത്ത് 30 മീറ്റർ Land Width ആവശ്യമാണെന്നും എന്നാൽ, നിലവിൽ 23.18 മീറ്റർ Land Width മാത്രമേ സ്ഥലത്ത് ലഭ്യമായിട്ടുള്ളൂ എന്നും കെട്ടിടം നിർമ്മിച്ചാൽ വർക്കല റെയിൽവേ സ്റ്റേഷന്റെ വികസനത്തെ ബാധിക്കുമെന്നതിനാൽ എൻ.ഒ.സി നൽകാൻ കഴിയില്ല എന്ന വിവരം റെയിൽവേ ഡിവിഷണൽ മാനേജർ 13-02-2019 ലെ കത്ത് മുഖേന നഗരസഭയെ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കെട്ടിട നിർമ്മാണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുവാൻ കഴിയില്ലെന്ന് 27-02-2019 ൽ നഗരസഭ അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. 09.06.2021 തീയതിയിൽ നഗരസഭയിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭ ഹെൽത്ത് വിഭാഗത്തിൽ നിന്നും സ്ഥലപരിശോധന നടത്തിയതിൽ പ്രസ്തുത സ്ഥലത്ത് അനധികൃത നിർമ്മാണം നടത്തി ലൈസൻസ് കൂടാതെ കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ടു ചെയ്യുകയും താഴെപ്പറയുന്ന കച്ചവടസ്ഥാപനങ്ങൾക്ക് നഗരസഭയിൽ നിന്നും നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

1) ശ്രീ. സുക. ശ്രീമന്ദിരം, ചാവർകോട്, തിരുവനന്തപുരം, (എ എസ് അക്വോറിയം)

2) ശ്രീമതി വിജയകുമാരി, ഈഞ്ചയിൽ വീട്, ചെറുകുന്നം, വർക്കല, (ജനസേവന കേന്ദ്രം)

3) ശ്രീ. ഷിജു. പാലവിള വീട്, പുല്ലാന്നികോട്, വർക്കല, (വൃന്ദാവൻ ഗാർഡൻ )

4) ശ്രീ. രാജീവ്, ജെ. നന്ദനം, ഇടവ, വർക്കല, (റോയൽ വർക്ക്ഷോപ്പ് )

5) ശ്രീ.വിജയൻ. സി, പുതുവൽ വീട്, നിയർ റെയിൽവേ സ്റ്റേഷൻ, ജവഹർ പാർക്ക്, വർക്കല

6) ശ്രീ. സുരേഷ് ബാബു, മണമ്പൂർ, വർക്കല, (എസ് കെ ടയർ വർക്ക്സ് )

**അപാകങ്ങൾ ചുവടെ ചേർക്കുന്നു.**

1) മേൽ സ്ഥലത്ത് അനധികൃത കച്ചവടം നടക്കുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് 09.06.2021 ൽ നഗരസഭ ആരോഗ്യ വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. നഗരസഭ കാര്യാലയത്തിന് സമീപത്തായി

സ്ഥിതിചെയ്യുന്ന പ്രസ്തുത സ്ഥലത്ത് അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ വേളയിൽ ആയത് തടയുന്നതിനായി നഗരസഭയിൽ നിന്നും നടപടികൾ സ്വീകരിച്ചതിന്റെ രേഖകളോ വിശദാംശങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ, ജനസേവന കേന്ദ്രം ഉൾപ്പെടെ വിവിധ വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിച്ചതിനെതിരെ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുമില്ല.

ll) 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 242-ാം വകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയയ്ക്കേണ്ടതുമാണ്. അപ്രകാരം വസ്തുനികുതി ചുമത്തുന്നതുമൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമായിരിക്കുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നത് വരെ ഇപ്രകാരം വസ്തു നികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ അനധികൃത നിർമ്മാണങ്ങളുടെ വിസ്തീർണം കണക്കാക്കുകയോ പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾക്ക് വസ്തു നികുതി നിർണയിക്കുകയോ ചെയ്തിട്ടില്ല.

lll) മേൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥയും നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം.84/27.04.2023) അനധികൃത നിർമ്മാണ കെട്ടിട നികുതി ചുമത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 സർക്കാർ ഭൂമിയിലെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ - സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

വർക്കല പാപനാശം ബീച്ചിൽ, കടൽ പുറമ്പോക്ക് കൈയ്യേറി വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ളതായി നഗരസഭയുടെ അനധികൃത നിർമ്മാണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്(25.05.2020 ലെ PW2-9654/19-ാം നമ്പർ റിപ്പോർട്ട്). കടൽ പുറമ്പോക്ക് “കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ (3) പ്രകാരം Government Property എന്ന നിർവചനത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും, അൺ സർവ്വേയ്ഡ് ലാന്റ് ആണെങ്കിൽ "അൺസർവ്വേയ്ഡ് ലാന്റ് "എന്ന് ഫോറം ബി, സി എന്നിവയിൽ രേഖപ്പെടുത്തി ഒഴിപ്പിക്കൽ നോട്ടീസ് നൽകാവുന്നതാണെന്നും കേരള ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും (05.09.2019 ലെ ബിh5/23475/17-ാം നമ്പർ കത്ത്) നഗരസഭയോട് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ വില്ലേജ് ആഫീസറുമായി സഹകരിച്ച്, പുറമ്പോക്കിൽ പ്രവർത്തിക്കുന്ന എല്ലാ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും നീക്കം ചെയ്ത് സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുമെന്ന് വർക്കല ഇറിഗേഷൻ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 09.12.2019 ൽ അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ(RA)വകുപ്പിന് നഗരസഭയിൽ നിന്നും നൽകിയ 25.05.2020 ലെ PW2-9654/19-ാം നമ്പർ കത്ത് പ്രകാരം വർക്കല പാപനാശം ക്ലിഫിൽ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ വിവിധ നിർമ്മാണപ്രവർത്തനങ്ങൾ നിലവിലുണ്ട്. എന്നാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിപ്പിച്ച് ഭൂമി തിരികെ ലഭ്യമാക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ച വിവരം ഫയലിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഭൂമിയിൽ പ്രവർത്തിക്കുന്ന അനധികൃത കെട്ടിടങ്ങളുടെ വിവരവും പ്രസ്തുത കെട്ടിടങ്ങൾ നീക്കം ചെയ്ത് സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.87/27.04.2023 നുള്ള മറുപടിയിൽ അനധികൃതമായി നിർമ്മിച്ച ഒരു കെട്ടിടത്തിന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയത്. സർക്കാർ ഭൂമിയിലെ എല്ലാ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും നീക്കം ചെയ്ത് സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 വർക്കല പാപനാശം തീരത്തെ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ - കെട്ടിടങ്ങളുടെ നികുതി നിർണയം നടത്തിയതിൽ പൊരുത്തക്കേട്.

തദ്ദേശസ്വയംഭരണ(RA)വകുപ്പിന് നഗരസഭയിൽ നിന്നും നൽകിയ 25.05.2020 ലെ PW2-9654/19-ാം നമ്പർ കത്ത് പ്രകാരം വർക്കല പാപനാശം ക്ലിഫിൽ 365 അനധികൃത കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ U/A രജിസ്റ്റർ പ്രകാരം, നാളിതുവരെ നഗരസഭയിൽ ആകെ 216 അനധികൃത കെട്ടിടങ്ങളുടെ നികുതിയാണ് നിർണയിച്ചിട്ടുള്ളത്. കൂടാതെ തീരദേശ വാർഡായ പാപനാശം (നമ്പർ 28) വാർഡിൽ സഞ്ചയ പ്രകാരം 178 അനധികൃത കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി നിർണിയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ(RA)വകുപ്പിന് നല്കിയ കത്തിൽ കെട്ടിട നമ്പർ രേഖപ്പെടുത്താത്തതിനാൽ നികുതി നിർണയം നടത്താത്ത കെട്ടിടങ്ങളുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.89/27.04.2023 ന് ലഭിച്ച മറുപടിയിൽ നികുതി നിർണയം നടത്താത്ത കെട്ടിടങ്ങൾ കൂടുതലും ടെമ്പററി ഷെഡുകളാണെന്നും നിലവിൽ നഗരസഭയിലെ റവന്യൂ, എഞ്ചിനീയറംഗ് വിഭാഗങ്ങൾ സംയുക്തമായി പരിശോധന നടത്തി അനധികൃത കെട്ടിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി

വരികയാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി നിർണയം നടത്താത്ത കെട്ടിടങ്ങളുടെ നികുതി നിർണയിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 പെർമിറ്റ് കൂടാതെ അസംബ്ലിഹാളിന്റെ നിർമ്മാണ പ്രവർത്തനം - തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

| | |
|---|---|
| **കെട്ടിട ഉടമ** | ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് |
| **സർവ്വേ നമ്പർ, വിസ്തീർണം** | റീസർവ്വേ നമ്പർ 91, 32.18 ആർ |
| **ഉപയോഗക്രമം** | അസംബ്ലി ഹാൾ |
| **വിസ്തീർണം** | 5741.01 ച.മീ |

വർക്കല വില്ലേജിൽ റിസർവ്വെ നമ്പർ 91-ൽ ഉൾപ്പെട്ട ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള 32.18 ആർ സ്ഥലത്ത് 5741.01 ച.മീ വിസ്തീർണ്ണമുള്ള ഗ്രൂപ്പ് ഡി അസംബ്ലി വിഭാഗത്തിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി (നമുക്ക് ജാതിയില്ല വിളംബര സ്മാരകം) ട്രസ്റ്റ് 14.02.2017-ാം തീയതി അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത സ്ഥലം Sanctioned DTP Scheme For Central Area Varkala - യിൽ ഉൾപ്പെടുന്നതിനാലും പ്രസ്തുത സ്ഥലത്ത് കൂടി 20 മീറ്റർ വീതിയിൽ റോഡ് പ്രൊപ്പോസൽ നിലവിലുള്ളതിനാലും വിഷയം സംബന്ധിച്ച് RTP കൺകറൻസിന് നഗരസഭയിൽ നിന്നും അയച്ചിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാകുന്നതിന് മുൻപ് അനധികൃതമായി നിർമ്മാണം നടന്നുവരുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ ഡി.റ്റി.പി സ്കീമിൽ ഉൾപ്പെട്ട സ്ഥലത്ത് നിർമ്മാണം നടന്നുവരുന്നതിനാൽ നിർമ്മാണം നിർത്തി വയ്ക്കുന്നതിന് നഗരസഭ 29/11/18 ൽ സ്റ്റോപ്പ് മെമ്മോ നൽകുകയും സർക്കാരിൽ നിന്നുള്ള 18/01/2018 ലെ ആർ.എ.1/596/2018/തസ്വഭവ കത്ത് പ്രകാരം നിർമ്മാണം പൊളിച്ചുനീക്കുന്നതിന് നൽകിയ ഉത്തരവ് 20/03/2019 ൽ സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തു.

ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ മുമ്പാകെ 245/19 നമ്പർ അപ്പീൽ നൽകുകയും ട്രിബ്യൂണൽ നഗരസഭ നൽകിയ സ്ഥിരീകരണ ഉത്തരവിനെ 02.04.2019-ലെ ട്രിബ്യൂണൽ വിധി പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ നഗരസഭ നൽകിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് 30/05/19 ൽ ആർ.എ1/596/2018 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. 21/01/2021 ൽ ബഹു. മുഖ്യമന്ത്രിയുടെ ചേമ്പറിൽ കൂടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഡി.റ്റി.പി. സ്കീമിൽ മാറ്റം വരുത്തി നടപടി സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് നിർദ്ദേശം ലഭിച്ചിരുന്നു (No:LSGD RA1-4/2021). വർക്കല നഗരസഭയുടെ 05.02.2021-ലെ കൗൺസിൽ തീരുമാന പ്രകാരം ഡി.റ്റി.പി. സ്കീമിൽ മാറ്റം വരുത്തുന്നതിന് ജില്ലാ ടൗൺ പ്ലാനർക്ക് കത്ത് നൽകിയെങ്കിലും ആയിന്മേൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (76/26.04.2023) മറുപടിയിൽ ജാതിയില്ലാ വിളംബര മന്ദിരം മ്യൂസിയം പോലുള്ള കെട്ടിടങ്ങൾ അനുവദനീയമായ തരത്തിൽ റസിഡൻഷ്യൽ സോണിന്റെ, സോണിംഗ് റഗുലേഷൻ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും ആയത് സംബന്ധിച്ച് ഡി.ടി.പി. സ്കീമിൽ മാറ്റം വരുത്തുന്നതിന് ജില്ലാ ടൗൺപ്ലാനർക്ക് കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. കൂടാതെ, പ്രസ്തുത നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ ഇൻലാൻഡ് നാവിഗേഷനിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമായിട്ടുള്ളതിനാൽ ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-32 തീർത്ഥാടന ഓഡിറ്റോറിയം നിർമ്മാണം - കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | BA-273/18-19 |
| കെട്ടിട ഉടമ | ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് |
| സർവ്വേ നമ്പർ, വിസ്തീർണം | 192/25, 73.28 ആർ |
| ഉപയോഗക്രമം | ഓഡിറ്റോറിയം |
| വിസ്തീർണം | 3587.85 ച.മീ |

വർക്കല വില്ലേജിൽ സർവ്വേ നമ്പർ 192/25-ൽ ഉൾപ്പെട്ട ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള 73.28 ആർ സ്ഥലത്ത് 3587.85 ച.മീ വിസ്തീർണ്ണമുള്ള ഗ്രൂപ്പ് ഡി വിഭാഗത്തിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ട്രസ്റ്റ് 24.10.2018 -ാം തീയതി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അപേക്ഷയിലെ വിവിധ അപാകങ്ങൾ ചൂണ്ടിക്കാട്ടി അപേക്ഷ നഗരസഭ തിരികെ നൽകിയിരുന്നു. എന്നാൽ പെർമിറ്റ് കൂടാതെ ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ട്രസ്റ്റ് നടപ്പാക്കിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനായി നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയതിന്റെ വിവരം ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (76/26.04.2023) മറുപടിയിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട ന്യൂനതകൾ പരിഹരിക്കുന്നതിന് (പാർക്കിംഗ്, കവറേജ്, ഫയർ NOC, ഡി.റ്റി.പി കൺകറൻസ് തുടങ്ങിയവ) സ്ഥാപനത്തിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കൂടാതെ പുതുക്കിയ പ്ലാൻ നിലിവിൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണം പൂർത്തീകരിച്ച ഭാഗത്തിന് 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(3) പ്രകാരം നികുതി ചുമത്തേണ്ടതും നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-33 ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള, നഗരസഭ അനുമതി കൂടാതെ നിർമ്മിച്ച 506.52 ച.മീറ്റർ വിസ്തീർണമുള്ള ശങ്കരമംഗലം സ്പെഷ്യൽ റസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മാണം ക്രമവത്കരിക്കുന്നതിന് 11.10.2018 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട പരിശോധനയിൽ നഗരസഭ പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾ നഗരസഭയിൽ നിന്നും അനുമതി കൂടാതെ നിർമ്മിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

1) ഡൈനിംഗ് ബ്ലോക്ക് (അന്നദാന പന്തൽ)

2) ടോയ്‌ലറ്റ് ബ്ലോക്ക്

3) കിച്ചൻ ബ്ലോക്ക്

4) എസ്.എൻ. സദ്യാലയം

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 20(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 242-ാം വകുപ്പ് പ്രകാരം അവയ്ക്കു വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയയ്ക്കേണ്ടതുമാണ്. അപ്രകാരം വസ്തുനികുതി ചുമത്തുന്നതുമൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമായിരിക്കുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നത് വരെ ഇപ്രകാരം വസ്തു നികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ അനധികൃത നിർമ്മാണങ്ങളുടെ വിസ്തീർണം കണക്കാക്കുകയോ പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾക്ക് വസ്തു നികുതി നിർണയിക്കുകയോ ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (76/26.04.2023) മറുപടിയിൽ മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 20(3) പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-34 ഗുണഭോക്തൃ വിഹിതം യഥാസമയം ഒടുക്ക് വരുത്തുന്നില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17 പ്രകാരം നഗരസഭയ്ക്കുവേണ്ടി വിവിധ ഇനങ്ങളിലായി പിരിച്ചെടുക്കുന്ന തുകകൾ അതത് ദിവസം തന്നെ നഗരസഭയിൽ ഒടുക്കുവരുത്തേണ്ടതാണ്. എന്നാൽ, കൃഷി ഫീൽഡ് ഓഫീസർ വിവിധ പ്രോജക്ടുകൾക്കായി കളക്ട് ചെയ്ത ഗുണഭോക്തൃ വിഹിതം മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. ഉദാഹരണം (രസീത് ബുക്ക് നമ്പർ 93) ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | കളക്ട് ചെയ്ത തീയതി |
|---|---|
| 9201 മുതൽ 9210 വരെ | 27.11.2021 |
| 9211 മുതൽ 9216 വരെ | 29.11.2021 |
| 9217 | 30.11.2021 |
| 9218 മുതൽ 9220 വരെ | 01.12.2021 |
| 9221 മുതൽ 9227 വരെ | 03.12.2021 |
| 9228 മുതൽ 9233 വരെ | 08.12.2021 |
| 9234 മുതൽ 9255 വരെ | 16.12.2021 |
| 9256 മുതൽ 9274 വരെ | 17.12.2021 |
| 9275 മുതൽ 9300 വരെ | 18.12.2021 |

ഇപ്രകാരം പിരിച്ചെടുത്ത 48650/- രൂപ 01/121010105743 രസീത് പ്രകാരം 28.12.2021 ലാണ് ഒടുക്ക് വരുത്തിയിട്ടുള്ളത്.

പ്രസ്തുത അപാകം ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 18/17.04.2023ന്റെ മറുപടി). പണംപിരിവിനായി മുനിസിപ്പാലിറ്റി രസീത് ബുക്കുകൾ ഉപയോഗിക്കുമ്പോൾ മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

## 1-35 ഗുണഭോക്തൃ ലിസ്റ്റ് - തയ്യാറാക്കുന്നതിലെ അപാകം

മത്സ്യതൊഴിലാളികൾക്ക് ഫൈബർ റീ എൻഫോഴ്സ്ഡ് കട്ടമരം എന്ന പ്രോജക്റ്റിനായി (നമ്പർ S0128/22) മുനിസിപ്പാലിറ്റിയിൽ നിന്നും 12 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥയായ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് കൈമാറിയിരുന്നു. പ്രസ്തുത ലിസ്റ്റിലെ സൈജ, പണയിൽവീട് (വാർഡ് 21), അബ്ദുൽ റഹിം, ഫാത്തിമ മൻസിൽ, ചിലക്കൂർ (വാർഡ് 21), സൈജ, ആസിയ മൻസിൽ, കോട്ടുമല (വാർഡ് 23), ജഹാംഗീർ, തയ്യിൽവീട്, ചിലക്കൂർ (വാർഡ് 20) എന്നിവർക്ക് സ്വന്തമായി വള്ളമുള്ളതായും ഖലിമുള്ള, നാദിയ മൻസിൽ, ചിലക്കൂർ (വാർഡ് 19) ഗൾഫിൽ ജോലി നോക്കുന്നതായും ശക്കർ, തേക്കുവിളവീട്, മൈതാനം (വാർഡ് 24) എന്നയാൾക്ക് 2018-19ൽ ഫൈബർ കട്ടമരം ലഭിച്ചിട്ടുള്ളതായും അബൂബക്കർ, ഹാസ് മൻസിൽ, കുരയ്ക്കണ്ണി (വാർഡ് 33) എന്നയാൾ രേഖകൾ ഹാജരാക്കിയില്ലെന്നും 5 പേർ മാത്രമാണ് അർഹതാലിസ്റ്റിൽ ഉള്ളതെന്നും 5 പേരുടെ അഡിഷണൽ ലിസ്റ്റ് അംഗീകരിച്ചുനൽകണമെന്നും 13.02.2022ൽ നിർവ്വഹണ ഉദ്യോഗസ്ഥ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം, അനർഹർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

അപേക്ഷകൾ പരിശോധിക്കുന്ന സമയത്ത്, ആനുകൂല്യം ലഭിച്ചിട്ടുണ്ടോയെന്നും അതിന് അർഹനാണോയെന്നുമുള്ള പ്രാഥമിക പരിശോധന മാത്രമേ നടത്താൻ കഴിയുകയുള്ളൂവെന്നും പൊതുജനങ്ങളിൽ നിന്നും സഹകരണം ഉണ്ടാകാത്തതുമൂലമാണ് അനർഹർ ലിസ്റ്റിൽ കടന്നുകൂടുന്നതെന്നും സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 52/20.04.2023ന്റെ മറുപടി). വാർഡ് സഭയിൽ ലിസ്റ്റ് അംഗീകാരത്തിന് വരുമ്പോഴും ഇത്തരം വിഷയം കണ്ടെത്താൻ സാധിക്കാതെ വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. വാർഡ് സഭ മിനിട്സ് പരിശോധിച്ചതിൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചതായി കാണുന്നില്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 95/28.04.2023) മറുപടി ലഭ്യമാക്കിയില്ല.

ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉൾപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-36 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

തൻവർഷത്തെ പദ്ധതിനിർവ്വഹണത്തിനായി കമ്മിറ്റി യോഗം ചേർന്നത് മൂന്നു പ്രാവശ്യം മാത്രമാണ്. എല്ലാ യോഗങ്ങളിലും വിവിധ സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് ഓരോന്നും അംഗീകരിക്കുന്നതിനുള്ള ശുപാർശ ഭരണസമിതിക്ക് സമർപ്പിക്കുക മാത്രമാണുണ്ടായത്. വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്.

നഗരസഭയുടെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 അസറ്റ് മാനേജ്മെന്റ്- സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം നഗരസഭയിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആനുവൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം, സ്ഥാപനം അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ നഗരസഭ അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്നതിന്റെ വിശദാംശം, കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ

അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത് പ്രാവർത്തികമാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ 91/28.04.2023) നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 ബേം കോൺക്രീറ്റ് നിർമ്മിക്കൽ പ്രവൃത്തികളിലെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ റോഡിന് ബേം കോൺക്രീറ്റ് നിർമ്മിക്കൽ എന്ന പ്രവൃത്തികളിലെ അപാകത ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം., പേര് | 189/21-22, ആലിയിറക്കം താളിവീളാകം വള്ളക്കടവ് ബൈറോഡ് റീടാറിംഗ് – 21 |
|---|---|
| എം ബുക്ക് നം. | 15/20-21 |
| കരാറുകാരൻ | ഗോവിന്ദ രാജ് സെൻ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ബിൽ നം | 321/19.2.2022, 647573/-<br>322/19.2.2022, 34739/- |
| എസ്റ്റിമേറ്റ് നം., അടങ്കൽ | 2019/36352, അടങ്കൽ – 16,25,034/- |

| പ്രോജക്റ്റ് നം, പേര് | 25/21-22, ആറാട്ട് റോഡ്-ആലിയിറക്കം റോഡ് സൈഡ് കോൺക്രീറ്റിംഗ് വാർഡ് 21 |
|---|---|
| എം ബുക്ക് നം. | 36/21-22 |
| കരാറുകാരൻ | ഷിറാസ് എ നഹാസ് |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ബിൽ നം. | 381/10.3.2022, 322252/- |
| എസ്റ്റിമേറ്റ് നം. | 2021/30819 |

ടി പ്രോജക്റ്റുകളിൽ റോഡ് സൈഡ് കോൺക്രീറ്റ് ചെയ്യുന്നതിന് 15 CM താഴ്ചയിൽ എസ്കവേഷൻ നടത്തുകയും ആയതിൽ 15 CM കനത്തിലും, അതേ നീളത്തിലും വീതിയിലും കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ചതിന് ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എസ്കവേഷൻ നടത്തിയ സ്ഥലത്ത് അതേ അളവിൽ ചെയ്ത കോൺക്രീറ്റിന് ഫോം വർക്ക് ഒഴിവാക്കിയ നിരക്ക് നൽകാമെന്നിരിക്കെ ഇപ്രകാരം ചെയ്തതിന് കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 96 തീയതി: 27.4.2023) നൽകിയിരുന്നു. ഭാവിയിൽ ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-39 കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ തൊട്ടിപ്പാലം കോട്ടുമൂല റോഡ് ഓട നവീകരണം എന്ന പ്രവൃത്തിയിലെ അപാകത ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം., പേര് | 19/21-22 – തൊട്ടിപ്പാലം കോട്ടുമൂല റോഡ് ഓട മെയിന്റനൻസ് വാർഡ് – 21 |
|---|---|
| എം ബുക്ക് നം | 101/21-22 |
| കരാറുകാരൻ | R C ബിജു |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ബിൽ നം | 237/20.1.2022, 99309/- |
| എസ്റ്റിമേറ്റ് നം., അടങ്കൽ | 2021/30818, 99309/- |

ടി പ്രവൃത്തിയിൽ 7.95 X 1.7 X 1.15 M അളവിൽ എസ്കവേഷൻ (11.1.1.1. Spec പ്രകാരം) നിർവ്വഹിക്കുകയും 7.95 X 1.7 X 0.15 M അളവിൽ പി.സി.സി (11.4.1.1.) പ്രകാരം നിർവ്വഹിക്കുകയും ആയതിന് തുക അനുവദിക്കുകയും ചെയ്തതായി കാണുന്നു. സ്പെസിഫിക്കേഷൻ 11.4.1.1. ഫോം വർക്ക് ഉൾപ്പെടുന്ന നിരക്കാണ്. എസ്കവേഷൻ ചെയ്ത അതേ നീളത്തിലും, വീതിയിലും പി.സി.സി ചെയ്യുമ്പോൾ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 96 തീയതി : 27.4.2023) നൽകിയിരുന്നു. മറുപടിയിൽ ഫോം വർക്ക് ഉൾപ്പെടുത്തിയാണ് പ്രവൃത്തി നിർവ്വഹിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഫോം വർക്ക് ആവശ്യമാണെങ്കിൽ, എസ്കവേറ്റ് ചെയ്ത അതേ വീതിയിൽ നിന്നും കുറഞ്ഞ അളവിൽ മാത്രമേ കോൺക്രീറ്റ് ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. എന്നാൽ ഇവിടെ എസ്കവേറ്റ് ചെയ്ത അതേ അളവിൽ തന്നെയാണ് കോൺക്രീറ്റ് ചെയ്തതായി കാണുന്നത്. മേൽ പ്രവൃത്തികളിൽ എസ്കവേഷൻ നടത്തിയ

അതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 റോഡ് കോൺക്രീറ്റ് നിർമ്മാണത്തിൽ നിരക്ക് നൽകിയിട്ടും ഫോം വർക്ക് ഉൾപ്പെടുത്തിയില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മണ്ണെണ്ണക്കട കല്ലാം കോണം ഇടറോഡ് റീ കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിലെ അപാകത ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം.,പേര് | പ്രോജക്റ്റ് നം. 14/21-22, മണ്ണെണ്ണക്കട കല്ലാം കോണം ഇടറോഡ് റീ കോൺക്രീറ്റിംഗ് വാർഡ് – 11 |
| എം ബുക്ക് നം. | 62/21-22 |
| കരാറുകാരൻ | കവിതേശൻ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ബിൽ നം. | 525/27.3.2022, 259569/- |
| എസ്റ്റിമേറ്റ് നം., അടങ്കൽ | 2021/145699, 310000/-, (39.93 5-Cost Index) |
| ടെൻഡർ കുറവ് | 16 % |

പ്രസ്തുത കോൺക്രീറ്റ് നടപ്പാതയോട് ചേർന്ന് ഇരുവശവും സ്വകാര്യ വ്യക്തികളുടെ മതിലാണ്. ടി പ്രവൃത്തിയിൽ Form Work ഉൾപ്പെടുത്തിയതായി കാണുന്നില്ല. ടി പ്രവൃത്തിയിൽ സ്ഥല പരിശോധന നടത്തി Form Work ഉൾപ്പെടുത്താതെയുള്ള നിർമ്മാണ രീതി സംബന്ധിച്ച റിപ്പോർട്ട് 28.04.2023 ൽ നൽകിയിട്ടുള്ളതാണ്. എന്നാൽ ടി പ്രവൃത്തിക്ക് സ്പെസിഫിക്കേഷൻ 75.8.1 പ്രകാരം ഫോം വർക്ക് (4 %) ഉൾപ്പെടുന്ന 7980.4/M3 എന്ന നിരക്കാണ് നൽകിയിരിക്കുന്നത്. പ്രവൃത്തിയിൽ ഫോം വർക്ക് ഉൾപ്പെടുത്താതെ ഈ രീതിയിൽ ഉയർന്ന നിരക്കിലുള്ള തുക അനുവദിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.92 തീയതി: 28.04.2023) നൽകിയിരുന്നു. ടി പ്രവൃത്തിയിൽ ഷട്ടറിംഗ് ചെയ്തിരുന്നുവെങ്കിലും, പ്രദേശവാസികൾ ഇടപെട്ട് ഷട്ടറിംഗ് ഒഴിവാക്കുകയാണുണ്ടായത് എന്ന് വിശദീകരിച്ചിട്ടുണ്ട്. അപ്രകാരമാണെങ്കിൽ ഷട്ടറിംഗിന്റെ നിരക്ക് ഒഴിവാക്കിയ തുക നൽകിയാൽ മതിയായിരുന്നു. എന്നാൽ അപ്രകാരം ചെയ്തു കാണുന്നില്ല. ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ജനൽ നിർമ്മാണ പ്രവർത്തിയിൽ ഉയർന്ന നിരക്ക് അനുവദിച്ചു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 194/21-22, അംഗനവാടി കെട്ടിട നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിയിലെ അപാകത ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം.,പേര് | 194/21-22, അംഗനവാടി കെട്ടിട നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം |
| എം ബുക്ക് നം. | 32/20-21 |
| കരാറുകാരൻ | R C ബിജു |
| ഫണ്ട് | CFC Grant |
| ബിൽ നം. | 129/27.10.2021, 684800/- |
| എസ്റ്റിമേറ്റ് നം., അടങ്കൽ | 2019/114043, 13,80,000 (37.93 Cost Index) |
| ടെൻഡർ നിരക്ക് | 3.5 % കുറവ് |

ടി അംഗനവാടിയിലെ ജനലുകൾ തടി ഫ്രെയിമിൽ ഉള്ളതും അതിലെ കമ്പികൾ റൗണ്ട് ബാർ വെർട്ടിക്കലായി തടിയിൽ സുഷിരമിട്ട് ഘടിപ്പിച്ചതുമാണ്. ആയതിന് എസ്റ്റിമേറ്റ് പ്രകാരം നൽകിയത് DAR 9.48.2 പ്രകാരമുള്ള നിരക്കാണ്. ടി നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാകുന്നതാണ്. നഗരസഭ നടപ്പിലാക്കിയിട്ടുള്ള സമാന പ്രവൃത്തിയിൽ (പ്രോജക്റ്റ് നം. 212/21-22, അംഗനവാടി കെട്ടിട നിർമ്മാണം വാർഡ് 33) DAR 14.29 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ടി പ്രവൃത്തിയിൽ സ്ഥല പരിശോധന നടത്തി ജനലിന്റെ നിർമ്മാണ രീതി സംബന്ധിച്ച റിപ്പോർട്ട് 28.4.2023 ൽ നൽകിയിട്ടുള്ളതാണ്. ഈ രീതിയിൽ ഉയർന്ന നിരക്കിലുള്ള സ്പെസിഫിക്കേഷൻ അനുവദിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 92 ,തീയതി: 28.04.2023) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കാലയളവിൽ ജോലി നോക്കിയിരുന്ന അസിസ്റ്റന്റ് എൻജിനീയർ മറുപടി ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

അനുവദിച്ച തുക ( DAR 9.48.2 പ്രകാരം) 192.76 X 155.1 = 29897.08

അനുവദിക്കാവുന്ന തുക ( DAR 14.29 പ്രകാരം) 192.76 X 85.16 = 16415.44

അധികം നൽകിയ തുക - 13,482/-

**ടെൻഡർ കുറവ് 3.5 % - 13,010/-**

മേൽ വിഷയത്തിൻ മേൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-42 തെറ്റായ ടെൻഡർ നിരക്കിൽ തുക അനുവദിച്ചു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 260/21-22, താലൂക്ക് ആശുപത്രി കിണർ വൃത്തിയാക്കൽ എന്ന പ്രവൃത്തിയിലെ അപാകത ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 260/21-22, താലൂക്ക് ആശുപത്രി കിണർ വൃത്തിയാക്കൽ |
| എം ബുക്ക് നം. | 35/21-22 |
| കരാറുകാരൻ | R C ബിജു |
| ഫണ്ട് | C F C Grant |
| ബിൽ നം. | 301/13.2.2022, 54571/- |
| എസ്റ്റിമേറ്റ് നം., അടങ്കൽ | 2021/83572, 75000 |

ടി പ്രവൃത്തിയിൽ കാരാറുകാരൻ 8% ഉയർന്ന നിരക്കിൽ പ്രവൃത്തി ചെയ്യാമെന്ന് രേഖപ്പെടുത്തുകയും എന്നാൽ Executive Engineer ടെ 29.12.2021 ലെ മീറ്റിംഗിലെ തീരുമാന പ്രകാരം 2.5 % ഉയർന്ന നിരക്കിൽ ചെയ്യാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടിയാന് ബിൽ തുക നൽകിയപ്പോൾ 2.5 % അധികം നൽകുന്നതിന് പകരം 8 % ഉയർന്ന നിരക്കിൽ തന്നെ തുക നൽകിയതായി കാണുന്നു. ആയതിന് കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 96 തീയതി : 27.04.2023) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 2.5 % നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കാമെന്ന് സമ്മതിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു. ടി മറുപടി അംഗീകരിക്കാവാൻ സാധിക്കുന്നതല്ല.

ഇത്തരത്തിൽ അധികം നൽകിയ തുകയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയ തുക | നൽകാവുന്ന തുക |
|---|---|
| Work Done - 45115 | Work Done - 45115 |
| 8 % Above - 3609 | 2.5 % Above - 1128 |
| Total - 48724 | Total - 46243 |
| 12 % Gst - 5847 | 12 % Gst - 5549 |
| Total - 54571 | Total - 51792 |
| Taxes (4 %) - 1946 | Taxes (4 %) - 1850 |
| Payable Amount - 52571/- | Payable Amount - 49942/- |

ഭാവിയിൽ കരാറുകാന് തുക അനുവദിക്കുമ്പോൾ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 സിസിടിവി സ്ഥാപിക്കൽ - സർക്കാർ അനുമതി/ ചെലവുരേഖകൾ ലഭ്യമല്ല – 317575/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്/നം. | വിവിധ സ്കൂളുകളിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ 117/22 |
| അടങ്കൽ | 318000/- രൂപ (വികസന ഫണ്ട് -പൊതുവിഹിതം) |
| ചെലവ് | 317575/- രൂപ |
| ബിൽ നം/തീയതി | 247/25.01.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മേൽ പദ്ധതി മുഖേന നഗരസഭ പരിധിയിലുള്ള 7 സ്കൂളുകളിൽ സിസിടിവി ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 5250/- രൂപയാണ് ഇൻസ്റ്റലേഷൻ ചാർജ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. ആയവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 56/20.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1) സബ്സിഡി മാർഗ്ഗരേഖപ്രകാരം ഓഫീസുകളിൽ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. സർക്കാർ അനുമതിയോടു കൂടിയാണോ പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളതെന്നതിന് യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

2) ടെണ്ടറിൽ പങ്കെടുത്ത ഐ.റ്റി പ്രൊഫഷണൽസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, എ.ബി എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങൾ കുറഞ്ഞ തുക സൂചിപ്പിച്ചിരുന്നിട്ടും കൂടിയ നിരക്കിൽ തുക ക്വാട്ട് ചെയ്ത ശ്രീ അജീഷ് വി എസ്, വി എസ് ഇലക്ട്രോണിക്സ് എന്ന വ്യക്തിയെ പ്രവൃത്തി എല്പിച്ചതിനുള്ള കാരണം വ്യക്തമല്ല.

3) ടെണ്ടറിൽ പങ്കെടുക്കാത്ത അബാക്കസ് പെരിഫെറൽസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ക്യാമറയും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത്. എന്നാൽ തുക മുഴുവനായും ശ്രീ അജീഷിന്റെ അക്കൗണ്ടിലേക്കാണ് മാറി നൽകിയിട്ടുള്ളത്.

4) 2017ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസ് ടാക്സിലെ വകുപ്പ് 51, കേന്ദ്രസർക്കാരിന്റെ Central Board Of Indirect Taxes And Customs ലെ 13.09.18ലെ 50/2018 നോട്ടിഫിക്കേഷൻ എന്നിവ പ്രകാരം കരാർ 250000/- രൂപയിൽ ആധികരിച്ചാൽ 2% ജിഎസ്ടി ഈടാക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രസ്താവിച്ച ബില്ലിൽ നിന്നും ഇപ്രകാരം ജിഎസ്ടി ഈടാക്കിയിട്ടില്ല.

5) കരയ്ക്കുണ്ണി എൽപിഎസ്സിൽ സിസിടിവി ഒരു യൂണിറ്റ് ഇൻസ്റ്റാൾ ചെയ്തതായാണ് ഇൻവോയ്സിൽ സൂചനയുള്ളത്. എന്നാൽ 10600/- രൂപ ഇൻസ്റ്റലേഷൻ ചാർജ്ജായി നൽകിയിട്ടുണ്ട്.

6) 24.09.2010ലെ സർക്കുലർ നം. 86/10/ധന പ്രകാരം എല്ലാ ഓഫീസുകളിലും നിർദ്ദിഷ്ടമാതൃകയിലുള്ള ഹാർഡ്‌വെയർ ആൻഡ് സോഫ്റ്റ്‌വെയർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരമൊരു രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7) ഇൻസ്റ്റലേഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

8) ആകെ ചെലവായ 317575/- രൂപയിൽ 63987/-രൂപയുടെ ചെലവുരേഖകൾ ഫയലിൽ ലഭ്യമല്ല. അപ്പൂസ് & പപ്പൂസ് ബിൽഡിംഗ് മെറ്റീരിയൽസ് എന്ന സ്ഥാപനത്തിൽ നിന്നും മുൻവർഷം ലഭിച്ച രണ്ടു ബില്ലുകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

സർക്കാർ അനുമതിയോ ആവശ്യമായ ചെലവുരേഖകളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച ആകെ 3,17,575/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 വജ്രജൂബിലി ഫെല്ലോഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 249/22 (സ്പിൽ ഓവർ), 71/22 (പുതിയത്) |
| പ്രോജക്ടിന്റെ പേര് | വജ്രജൂബിലി ഫെല്ലോഷിപ്പ് നേടിയ കലാകാരൻമാർക്ക് ധനസഹായം |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 60000/- രൂപ, 174000/- രൂപ (വികസന ഫണ്ട്) |
| ചെലവ് | 60000/- രൂപ, 156379/- രൂപ |

കേരളത്തിന്റെ തനത് കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ.ഉ(കൈ)നം.30/2019/തസ്വഭവ തീ.03.03.2019 പ്രകാരം സർക്കാർ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാല് കലാകാരന്മാർക്ക് സാംസ്കാരിക വകുപ്പ് കലാപരിശീലനത്തിനുള്ള ചുമതല നൽകിയിട്ടുണ്ട്. 2021-22 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ)നം.30/2019/തസ്വഭവ തീയതി. 03.03.2019 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന് കീഴിൽ പരിശീലനത്തിന് താല്പര്യമുള്ള വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കുന്നതിന് വാർഡ് തല സമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സമിതി രൂപീകരിച്ചതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ, പ്രോജക്ട് പ്രകാരം പരിശീലനത്തിന് തെരെഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

2) മേൽ മാർഗരേഖ പ്രകാരം, കലാപരിശീലനം ആഴ്ചയിൽ കുറഞ്ഞത് നാല് ദിവസങ്ങളിൽ നടത്തേണ്ടതും കലാകാരന്മാരുടെ പദ്ധതി പ്രവർത്തനം, ഹാജർ തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കോർഡിനേറ്റർ നൽകുന്ന പ്രവർത്തന റിപ്പോർട്ടിന്റെയും സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അധിക വിഹിതം കലാപ്രവർത്തകർക്ക് അനുവദിക്കേണ്ടതുമാണ്. 2021-22 വർഷം ഓൺലൈൻ ആയാണ് കലാ പരിശീലന പരിപാടി നടപ്പാക്കിയിട്ടുള്ളത്. വിവിധ സെന്ററുകളിൽ സർക്കാർ മാർഗരേഖ പ്രകാരമുള്ള നിശ്ചിത ദിവസങ്ങളിൽ പരിശീലന ക്ലാസ് നടപ്പാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.2/11.04.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ മേൽ പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ.ഉ(കൈ)നം.30/2019/തസ്വഭവ തീയതി. 03.03.2019 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് വാർഡ് തല സമിതിയും മോണിറ്ററിംഗ് സമിതിയും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സർക്കാർ നിർദ്ദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ചാണ് പദ്ധതി നടപ്പാക്കിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-45 മരുന്നുകളുടെ സ്റ്റോക്ക് പരിപാലനം - 99,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0057/22 |
| പേര് | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ 2021-22 |
| അടങ്കൽ | 99,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 99,000/- |
| ബിൽ നമ്പർ | 348/09.03.2022 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

മരുന്ന് വാങ്ങലിനായി, ക്വൊട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സതേൺ ഡ്രഗ് ഹൗസിൽനിന്നും മരുന്ന് വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രസ്തുത പ്രോജക്ടിന്റെ പ്രൊഫോർമ ലഭ്യമാക്കിയിട്ടില്ല.

2) മരുന്നുകൾക്കായി ഓരോ വർഷവും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നു. മുൻവർഷങ്ങളിൽ വാങ്ങിയ മരുന്നുകളുടെ തുടർച്ചയായി സ്റ്റോക്ക് രേഖപ്പെടുത്തുന്നില്ല.

3) സതേൺ ഡ്രഗ് ഹൗസിന്റെ C4554/05.03.2022 -ാം നമ്പർ ഇൻവോയ്സ് പ്രകാരം ചുവടെ ചേർക്കുന്ന മരുന്നുകളുൾപ്പെടെ എല്ലാ മരുന്നുകളും 07.03.2022 ൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവിധ തീയതികളിലായി പൂർണമായി വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | എണ്ണം | വില |
|---|---|---|---|
| I | Promel Inj. 100 Ml | 10 | 1071.06 |
| Ii | Vetchlor Inj.100 Ml | 15 | 567.00 |
| Iii | Shark Liverol 200ml | 8 | 726.40 |
| Iv | Feedup Yeas 100 Gm | 25 | 1020.50 |
| V | Dextrose 5% L 500 Ml | 22 | 739.20 |

എന്നാൽ, ഇൻവോയ്സിനൊപ്പം ഫയലിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ പട്ടികയിലെ മരുന്നുകൾ Short Items എന്ന് വിതരണ ഏജൻസി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ മൂന്ന് മരുന്നുകൾ 06.05.2022 ൽ പൂർണമായി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | ആകെ എണ്ണം | ഏജൻസി 07.03.22 ൽ ലഭ്യമാക്കിയത് | ബാക്കി | ഏജൻസി 06.05.22 ൽ ലഭ്യമാക്കിയത് |
|---|---|---|---|---|---|
| I | Promel Inj. 100 Ml | 10 | 9 | 1 | ഇല്ല |
| Ii | Vetchlor Inj. 100 Ml | 15 | 14 | 1 | ഇല്ല |
| Iii | Shark Liverol 200ml | 8 | 5 | 3 | 3 |
| Iv | Feedup Yeas 100 Gm | 25 | 16 | 9 | 9 |
| V | Dextrose 5% L 500 Ml | 22 | 6 | 16 | 16 |

എ) ഇപ്രകാരം, ലഭ്യമാകാത്ത മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 58/25.04.2023) മറുപടി ലഭ്യമാക്കിയില്ല.

ബി) ക്രമ നമ്പർ I, Ii എന്നിവയിലെ മരുന്നുകൾ പൂർണമായി ലഭ്യമായതായി കാണുന്നില്ല.

മുൻവർഷത്തെ മരുന്നുകളുടെ സ്റ്റോക്ക് ക്യാരിഓവർ ചെയ്യാതെ, തൻവർഷം പ്രോജക്ട് മുഖേനയുള്ള മരുന്നുകൾ ലഭിക്കാത്തതുൾപ്പെടെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയത് മരുന്നുകളുടെ സ്റ്റോക്ക് പരിപാലനം കൃത്യതയോടെയും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യുന്നില്ലായെന്ന് വ്യക്തമാക്കുന്നു.

വ്യക്തമായ വിശദീകരണത്തിന്റെ അഭാവത്തിൽ 99,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-46 പ്രിന്റർ വാങ്ങൽ – നടപടിക്രമങ്ങൾ സംബന്ധിച്ച് അവ്യക്തത - 96,588/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0324/22 |
| പേര് | മൃഗാശുപത്രിയിൽ കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ്, ഹീറ്റർ വാങ്ങൽ |
| അടങ്കൽ | 1,53,564/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 96,588/- |
| ബിൽ നമ്പർ | 500/26.03.2022 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

ഷാംസ് ഇലക്ട്രിക്കൽസിൽ നിന്നും 3250/- രൂപയ്ക്ക് ഇന്റക്ഷൻ കുക്കറും കെ.എം. ടെക്നോളജീസിൽ നിന്നും 93,338/- രൂപയ്ക്ക് പ്രിന്ററും വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. വാങ്ങൽ നടപടിക്രമം സംബന്ധിച്ച് യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്റ്റ് പ്രൊഫോർമ ലഭ്യമല്ലാത്തതിനാൽ വാങ്ങാൻ ലക്ഷ്യമിട്ട സാധനങ്ങളെക്കുറിച്ചും അവ്യക്തതയുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 60/25.04.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ 96,588/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 ആട് വളർത്തൽ പ്രോജക്റ്റ് – ചെലവ് രേഖകളുടെ അഭാവത്തിൽ 1,88,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0119/22 | |
| പേര് | ആട് വളർത്തൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 400000 | 188000 |
| മറ്റുള്ളവ | 400000 | 144000 |
| ആകെ | 800000 | 332000 |
| ബിൽ നമ്പർ | 518/26.03.2022 തുക 48000/-<br>519/26.03.2022 തുക 48000/-<br>520/26.03.2022 തുക 48000/-<br>549/30.03.2022 തുക 44000/- | |
| നിർവ്വഹണം | വെറ്ററിനറി സർജൻ | |

പ്രസ്തുത പ്രോജക്റ്റിന്റെ ഫയൽ, അപേക്ഷകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തതിന്റെ വിശദാംശങ്ങളും ചെലവ് വിവരങ്ങളും ലഭ്യമാക്കിയില്ല.

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ ഫയൽ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ (നമ്പർ 1 എ/12.04.2023) നൽകിയിരുന്നു. കൂടാതെ, ചെലവ് രേഖകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിയും (നമ്പർ 57/20.04.2023) നൽകിയിരുന്നു. ചെലവ് രേഖകളുടെ അഭാവത്തിൽ 1,88,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-48 കാലിത്തൊഴുത്ത് നവീകരണം - നിർവ്വഹണ നടപടിക്രമങ്ങളിൽ അവ്യക്തത – വിശദീകരണത്തിന്റെ അഭാവത്തിൽ 7,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0176/22 | |
| പേര് | കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും (വനിത) | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 825000 | 700000 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 825000 | 0 |
| | | |

| | | |
|---|---|---|
| ആകെ | 1650000 | 700000 |
| ബിൽ നമ്പർ | 347/09.03.2022 തുക 250000<br>383/10.03.2022 തുക 225000<br>414/17.03.2022 തുക 225000 | |
| നിർവ്വഹണം | വെറ്റിനറി സർജൻ | |

ചെറുകിട നാമമാത്ര കർഷകരായിട്ടുള്ള വനിതകൾക്ക് കാലിത്തൊഴുത്ത് നവീകരണത്തിനും ചാണകം മഴ നനയാതെ സൂക്ഷിക്കാൻ കഴിയുന്ന വളക്കുഴിയും തൊഴുത്തിൽ നിന്ന് വീഴുന്ന ഗോമൂത്രം ശേഖരിക്കുന്നതിനുള്ള സിമന്റ് തൊട്ടിയും സ്വന്തമായി നിർമ്മിക്കുന്നതിനും പ്രോജക്ട് ലക്ഷ്യമിടുന്നു.

1) വനിതകൾക്കായുള്ള പ്രോജക്ടിൽ പുരുഷന്മാർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

ഉദാഹരണം ചുവടെ ചേർക്കുന്നു.

വിജയകുമാർ, കുഴിന്തടം, കുരയ്ക്കണ്ണി

രാജേന്ദ്രൻ നായർ. രാജേന്ദ്രഭവൻ, പുന്നമൂട്

ജാഫർഖാൻ, ജസീന മൻസിൽ, ആലിയിറക്കം

ഉമേഷ്, പുത്തൻവിള വീട്, മുണ്ടയിൽ

2) എഞ്ചിനീയർ നൽകുന്ന മൂല്യ നിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകുമെന്ന് പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, മൂല്യ നിർണയ സാക്ഷ്യപത്രം ഇല്ലാതെ ആനുകൂല്യം നൽകിയിട്ടുണ്ട്.

ഉദാഹരണം ചുവടെ ചേർക്കുന്നു.

രാജേന്ദ്രൻ നായർ. രാജേന്ദ്രഭവൻ, പുന്നമൂട്

സുബൈദാബീവി, എഎസ് നിവാസ്, നടയറ

ജയശ്രീ.എസ്, അത്തിവിള ഹൗസ്, ഓടയം

3) പ്രോജക്ട് ലക്ഷ്യമിട്ട രീതിയിൽ വളക്കുഴിയും മൂത്രത്തൊട്ടിയും നിർമ്മിച്ചത് ഉറപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 59/25.04.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ 7,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-49 നെൽകൃഷി വികസനം - കൃഷി സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് വ്യക്തതയില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0053/22 | |
| പേര് | നെൽകൃഷി വികസനം | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (ജനറൽ) | 93500 | 93500 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 93500 | 0 |
| ആകെ | 187000 | 93500 |
| ബിൽ നമ്പർ | 507/23.03.2022 | |
| നിർവ്വഹണം | കൃഷി ഫീൽഡ് ഓഫീസർ | |

കരുന്നിലക്കോട് പുല്ലാന്നികോട് പാടശേഖരസമിതിയുടെ നേതൃത്വത്തിൽ 4.25 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. പ്രസ്തുത പ്രദേശങ്ങളിലെ കൃഷി ഭൂമിയിൽ നെൽകൃഷി നടത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും പ്രോജക്ട് ലക്ഷ്യമിടുന്നു.

ചുവടെ ചേർക്കുന്ന 9 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്(അവലംബം - ഫയലിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ്).

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം | കൃഷിസ്ഥലത്തിന്റെ വിസ്തീർണം (സെന്റ്) | സബ്സിഡി തുക |
|---|---|---|---|
| I | ജയതിലക, പാർവ്വണ, പുല്ലാന്നികോട് | 48 | 4224 |

| | | | |
|---|---|---|---|
| Ii | അംബികേശൻ, അഷ്ടപദി, കരുന്നിലക്കോട് | 38 | 3344 |
| Iii | രാധാകൃഷ്ണപിള്ള, കല്ലുവിള പുത്തൻവീട് | 78 | 6864 |
| Iv | രാഗിണി.വി, കല്ലുവിള പുത്തൻവീട് | 78 | 6864 |
| V | കിഷോർകുമാർ.എസ്, വീട്ടുവിളവീട് | 210 | 18480 |
| Vi | വാസന്തി, അടച്ചവിളവീട്, പുല്ലാന്നികോട് | 78 | 6864 |
| Vii | അരവിന്ദാക്ഷൻ, ഹരിദർശൻ, പുല്ലാന്നികോട് | 162.5 | 14300 |
| Viii | ഷിജു അരവിന്ദ്, അനുഗ്രഹം, മൈതാനം | 185 | 16280 |
| Ix | ഷഹീർഷാ, കോവളം, കുരയ്ക്കണ്ണി | 185 | 16280 |
| | **ആകെ** | **1062.5** | **93500** |

അപേക്ഷകളിലൊന്നും ഭൂവിസ്തൃതി സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. കൃഷി അസിസ്റ്റന്റിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയിരിക്കുന്നു. രാധാകൃഷ്ണപിള്ള, രാഗിണി.വി, കിഷോർകുമാർ.എസ്, വാസന്തി, ഷിജു അരവിന്ദ് എന്നിവരുടെ അപേക്ഷകളിൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി, സർവ്വേ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

പാടശേഖര സമിതിയിലെ ഭൂരിഭാഗം കർഷകരും പാട്ടത്തിനെടുത്താണ് കൃഷി ചെയ്തുവരുന്നതെന്നും റീ സർവ്വേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉള്ളതിനാൽ കർഷകർ കരം അടച്ച രസീത് ഹാജരാക്കുന്നില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 45/19.04.2023 ന്റെ മറുപടി).

കൃഷി സ്ഥലത്തിന്റെ വിസ്തൃതി ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-50 പഴയ വല മാറ്റി പുതിയ വല – ചെലവ് രേഖകളുടെ അഭാവത്തിൽ 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0241/22 | |
| പേര് | പഴയ വല മാറ്റി പുതിയ വല നൽകുന്നത് | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(ജനറൽ) | 25000 | 25000 |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 25000 | 25000 |
| ആകെ | 50000 | 50000 |
| ബിൽ നമ്പർ | 149/11.11.2021 – 25,000/- രൂപ<br>ഗുണഭോക്തൃ വാഹിതം – 25,000/- രൂപ | |
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | |

പ്രസ്തുത സ്പിൽ ഓവർ പ്രോജക്ടിൽ, ആസാദ്, കാട്ടുവിളാകം, ചിലക്കൂർ എന്ന ഗുണഭോക്താവ് മുട്ടത്തറ നെറ്റ് ഫാക്ടറിയിൽ നിന്ന് 50,000/- രൂപയുടെ വല കൈപ്പറ്റിയ രസീതിന്റെ അടിസ്ഥാനത്തിൽ നെറ്റ് ഫാക്ടറിക്ക് 25,000/- രൂപ ട്രാൻസ്ഫർ ചെയ്തു.

ഗുണഭോക്താവ് വല കൈപ്പറ്റിയതിന്റെ രസീത്, മത്സ്യഫെഡ് നെറ്റ് ഫാക്ടറിയുടെ 487/20.12.2021 -ാം നമ്പർ ഇൻവോയ്സ് എന്നിവ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 53/20.04.2023) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ, 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-51 PMAY ലൈഫ് ഭവന പദ്ധതി -അവലോകനം

2022 വർഷത്തിനകം എല്ലാവർക്കും ഭവനം ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 2015-ൽ ആരംഭിച്ച പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, നഗരസഭ എന്നിവയുടെ വിഹിതവും

ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് ഭവന നിർമ്മാണത്തിനുള്ള ഫണ്ടുകൾ കണ്ടെത്തുന്നത്. നിലവിൽ ഗുണഭോക്തൃ വിഹിതം എന്ന ഘടകം ഒഴിവാക്കിയിട്ടുണ്ട്.

ഭവന നിർമ്മാണത്തിന് 400000/- രൂപയാണ് സഹായം അനുവദിക്കുന്നത്. കരാർ സമർപ്പിച്ച് ഒന്നാം ഗഡുവായി (10%) 40000/- രൂപയും, അടിത്തറ പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായ (40%) 160000/- രൂപയും, തറനിരപ്പിന് മുകളിൽ മേൽക്കൂര ഉൾപ്പെടെയുള്ള നിർമ്മാണം പൂർത്തീകരിക്കുമ്പോൾ മൂന്നാം ഗഡുവായ (40%) 160000/- രൂപയും എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച് വെള്ളം/വൈദ്യുതി എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡുവായ (10%) 40000/- രൂപയും ഗുണഭോക്താവിന് നൽകുന്നതാണ്. ഒരു ഗുണഭോക്താവിന് നൽകുന്ന 400000/- രൂപയിൽ 150000/- രൂപ കേന്ദ്ര വിഹിതവും, 50000/- രൂപ സംസ്ഥാന വിഹിതവും ബാക്കിയുള്ള 200000/- രൂപ നഗരസഭ വിഹിതവുമാണ്. നഗരസഭ വിഹിതത്തിൽ പദ്ധതി പ്രകാരം വകയിരുത്തുന്ന വികസന ഫണ്ടും ഹഡ്കോയിൽ നിന്നും എടുത്തിട്ടുള്ള ലോൺ തുകയും ഉൾപ്പെടും. നഗരസഭ സെക്രട്ടറിയും ഗുണഭോക്താവും തമ്മിൽ കരാറിലേർപ്പെട്ട് 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

2017-18 വർഷം മുതലാണ് പി.എം.എ.വൈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കി തുടങ്ങിയത്. 2021-22 വർഷം മുതൽ ആയത് ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ) അടിസ്ഥാനത്തിലാണ് ഓരോ ഘട്ടം പ്രവർത്തനത്തിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുൾപ്പെടെയുള്ള കാര്യങ്ങൾ നടക്കുന്നത്. വിവിധ ഡി.പി.ആർ പ്രകാരം ഭവന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം -8 തീയതി 12.04.23)

| ഡി പി ആർ ഘട്ടങ്ങൾ | ഗുണഭോക്താക്കളുടെ എണ്ണം | കരാർ വെച്ചവരുടെ എണ്ണം | ആദ്യ ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | നാലാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്ത വരുടെ എണ്ണം |
|---|---|---|---|---|---|---|---|
| I | 183 | 183 | 183 | 182 | 176 | 176 | 7 |
| II | 115 | 115 | 115 | 115 | 115 | 114 | 1 |
| III | 30 | 30 | 30 | 30 | 30 | 30 | 0 |
| IV | 159 | 159 | 159 | 141 | 120 | 116 | 43 |

2021-22 ൽ ലഭ്യമായ ഫണ്ടുകളുടെ വിവരം (തുക ലക്ഷത്തിൽ)

| ഡി പി ആർ | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ഹഡ്കോ ലോൺ | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|---|
| I | 258.75 | 86.25 | 300.00 | - | 645 |
| II | 156 | 52 | - | - | 208 |
| III | 41.55 | 13.85 | - | - | 55.4 |
| IV | 198 | 66.00 | - | - | 264.00 |

## 1-52 PMAY ലൈഫ് ഭവനനിർമ്മാണം-നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

| ക്രമ നമ്പർ | പേര് | ആകെ കൈപ്പറ്റിയ തുക | തുടർനടപടി വിവരം |
|---|---|---|---|
| DPR I | | | |
| 1 | സുലേഖബീവി, വയലരികത്ത് വീട് | 40000 | തുക തിരികെ ഒടുക്കി |
| 2 | സുനിത, ചാലുവിള | 360000 | വീടിന്റെ നമ്പർ ലഭിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ചതായി അറിയിച്ചിട്ടുണ്ട്. |
| 3 | ലക്ഷ്മി, കൊച്ചുവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 4 | സുജിത,അമൃത ഹൌസ് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 5 | റംല,കുന്നിൽ പുറമ്പോക്ക് | 360000 | ടോയ് ലറ്റ് ഇല്ലാത്തതിനാൽ അവസാന ഗഡു നൽകിയിട്ടില്ല. |
| 6 | ലളിത,പുതുവൽ വീട് | 360000 | ടോയ് ലറ്റ് ഇല്ലാത്തതിനാൽ അവസാന |

| | | | |
|---|---|---|---|
| | | | ഗഡു നൽകിയിട്ടില്ല. |
| 7 | ലീന,വയലിൽ വീട് | 360000 | ടോയ് ലറ്റ് ഇല്ലാത്തതിനാൽ അവസാന ഗഡു നൽകിയിട്ടില്ല. |
| **DPR II** | | | |
| 8 | അംബിക,കൊച്ചുവീട് | | വീടിന്റെ നമ്പർ ലഭിച്ചിട്ടില്ല |
| **DPR IV** | | | |
| 9 | ബിന്ദു.ആർ, കല്ലുവിള | 200000 | കോവിഡ് മഹാമാരിമൂലം ഭവനനിർമ്മാണം മുടങ്ങി. |
| 10 | രേഖ.എസ്,മീനൂസ് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 11 | ബിന്ദ, കനാൽപുറമ്പോക്ക് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 12 | ഷെർലി,വാഴവിളവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 13 | ആമിന,കനാൽപുറമ്പോക്ക് | 200000 | KSEBയിൽ നിന്നും NOCലഭ്യമായിട്ടില്ല |
| 14 | ചിത്ര, പുതുവൽ | 200000 | നിർമ്മാണം പൂർത്തിയാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| 15 | വിജി.വി, പുത്തൻവീട് | 200000 | നിർമ്മാണം പൂർത്തിയാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| 16 | വിദ്യ, പ്ലാവിളവീട് | 200000 | നിർമ്മാണം പൂർത്തിയാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| 17 | ഗംഗ.ഒ, കനാൽപുറമ്പോക്ക് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 18 | താര, കനാൽപുറമ്പോക്ക് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 19 | രാധ,ചന്തവിളവീട് | 200000 | നോട്ടീസ് നൽകിയിട്ടുണ്ട് |
| 20 | ശാലിനി,കനാൽപുറമ്പോക്ക് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 21 | ജ്യോതി, കുരവിള | 360000 | വീടിന് നമ്പരിടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 22 | അബൂസത്ത്ബീവി,ഒ.വി.ഹൌസ് | 200000 | നോട്ടീസ് നൽകിയിട്ടുണ്ട് |
| 23 | കവിത,കൊടിയിൽ വീട് | 40000 | തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 24 | ശാലിനി,വൈഷ്ണവം | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| 25 | ശാലിനി, പൊട്ടക്കുളം | 200000 | നോട്ടീസ് നൽകിയിട്ടുണ്ട് |
| 26 | രാഹി, കല്ലുനാട്ടിൽവീട് | 360000 | ടോയ് ലറ്റ് ഇല്ലാത്തതിനാൽ അവസാന ഗഡു നൽകിയിട്ടില്ല. |
| 27 | ജിസ്സി,കുന്നുവിളാകത്ത് വീട് | 40000 | തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 28 | സുനിത.എസ്,കനാൽപുറമ്പോക്ക് | 40000 | തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 29 | മീന,പുതുവൽപുത്തൻവീട് | 200000 | നോട്ടീസ് നൽകിയിട്ടുണ്ട് |
| 30 | രേവതി,തേക്കുവിളവീട് | 40000 | തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| 31 | ബിന്ദു.എസ്, തേക്കുവിള | 200000 | നോട്ടീസ് നൽകിയിട്ടുണ്ട് |
| 32 | ബദറുന്നിസ,കനാൽപുറമ്പോക്ക് | 40000 | നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| 33 | അമ്മിണി,പുത്തൻവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 34 | ഷീജ, വിളയിൽവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 35 | ലതിക, പുതുവൽവീട് | 360000 | ടോയ് ലറ്റ് ഇല്ലാത്തതിനാൽ അവസാന ഗഡു നൽകിയിട്ടില്ല. |
| 36 | സജിദാബീവി,ചാമവിള | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 37 | ജമീലബീവി,കാഞ്ഞിരംകുഴിവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 38 | ജസീറ, സാബുലാന്റ് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 39 | പ്രീജ.എസ്,കാഞ്ഞിരംകുഴി | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 40 | അംബിക,ആശാൻപറമ്പ് | 360000 | ടോയ് ലറ്റ് ഇല്ലാത്തതിനാൽ അവസാന ഗഡു നൽകിയിട്ടില്ല. |
| 41 | അനിത,വിളയിൽവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 42 | ഗംഗ,കനാൽപുറമ്പോക്ക് | 360000 | ടോയ് ലറ്റ് ഇല്ലാത്തതിനാൽ അവസാന ഗഡു നൽകിയിട്ടില്ല. |
| 43 | സൂസ്സമ്മ,നയനം | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 44 | ഉഷ,കോവളത്തിൽവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 45 | തങ്കമണി,ലീലഭവനം | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 46 | ഗീത,ചാലുവിളവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 47 | ഉഷ,പുതുവൽവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 48 | രഞ്ചിനി,എം.എസ്.സദനം | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 49 | ഗീത,പണയിൽവീട് | 360000 | ടോയ് ലറ്റ് ഇല്ലാത്തതിനാൽ അവസാന ഗഡു നൽകിയിട്ടില്ല. |
| 50 | ഷൈലജ.ഇഞ്ചിപുല്ലുവിള | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 51 | ശാലിനി,ലക്ഷംവീട് | 360000 | അവസാന ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ ഭവനനിർമ്മാണം തുടരില്ല എന്നുറപ്പായവരുണ്ടെങ്കിൽ മുൻകൂർ ആയി അവർക്ക് നൽകിയ തുക തിരിച്ചടപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അവരെ പദ്ധതിയിൽ നിന്നൊഴിവാക്കേണ്ടതുമാണ്. ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-53 ഭിന്നശേഷിക്കാർക്ക് പെട്ടിക്കട- എല്ലാ കടകളും പ്രവർത്തനക്ഷമമാക്കണം

| പദ്ധതിയുടെ പേര് | ഭിന്നശേഷിക്കാർക്ക് | ഭിന്നശേഷിക്കാരായ | ഭിന്നശേഷിക്കാരായ |
|---|---|---|---|

| | | | |
|---|---|---|---|
| | പെട്ടിക്കട | സ്ത്രീകൾക്ക് പെട്ടിക്കട (SO) | സ്ത്രീകൾക്ക് പെട്ടിക്കട |
| നിർവ്വഹണോദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷർ ഓഫീസർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷർ ഓഫീസർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷർ ഓഫീസർ |
| പ്രോജക്ട് നമ്പർ | 126/22 | 237/22 | 73/22 |
| അടങ്കൽ | 2,40,000/- വികസനഫണ്ട് | 3,50,000/- വികസനഫണ്ട് | 4,40,000/- വികസനഫണ്ട് |
| ചെലവ് | 1,50,000/- | 2,75,000/- | 2,75,000/- |
| ബിൽ നമ്പർ | 450/22.3.22-30,000/-<br>468/23.3.22-30,000/-<br>470/23.3.22-30,000/-<br>491/25.3.22-30,000/-<br>492/25.3.22-30,000/- | 400/15.3.22-110000/-<br>403/15.3.22-55000/-<br>449/22.3.22-55000/-<br>469/23.3.22-55000/- | 404/15.3.22-55000/-<br>431/18.3.22-55000/-<br>471/23.3.22-55000/-<br>505/26.3.22-55000/-<br>331/22.2.22- 55000/- |

2021-22 വർഷം ഭിന്നശേഷിക്കാർക്ക് പെട്ടിക്കട നൽകുന്ന 3 പദ്ധതികൾ പ്രകാരം ആകെ 15 ഗുണഭോക്താക്കൾക്ക് പെട്ടിക്കട അനുവദിച്ചിട്ടുണ്ട്. 2021-22 വർഷം പ്രസ്തുത പെട്ടിക്കടകൾ പ്രവർത്തിച്ചിരുന്നോ എന്ന വിവരവും പ്രസ്തുത പെട്ടിക്കടകളുടെ നിലവിലെ അവസ്ഥയും വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 36 തീയതി 18.04.23 ന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ. മുഹമ്മദ് റാഫി, ശ്രീ. അനന്തു, ശ്രീമതി അജിത കുന്നവിളാകം വീട്, ശ്രീമതി നീന എന്നിവർക്ക് അനുയോജ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ പെട്ടിക്കടയുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല എന്നറിയിച്ചിരിക്കുന്നു. ഭിന്നശേഷിക്കാരുടെ ഉപജീവനത്തിനായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിനായി കടമുറികൾ ഉടൻ തന്നെ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-54 ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങൽ -ലക്ഷ്യപ്രാപ്തി വിലയിരുത്തണം

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 143/22 |
| അടങ്കൽ | 51,00,000/- വികസനഫണ്ട് SCP |
| ചെലവ് | 42,75,000/- |
| ബിൽ നമ്പർ | 600000-429/18.3.22<br>300000-441/22.3.22<br>600000-442/22.3.22<br>600000-443/22.3.22<br>300000-462/23.3.22<br>300000-483/25.3.22<br>600000-484/25.3.22<br>675000-506/26.3.22<br>300000-521/26.3.22 |

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങൽ പദ്ധതി പ്രകാരം 2021-22 വർഷം 15 ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ ഭവനനിർമ്മാണം നടത്തിയിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കുന്നതിനായി

നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10 തീയതി 12.04.23ന് ലഭ്യമാക്കിയ മറുപടിയിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ ഭവനനിർമ്മാണം നടത്തി എന്നുറപ്പാക്കി പ്രസ്തുത പദ്ധതിയുടെ ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തേണ്ടതാണ്.

## 1-55 എം.ജി കോളനിയിൽ വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം -സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ശ്രീനിവാസപുരം എം.ജി കോളനിയിൽ തണൽ പദ്ധതി പ്രകാരം പട്ടിക ജാതിക്കാർക്കായി നഗരസഭ ധനസഹായം നൽകി പണിത വീടുകളിൽ വാസയോഗ്യമല്ലാത്ത വീടുകൾക്ക് പകരം പുതിയ വീട് നിർമ്മാണം 2020-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 236/22 |
| അടങ്കൽ | 45,00,000/- വികസനഫണ്ട് |
| ചെലവ് | 31,90,000/- |
| ബിൽ നമ്പർ | 800000-64/31.8.21<br>160000-68/1.9.21<br>320000-88/22.9.21<br>60000-90/22.9.21<br>240000-91/22.9.21<br>120000-94/28.9.21<br>240000-140/29.10.21<br>160000-151/18.11.21<br>160000-267/1.2.22<br>160000-315/19.2.22<br>160000-356/9.3.22<br>210000-360/9.3.22<br>60000-368/9.3.22<br>120000-411/17.3.22<br>160000-425/18.3.22<br>60000-311/16.2.22 |

1) വർക്കല നഗരസഭയിൽ നിന്നും 2002-2003 സാമ്പത്തിക വർഷം തണൽ പദ്ധതി പ്രകാരം ശ്രീനിവാസപുരം എം.ജി കോളനിയിൽ വീടുകൾ വച്ച് നൽകിയിരുന്നു. അതിൽ പൊളിഞ്ഞ് വാസയോഗ്യമല്ലാത്ത 20 ഭവനങ്ങൾ പുതുതായി പണിയുന്നതിനായി 2020-21 ൽ പദ്ധതി തയ്യാറാക്കി. ഒരു ഗുണഭോക്താവിന് 4 ലക്ഷം രൂപ വീതമാണ് വകയിരുത്തിയിരുന്നത്.

സബ്സിഡി മാർഗരേഖ പ്രകാരം നഗരസഭകളിൽ PMAY ലൈഫ് ഭവനപദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് മാത്രമേ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുവാൻ പാടുള്ളൂ എന്നിരിക്കെ ലൈഫ് ഭവനപദ്ധതിയിലുൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിനാൽ കേന്ദ്ര സംസ്ഥാന വിഹിതമായി നഗരസഭയ്ക്ക് തുക ലഭിക്കാത്ത സാഹചര്യമുണ്ടായി. PMAYലൈഫ് ഭവനപദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന 400000/- രൂപയിൽ 150000/- രൂപ കേന്ദ്ര വിഹിതവും, 50000/- രൂപ സംസ്ഥാന വിഹിതവും ബാക്കിയുള്ള 200000/- രൂപ നഗരസഭ വിഹിതവുമാണ്. എന്നാൽ ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താത്തത് കാരണം മുഴുവൻ തുകയും നഗരസഭയുടെ വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വന്നു. ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയതെന്ന് ഓഡിറ്റ് എൻക്വയറി നം. 11/12.04.2023 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളെ നാളിതുവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2) പദ്ധതിയിലുൾപ്പെട്ട ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കളും നഗരസഭയുമായുള്ള 14.8.2020 ലെ കരാർ പ്രകാരം 3 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു.

| പേര് | ആദ്യ ഗഡു കൈപ്പറ്റിയത് | നാളിതുവരെ നൽകിയ തുക |
|---|---|---|
| പ്രേമലത, എം.ജി കോളനി, ശ്രീനിവാസപുരം | 9/21 | 3,40,000 |
| മണിയൻ, എം.ജി കോളനി, ശ്രീനിവാസപുരം | 3/21 | 3,40,000 |
| ബേബി, എം.ജി കോളനി, ശ്രീനിവാസപുരം | 3/21 | 3,40,000 |
| സാവിത്രി, എം.ജി കോളനി, ശ്രീനിവാസപുരം | 3/21 | 3,40,000 |
| അരുന്ധതി, എം.ജി കോളനി, ശ്രീനിവാസപുരം | 4/21 | 3,40,000 |
| ഉഷ, എം.ജി കോളനി, ശ്രീനിവാസപുരം | 10/20 | 3,40,000 |
| സുഭദ്ര, എം.ജി കോളനി, ശ്രീനിവാസപുരം | 2/21 | 3,40,000 |
| കമല, എം.ജി കോളനി, ശ്രീനിവാസപുരം | 2/21 | 3,40,000 |

പ്രസ്തുത ഭവനങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 11 തീയതി 12.04.23ന് ലഭ്യമാക്കിയ മറുപടിയിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ തന്നെ അവസാന ഗഡു അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണവിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-56 പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 04/22 |
| അടങ്കൽ | 18,00,000/- വികസനഫണ്ട് SCP |
| ചെലവ് | 6,25,000/- |
| ബിൽ നമ്പർ | 50000-233/19.1.22<br>50000-253/28.1.22<br>50000-262/29.1.22<br>125000-318/19.2.22<br>75000-358/9.3.22<br>75000-362/9.3.22<br>50000-364/9.3.22<br>50000-366/9.3.22<br>100000-461/23.3.22 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 8 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ട ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പേര് | ആദ്യ ഗഡു കൈപ്പറ്റിയത് | നാളിതുവരെ നൽകിയ തുക |
|---|---|---|
| രോഹിണി.എസ്, പടിഞ്ഞാറ്റതിൽ വീട് | 23.3.22 | 125000 |
| രഞ്ചിനി, എ.എ നിവാസ് | 19.2.22 | 125000 |

നിലവിലെ അവസ്ഥ വിശദമാക്കുന്നതിനും നിർമ്മാണം നടത്തിയിട്ടില്ലാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം. 12 തീയതി 12.04.23ന് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർവിവരങ്ങൾ റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 1-57 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - നിർമ്മാണം പൂർത്തിയായിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നമ്പർ | 03/22 |
| അടങ്കൽ | 52,20,730/- വികസനഫണ്ട് SCP |
| ചെലവ് | 43,44,316/- |
| ബിൽ നമ്പർ | 975000-171/21.12.21<br>375000-192/2.1.22<br>525000-203/10.1.22<br>150000-229/19.1.22<br>75000-365/19.3.22<br>75000-286/7.2.22<br>225000-310/16.2.22<br>74316-312/16.2.22<br>75000-319/19.2.22<br>150000-359/9.3.22<br>450000-363/9.3.22<br>95000-427/18.3.22<br>75000-480/25.3.22<br>150000-527/27.3.22<br>75000-551/30.3.22<br>75000-254/28.1.22<br>150000-261/29.1.22<br>575000-285/7.2.22 |

പദ്ധതിയിലുൾപ്പെട്ട ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.

| പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | നാളിതുവരെ നൽകിയ തുക | ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| സുഗന്ധി, പുതുവൽകുന്നപുറത്ത് വീട് | 21.12.21 | 75000 | തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| മോഹനൻ, തൊടിയിൽ വീട് | 2.1.22 | 75000 | വാല്യുവേഷൻ ലഭ്യമാകുന്ന മുറയ്ക്ക് അടുത്ത ഗഡു നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| വിജയൻ,വിജയഭവൻ | ലഭ്യമല്ല | 75000 | ഭവനപുനരുദ്ധാരണം നടത്തിയിട്ടില്ല എന്ന് എഇ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

പ്രസ്തുത ഭവനങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കുന്നതിനും ഭവനപുനരുദ്ധാരണം നടത്തിയിട്ടില്ലാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം വിശദമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം. 9 തീയതി 12.04.23 ന് ലഭ്യമാക്കിയ മറുപടിയിൽ ഭവനപുനരുദ്ധാരണം നടത്താത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ ഭവനനിർമാണം തുടരില്ല എന്നുറപ്പായവരുണ്ടെങ്കിൽ മുൻകൂർ ആയി അവർക്ക് നൽകിയ തുക തിരിച്ചടപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതും അവരെ പദ്ധതിയിൽ നിന്നൊഴിവാക്കേണ്ടതുമാണ് .

## 1-58 ജീവനക്കാരിൽ നിന്നും ദേശീയ പെൻഷൻ പദ്ധതി വിഹിതം ഈടാക്കിയിട്ടില്ല

കോവിഡിന്റെ ഭാഗമായി 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ജീവനക്കാരുടെ മാറ്റിവെച്ച ശമ്പളം തിരികെ നൽകുമ്പോൾ ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിന് സ.ഉ(അ).നം.122/2021/ധന തീ.01.09.2021, സർക്കുലർ നം.71/2021/ധന തീ. 03.09.2021 എന്നിവ പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം 2020 മാർച്ച് മാസത്തിലെ എൻ.പി.എസ് കോൺട്രിബ്യൂഷന് തുല്യമായ തുക Deferred Salaryയുടെ അവസാന ഗഡുവിൽ നിന്നും കുറവ് ചെയ്യേണ്ടതും തുല്യമായ സർക്കാർ വിഹിതവും ചേർത്ത് PRAN അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിലെ ജീവനക്കാരുടെ മാറ്റിവെച്ച ശമ്പളം തിരികെ നൽകിയപ്പോൾ എൻ.പി.എസ് വിഹിതം കുറവ് ചെയ്ത് ദേശീയ പെൻഷൻ പദ്ധതി അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (77/26.04.2023) മറുപടിയിൽ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട 22 ജീവനക്കാരിൽ നിന്നും തുക ഈടാക്കി ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-59 സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ മെഷീൻ വാങ്ങി സ്ഥാപിക്കൽ- പ്രൊക്യൂർമെന്റ് നടപടികളിൽ അപാകം

| ക്രമ നം | 1 | 2 |
|---|---|---|
| പ്രോജക്ട് നം | SO291/22 | SO293/22 |
| പ്രോജക്ടിന്റെ പേര് | വിവിധ സ്കൂളിൽ ഇൻസിനറേറ്റർ വാങ്ങൽ | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ഇൻസിനറേറ്റർ വാങ്ങൽ |
| നിർവഹണം | ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 380000/- (ധന. കമ്മീഷൻ ഗ്രാന്റ്) | 380000/- (ധന.കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 348400/- | 280500/- |
| ബിൽ നം. | 498/26.03.2022 | 499/26.03.2022 |

നഗരസഭക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലും വിവിധ സർക്കാർ സ്കൂളുകളിലും സാനിട്ടറി നാപ്കിൻ ഇൻസിനറേറ്റർ മെഷീൻ വാങ്ങി സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 16.12.2021 തീയതിയിൽ ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത എ.ബി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ക്രമ നമ്പർ(2) പ്രോജക്ട് പ്രകാരവും രണ്ടാമത് കുറവ് തുക ക്വാട്ട് ചെയ്ത ഫ്ലോററ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും ക്രമ നമ്പർ(1) പ്രോജക്ട് പ്രകാരവും സാനിട്ടറി നാപ്കിൻ ഇൻസിനറേറ്റർ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം സ.ഉ(പി)നം.259/2010/തസ്വഭവ തീയതി. 08.11.2010, പ്രകാരം വാർഷിക പ്രൊക്യൂർമെന്റ് നടപ്പാക്കുമ്പോൾ, ഒരേ ഇനങ്ങൾ വാർഷിക ആവശ്യം മുൻനിർത്തി ഒരുമിച്ച് വാങ്ങേണ്ടതാണ്. കൂടാതെ 5 ലക്ഷം രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഇ ടെൻഡർ നടപടി ക്രമം പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (സ.ഉ(എം.എസ്)നം.13/2015/ ഐ.റ്റി.ഡി തീ.12.05.2015). എന്നാൽ മേൽ പ്രോജക്ടുകളിൽ ഒരേ സ്പെസിഫിക്കേഷനിലുള്ള ഇൻസിനറേറ്റർ വാങ്ങുന്നതിന് വ്യത്യസ്ത ടെൻഡർ നടപ്പാക്കിയാണ് വാങ്ങൽ നടത്തിയത്. കൂടാതെ ആകെ മതിപ്പ് വില 760000/- രൂപയുള്ള മേൽ പ്രോജക്ട് പ്രകാരമുള്ള വാങ്ങലിന് ഇ ടെൻഡർ നടപ്പാക്കിയിട്ടില്ല.

2) മേൽ പ്രോജക്ടുകൾ പ്രകാരം ടെൻഡർ സമർപ്പിച്ചതിൽ ഉപകരണത്തിന്റെ സാമ്പിൾ ഹാരാക്കിയ സ്ഥാപനങ്ങളുടെ വിവരവും സമർപ്പിച്ച ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും (പ്രധാനപ്പെട്ടത്) ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/ വാങ്ങിയ ഉപകരണം | സ്പെസിഫിക്കേഷൻ(പ്രധാനപ്പെട്ടത്) | നിരക്ക് |
|---|---|---|---|
| 1 | എ.ബി എന്റർപ്രൈസസ്<br>NAPKIN INCINERATOR 503 | Capacity Per Cycle – 15-20 Napkins Per Cycle Or Higher<br>Capacity Per Day-180-200 Napkins Per Day<br>Warranty – 1 Year | 18768/- |
| 2 | ഫ്ലോററ്റ് ടെക്നോളജീസ്<br>FEMMINA , FLT POSE 15 | Capacity Per Cycle – 15-20 Napkins Per Cycle<br>Capacity Per Day-150-200 Napkins Per Day<br>Warranty – 1 Year | 26800/- |

വർക്കല ഐ.റ്റി.ഐ യിൽ നിന്നും ലഭിച്ച പരിശോധന റിപ്പോർട്ട് പ്രകാരം മേൽ രണ്ട് സ്ഥാപനങ്ങൾ സമർപ്പിച്ച ഉപകരണങ്ങളും ടെൻഡർ പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ ഉള്ളതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരേ സ്പെസിഫിക്കേഷനിലുള്ള( Capacity Per Cycle And Capacity Per Day )ഉപകരണങ്ങളിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന് ടെൻഡർ അനുവദിക്കാതെ രണ്ട് സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

3) എ.ബി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സാനിട്ടറി നാപ്കിൻ ഇൻസിനിറേറ്റർ മെഷീനുകൾ (NAPKIN INCINERATOR 503) 2016 ലെ ഖരമാലിന്യ സംസ്കരണ നിയമ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകളോ വിവരമോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(06/11.04.2023) മറുപടിയിൽ വ്യത്യസ്ത പ്രോജക്ടുകളായതിനാലാണ് പ്രത്യേകം ടെൻഡർ ക്ഷണിച്ചതെന്നും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് രണ്ട് സ്ഥാപനങ്ങൾക്കും ടെൻഡർ അനുവദിച്ചത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ വർക്കല ഐ.റ്റി.ഐ. യിൽ നിന്നും ലഭിച്ച പരിശോധന റിപ്പോർട്ട് പ്രകാരമാണ് ടെൻഡർ അനുവദിച്ചത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ രണ്ട് സ്ഥാപനങ്ങൾക്കും ടെൻഡർ നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. കൂടാതെ എ.ബി എന്റർപ്രൈസസ് എന്ന സ്ഥാപനം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് നടപടികളിലെ മേൽ അപാകങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-60 മാലിന്യ സംസ്കരണത്തിനായി വീടുകളിൽ ബയോ കമ്പോസ്റ്റർ ബിൻ- വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | SO275/22 |
| പ്രോജക്ടിന്റെ പേര് | മാലിന്യ സംസ്കരണത്തിനായി വീടുകളിൽ ബയോ കമ്പോസ്റ്റർ ബിൻ |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 7200000/- (3002400ധന. കമ്മീഷൻ ഗ്രാന്റ്+2520000 കേന്ദ്രാ.ഫണ്ട്+1677600 സംസ്ഥാന.ഫണ്ട്) |
| ചെലവ് | 5760000/- (3002400+2520000+237600) |

ഉറവിട മാലിന്യ സംസ്കരണ സംവിധാനം ലഭ്യമല്ലാത്ത 4000 വീടുകൾക്ക് മാലിന്യ സംസ്കരണത്തിനായി ബയോ കമ്പോസ്റ്റർ ബിൻ വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി പ്രകാരം 2021-22 വർഷത്തിൽ ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ നിന്നും 3200 ബയോ കമ്പോസ്റ്റ് ബിൻ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ബിന്നുകൾ വിതരണം ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വീട് നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾ കൈപ്പറ്റിയ തീയതി, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2) ഐ.ആർ.ടി.സി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് ആകെ 5760000/- രൂപ 2021-22 വർഷം അനുവദിച്ചിട്ടുണ്ട്. എന്നാൽ വിവിധ ബില്ലുകളിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് എന്നിവ കുറവ് ചെയ്തിട്ടില്ല.

3) ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്ററുടെ 16.11.2021 ലെ 100/DSM/TVPM/TS003/21 നമ്പർ കത്ത് പ്രകാരം പ്രോജക്ടിന്റെ പുരോഗതി ജില്ലാശുചിത്വ മിഷൻ മോണിറ്ററിംഗ് നടത്തുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മോണിറ്ററിംഗ് റിപ്പോർട്ടും നഗരസഭ മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം നിലവിലുള്ളവയുടെയും ഇല്ലാത്തവയുടെയും വീടുകളുടെ ലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/13.04.2023)ലഭിച്ച മറുപടിയിൽ ഹരിതകർമ്മസേന വഴി അംഗത്വമെടുത്ത വ്യക്തികൾക്കാണ് ബിൻ നൽകിയിട്ടുള്ളതെന്നും ബിൽ പ്രകാരം ഈടാക്കേണ്ട ജി.എസ്.ടി, ടി.ഡി.എസ് എന്നിവ 2022-23 വർഷം മുതൽ ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗ് നടപ്പാക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കേണ്ടതും പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കി രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-61 ഖരമാലിന്യപ്ലാന്റിലെ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യൽ- വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | SO247/22 |
| പ്രോജക്ടിന്റെ പേര് | പ്ലാന്റിലെ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യൽ(സ്പിൽ ഓവർ) |
| | |

| | |
|---|---|
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 4000000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 3457305/- |

നഗരസഭയിലെ കണ്വാശ്രമം ഖരമാലിന്യ പ്ലാന്റിലെ അജൈവ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 2020-21 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം ടെൻഡർ ക്ഷണിക്കുകയും കിലോഗ്രാമിന് ജി.എസ്.ടി ഉൾപ്പെടെ 9 രൂപ നിരക്ക് ക്വാട്ട് ചെയ്ത ഗ്രീൻ വോംസ് എക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് പദ്ധതിയുടെ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിനിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം(ജി.ഒ(പി)നം.259/2010/തസ്വഭവ തീ.08.11.2010) ഓപ്പൺ ടെൻഡർ നടപ്പാക്കുമ്പോൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയുടെ ടെൻഡറുമായി ബന്ധപ്പെട്ട് പത്രപ്പരസ്യം നൽകിയിട്ടില്ല.

2) കണ്വാശ്രമം ഖരമാലിന്യ പ്ലാന്റിലെ 250 ടൺ അജൈവ നിഷ്ക്രിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് ടെൻഡർ ക്ഷണിച്ചത്. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നീക്കം ചെയ്യേണ്ട മാലിന്യങ്ങളുടെ അളവ് നിശ്ചയിക്കാതെയാണ് 250 ടൺ എന്ന അളവ് രേഖപ്പെടുത്തി മേൽ പ്രവൃത്തിയുടെ ടെൻഡർ നടപ്പാക്കിയത്.

3) ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗിന്റെ(ടെക്നിക്കൽ) ജി.ഒ (പി)നം.167/2020/ഫിൻ തീ.31.12.2020 ഉത്തരവ് പ്രകാരം 500 $M^3$ മുകളിൽ വ്യാപ്തമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ(Para 2.1 Report Of Initial Level) ചീഫ് ടെക്നിക്കൽ എക്സാമിനറിന് പ്രസ്തുത വിവരങ്ങൾ നിശ്ചിത ഫോർമാറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്.

4) മേൽ പ്രവൃത്തിയ്ക്ക് ജി.എസ്. ടി ഉൾപ്പടെ കിലോ ഗ്രാമിന് 9 രൂപ നിരക്കാണ് ഗ്രീൻ വോംസ് എക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തത്. എന്നാൽ പ്രവൃത്തിയുടെ ബിൽ തുക അനുവദിച്ചപ്പോൾ 2 % ജി എസ് ടി(റ്റി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല. (പ്രസ്തുത പ്രവൃത്തിയെ ആർട്ടിക്കിൾ 243 W പ്രകാരം പ്യൂവർ സർവ്വീസായി കണക്കാക്കി ജി.എസ്.ടി ഒഴിവാക്കിയതായി ടെൻഡർ നോട്ടീസിൽ വ്യക്തമാക്കിയിട്ടില്ല).

ടെൻഡർ പരസ്യം നൽകുന്നതിന് നഗരസഭയിൽ നിന്നും പത്രസ്ഥാപനത്തിന് കത്ത് നൽകിയെങ്കിലും വാർത്ത പ്രസിദ്ധികരിച്ചില്ല എന്നും പ്രസ്തുത പ്രവൃത്തിയെ ആർട്ടിക്കിൾ 243 W പ്രകാരം പ്യൂവർ സർവ്വീസായി കണക്കാക്കിയാണ് ജി.എസ്.ടി ഒഴിവാക്കിയതെന്നും ആയത് ടെൻഡർ നോട്ടീസിൽ വ്യക്തമാക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മറ്റ് അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.17/13.04.2023നുള്ള മറുപടി). മേൽ വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-62 ശുചീകരണ സാമഗ്രികൾ വാങ്ങൽ - പ്രൊക്യൂർമെന്റ് നടപടികളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | SO282/22 |
| പ്രോജക്ടിന്റെ പേര് | ശുചീകരണ സാമഗ്രികൾ വാങ്ങൽ |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 2000000(ധന. കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 754471/- |

നഗരസഭയിൽ 2021-22 വർഷത്തിൽ ശുചീകരണ സാധനങ്ങൾ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 2021-22 വർഷത്തിൽ വിവിധ കാലയളവിൽ ശുചീകരണ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ കൊല്ലം സിഡ്കോ സെയിൽസ് എംപോറിയത്തിൽ നിന്നും 499471/- രൂപയ്ക്ക് ടെൻഡർ കൂടാതെ വിവിധ ശുചീകരണ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. സ.ഉ(സാധാ)നം.1696/2018/തസ്വഭവ തീ.22.06.2018 പ്രകാരം സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ (എം.എസ്.എം.ഇ) ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാത്രമാണ് ടെൻഡർ കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരം വാങ്ങിയ വിവിധ ഉല്പന്നങ്ങൾ സിഡ്കോയിൽ ഉല്പാദിപ്പിക്കുന്നതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ കരാർ വ്യവസ്ഥയിലും ഇൻവോയിസിലും ആയത് വ്യക്തമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/13.04.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-63 ഹരിതമിത്രം സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - കളക്ഷൻ വിവരങ്ങൾ

**പൊരുത്തപ്പെടുന്നില്ല.**

| | |
|---|---|
| **പദ്ധതി നമ്പർ** | S0292/22 |
| **പദ്ധതിയുടെ പേര്** | സ്മാർട്ട്ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| **നിർവഹണ ഉദ്യോഗസ്ഥൻ** | ഹെൽത്ത് ഓഫീസർ |
| **അടങ്കൽ തുക** | 824830/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| **ചെലവ്** | 763000/- |

തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണം നടപ്പാക്കുന്നതിനായി ഹരിതകേരള മിഷനും ശുചിത്വമിഷനും ചേർന്ന് കെൽട്രോണിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഹരിതമിത്രം സ്മാർട്ട് ഗാർബേജിംഗ് മോണിറ്ററിംഗ് സിസ്റ്റം [സ.ഉ(സാധാ)നം.1967/2020/തസ്വഭവ തീ.21.10.2020].മേൽ പദ്ധതി പ്രകാരം നഗരസഭയും കെൽട്രോണും, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററും തമ്മിൽ 14/03/2022 തീയതിയിൽ ഒരു ത്രികക്ഷി കരാറിൽ ഒപ്പുവെയ്ക്കുകയും [സ.ഉ(സാധാ)നം.493/2022/തസ്വഭവ തീ.02.03.2022]പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് 763000/-രൂപ അനുവദിച്ചിട്ടുമുണ്ട് [സ.ഉ(സാധാ)നം.670/2022/തസ്വഭവ തീ.19.03.2022]. ലാപ്ടോപ്പ് ലഭ്യമാക്കൽ, സർവീസ് ചാർജ്, SMS ചാർജ്, QR കോഡ് പ്രിന്റിങ് ചാർജ് എന്നീ ഇനങ്ങൾക്ക് വേണ്ടിയാണ് കെൽട്രോണിന് തുക നല്കിയിരിക്കുന്നത്(സ.ഉ(സാധാ)നം.2307/2021/തസ്വഭവ തീ.18.11.2021].

നിലവിൽ നഗരസഭയിൽ 31 ഹരിതകർമ്മസേന അംഗങ്ങളാണ് ഉള്ളത്. മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി രണ്ട് എം.സി.എഫുകളും ഒരു ആർ.ആർ.എഫും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഹരിത കർമ്മസേന യൂസർഫീ രജിസ്റ്ററും ഹരിതമിത്രം ആപ്ലിക്കേഷനും പരിശോധിച്ചതിൽ താഴെപ്പറയും പ്രകാരം വ്യത്യാസം കാണുന്നു.

| **മാസം** | **കളക്ഷൻ രജിസ്റ്റർ പ്രകാരം** | **ആപ്ലിക്കേഷൻ പ്രകാരം** |
|---|---|---|
| ജനുവരി 2023 | 605955 | 532068 |
| ഫെബ്രുവരി 2023 | 581470 | 545750 |
| മാർച്ച് 2023 | 611885 | 596955 |

കളക്ഷൻ തുകകളിലെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കുന്നതിന് നിർദ്ദേശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ(13/12.04.2023)ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിക്കുന്ന സമയത്ത് ഇന്റർനെറ്റ് കണക്ഷൻ ലഭിക്കാത്തതുമൂലവും, QR കോഡ് സ്കാൻ ചെയ്യുന്നതിലെ അപാകങ്ങൾ മൂലവുമാണ് ഇത്തരത്തിൽ കളക്ഷൻ രേഖപ്പെടുത്തിയതിൽ അപാകത സംഭവിച്ചതെന്നും ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്ലിക്കേഷനിലെ കളക്ഷൻ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കെൽട്രോണുമായി ബന്ധപ്പെടേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-64 കമ്പോസ്റ്റ് സീവിംഗ് മെഷീൻ വാങ്ങൽ- വാങ്ങിയ മെഷീനുകൾ ഉപയോഗിക്കാതെ സൂക്ഷിക്കുന്നു. ചെലവ് തുകയായ 241000/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | S0245/22 |
| പ്രോജക്ടിന്റെ പേര് | കമ്പോസ്റ്റ് സീവിംഗ് മെഷീൻ വാങ്ങൽ 2020-21 |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 500000(ധന. കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 241000/- |
| ബിൽ നം | 385/10.03.2022 |

ജൈവവളത്തെ കമ്പോസ്റ്റ് സീവിംഗ് മെഷീൻ ഉപയോഗിച്ച് പൊടിച്ച് വില്പന നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം GeM സോഫ്റ്റ് വെയർ മുഖേന സോഹം ഇംപെക്സ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.298/27.03.2021 പ്രകാരം Municipal Solid Waste Single Shaft Shredder, Sl-Ss-3 എന്ന മെഷീൻ വാങ്ങിയിട്ടുണ്ട്. കണ്വാശ്രമം ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിലേയ്ക്കാണ് പ്രസ്തുത മെഷീൻ വാങ്ങിയിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) കമ്പോസ്റ്റ് സീവിംഗ് മെഷീൻ സോഹം ഇംപെക്സ് എന്ന സ്ഥാപനത്തിൽ നിന്നും ആണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഉപകരണം ലഭിച്ചതിന്റെ തീയതിയും ഇൻസ്റ്റലേഷൻ റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) ജൈവവളത്തെ കമ്പോസ്റ്റ് സീവിംഗ് മെഷീൻ ഉപയോഗിച്ച് പൊടിച്ച് വില്പന നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ മേൽ മെഷീന് ഉപയോഗിച്ച് ജൈവവളം നിർമ്മിച്ച് നാളിതുവരെ വില്പന നടത്തിയിട്ടില്ല.

3) കണ്വാശ്രമം ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിൽ 28.04.2023 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത മെഷീനുകൾ ഉപയോഗിക്കാതെ മാലിന്യങ്ങൾക്കിടയിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. കൂടാതെ കണ്വാശ്രമം ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിൽ വൈദ്യുതി ലഭ്യമല്ലാത്തതിനാൽ മറ്റ് വിവിധ മെഷീനുകൾ നിലവിൽ ഉപയോഗിക്കുന്നില്ല.






**കമ്പോസ്റ്റ് സീവിംഗ് മെഷീൻ** **ഷ്രെഡിംഗ് മെഷീൻ** **ബെയ്ലിംഗ് മെഷിൻ** **വൈദ്യുതി കണക്ഷൻ**

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (14/12.04.23,93/28.04.2023) മറുപടിയിൽ കമ്പോസ്റ്റ് സീവിംഗ് മെഷീൻ പ്ലാന്റിൽ നല്ല രീതിയിൽ പ്രവർത്തിച്ച് വരികെ കെ.എസ്.ഇ.ബിയുടെ സർവ്വീസ് കേബിൾ കത്തി വൈദ്യുതി വിഛേദിക്കപ്പെടുകയുണ്ടായെന്നും കെ.എസ്.ഇ.ബി യിൽ വിവരം അറിയിച്ചപ്പോൾ നിലവിലുള്ള ലോഡ് 5 കിലോ വാട്ടിൽ നിന്നും 25 കിലോ വാട്ട് ആയി ഉയർത്തണമെന്ന് നിർദ്ദേശം ലഭിക്കുകയുണ്ടായി എന്നും അറിയിച്ചു. ആയത് പ്രകാരം ലോഡ് ഉയർത്തുന്നതിനായി കെ.എസ്.ഇ.ബിയിൽ തുക ഒടുക്കി വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 2023 ജനവരി മാസം മുതലാണ് പ്ലാന്റിലെ വൈദ്യുത സംവിധാനത്തിൽ തകരാറ് സംഭവിച്ചിട്ടുള്ളത്. എന്നാൽ ജൈവവളത്തെ കമ്പോസ്റ്റ് സീവിംഗ് മെഷീൻ ഉപയോഗിച്ച് പൊടിച്ച് വില്പന നടത്തുന്ന നടപടികൾ പ്രസ്തുത കാലയളവിന് മുൻപും പ്ലാന്റിൽ സ്വീകരിച്ചിട്ടില്ല. മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ കമ്പോസ്റ്റ് സീവിംഗ് മെഷീൻ നാളിതുവരെ പദ്ധതി പ്രകാരമുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ മാലിന്യങ്ങൾക്കിയിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തിയതിനാൽ പ്രസ്തുത പ്രോജക്ട് ചെലവ് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ചെലവ് തുകയായ 241000/- രൂപ തടസപ്പെടുത്തുന്നു. പ്ലാന്റിലെ വൈദ്യുത സംവിധാനം പുനസ്ഥാപിക്കുന്നതിനും ഉപകരണങ്ങൾ പ്രവർത്തിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-65 താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് - പ്രൊക്യൂർമെന്റ് നടപടി ക്രമങ്ങളിൽ ഗുരുതരമായ വീഴ്ച- 1097072/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| **പദ്ധതി നമ്പർ** | S0297/22 |
| **പദ്ധതിയുടെ പേര്** | വർക്കല താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് അനുബന്ധ പ്രവൃത്തികൾ |
| **നിർവഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| **അടങ്കൽ തുക** | 1100000/- (മെയിന്റനൻസ് ഗ്രാന്റ് ) |
| **ചെലവ്** | 1097072/- |
| **ബിൽ നം** | 473/24.03.2022(61494)+423/18.03.2022(134944)+396/14.03.2022(252112)+290/10.02.2022(187080) + 313/19.02.22 (461442) |

വർക്കല താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് അനുബന്ധ പ്രവൃത്തികൾക്കായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച വിവരങ്ങളും പദ്ധതി തുക വകയിരുത്തിയ ഇനങ്ങളെ സംബന്ധിച്ചും സുലേഖ സോഫ്റ്റ് വെയറിലെ പ്രോജക്ട് രൂപീകരണ ഫോറത്തിൽ വ്യക്തമാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിലേയ്ക്കായി പെർപെക്ച്വൽ പവർ സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നും 30 KVA Online UPS വാങ്ങിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ലഭിച്ച റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥ പ്രകാരം ഉപകരണം വാങ്ങുന്ന സ്ഥാപനവുമായി താലൂക്ക് ആശുപത്രി കരാർ ചമയ്ക്കേണ്ടതും സെക്യൂരിറ്റി

ഡെപ്പോസിറ്റ് ഇനത്തിൽ സ്ഥാപനത്തിൽ നിന്നും തുക ഈടാക്കേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി ചമച്ച കരാർ, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഈടാക്കിയ തുകയുടെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) 30 KVA Online UPS വാങ്ങിയ ഇനത്തിൽ പെർപെക്ച്വൽ പവർ സർവ്വീസസ് എന്ന സ്ഥാപനത്തിന് 363204/- രൂപ അനുവദിച്ചിട്ടുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി, സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല.

3) 2013 ലെ സ്റ്റോർ പർച്ചേസ് മാനുവൽ അധ്യായം 6 പ്രകാരം പദ്ധതി പ്രകാരം ആവശ്യമായ സാധനങ്ങളുടെ വിവരം തയ്യാറാക്കി ഒരുമിച്ചാണ് വാങ്ങൽ നടത്തേണ്ടത്. കൂടാതെ ആവശ്യമുള്ള സാമഗ്രികളെ ചെറിയ അളവുകളായി വിഭജിക്കാൻ പാടില്ല എന്ന് അധ്യായം 7 ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വാങ്ങലിന്റെ ആകെ മൂല്യം ഒരു ലക്ഷം രൂപയിൽ അധികരിക്കുകയാണെങ്കിൽ ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതും പത്രപ്പരസ്യം നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം വിവിധ ഇലക്ട്രോണിക് ഉപകരണങ്ങളും മെഡിക്കൽ ഉപകരണങ്ങളും ഒരുമിച്ച് ടെൻഡർ നടപ്പാക്കി വാങ്ങുന്നതിന് പകരം ടെൻഡർ നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിനായി ഓരോ ഇനങ്ങൾക്കും പ്രത്യേകം ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഇപ്രകാരം ടെൻഡർ ഒഴിവാക്കിയതിനാൽ ഒരേ സ്ഥാപനത്തിൽ നിന്നും ഒരു ലക്ഷത്തിലധികം രൂപയ്ക്ക് വിവിധ ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

ഉദാഹരണമായി ഈഗിൾ അക്വാ എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ തവണകളായി 122038/- രൂപയ്ക്ക് ഇലക്ട്രോണിക് ഉപകരണങ്ങളും മെഡ്കാസ്റ്റൽ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും 192099/- രൂപയ്ക്ക് മെഡിക്കൽ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

4) താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇലക്ട്രിക് പ്രവൃത്തികൾ നടപ്പാക്കിയതിനായി VVK Solar And Wind Power Pvt Limited എന്ന സ്ഥാപനത്തിന് 44000/- രൂപയും അലൂമിനിയം ഫാബ്രിക്കേഷൻ പ്രവൃത്തി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് PR അലൂമിനിയം ഫാബ്രിക്കേഷൻ എന്ന സ്ഥാപനത്തിന് 37950/- രൂപയും അനുവദിച്ചിട്ടുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. കൂടാതെ പാൻകാർഡ് സമർപ്പിക്കാത്ത പ്രവൃത്തികൾ വകുപ്പ് 206 എഎ പ്രകാരം 20 % ആദായ നികുതി ഈടാക്കേണ്ടതാണ്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. കൂടാതെ നിർവഹണ ഏജൻസിയുടെ പാൻകാർഡ് വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) ഡയാലിസിസ് യൂണിറ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 47400/- രൂപയ്ക്ക് സിമ്പയോസിസ് വർക്കല എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പും പ്രിന്ററും വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരം ലാപ്ടോപ്പുകൾ GeM , CPRCS പോർട്ടൽ മുഖേനയാണ് വാങ്ങൽ നടത്തേണ്ടത് (സ.ഉ(പി)നം.07/19/എസ്.പി.ഡി തീ.26.04.2019, സർക്കുലർ നം.ഡി.എ.1/153/2020/ തസ്വഭവ തീ.07.09.2020) കൂടാതെ ലാപ്ടോപ്പുകൾ GeM , CPRCS പോർട്ടലിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ CPRCS പോർട്ടലിലെ അതേ സ്പെസിഫിക്കേഷനിലുള്ള വിലയുമായി താരതമ്യം ചെയ്തതിനു ശേഷം മാത്രമേ നേരിട്ട് വാങ്ങൽ നടത്താൻ പാടുള്ളൂ. എന്നാൽ മേൽ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ടെൻഡർ/ക്വട്ടേഷൻ നടപടികൾ ക്രമങ്ങൾ കൂടാതെ നേരിട്ടാണ് മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത്. കൂടാതെ വാങ്ങിയ ഇനങ്ങളുടെ സ്പെസിഫിക്കേഷനും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

6) സർക്കുലർ നം.86/2010/ ഫിൻ തീ.24.09.2010 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനത്തിന്റെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(43/19.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് നടപടിക്രമങ്ങളിലെ അപാകങ്ങളുടെ അടിസ്ഥാനത്തിലും ചെലവ് രേഖകളുടെയും അഭാവത്തിലും ചെലവ് തുകയായ 1097072/- രൂപ തടസപ്പെടുത്തുന്നു. മേൽ വിഷയങ്ങളിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-66 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ അപാകം-ചെലവ് തുകയായ 2550274/- രൂപ തടസ്സപ്പെടുത്തുന്നു

| പദ്ധതി നമ്പർ | SO 129/22 | SO 130/22 | SO 132/22 |
|---|---|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ (പ്രൈമറി) യൂണിറ്റ് -1 | പാലിയേറ്റീവ് കെയർ (പ്രൈമറി) യൂണിറ്റ് -2 | സെക്കന്ററി പാലിയേറ്റീവ് കെയർ |
| | | | |

| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ |
|---|---|---|---|
| അടങ്കൽ തുക | 1500000/- (വി.ഫ) | 703874/- (വി.ഫ) | 490000/- (വി.ഫ) |
| ചെലവ് | 1496400/- | 703874/- | 350000/- |
| ബിൽ നം | 80/22.9.21 (620794)<br>323/19.2.22 (649476)<br>374/10.3.22 (226130) | 81/22.9.21 (409694)<br>375/10.3.22(294180) | 83/22.9.21 (182000)<br>371/10.3.22 (168000) |

2021-22 വർഷത്തിൽ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പാലിയേറ്റീവ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട മേൽ പ്രോജക്ടുകളിൽ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുള്ളത് In House Drug Bank എന്ന സ്ഥാപനത്തിൽ നിന്നാണ്. പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകൾ സ്ഥാപനത്തിൽ നിന്നും നേരിട്ട് കൈപ്പറ്റുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഓരോ ബില്ലിലും 2% തുക സർവ്വീസ് ചാർജായി ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം സർവ്വീസ് ചാർജ് അനുവദിച്ച് നൽകിയതിന്റെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രോജക്ട് പ്രകാരം വാങ്ങിയ മരുന്നുകളും ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) പാലിയേറ്റീവ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട് വാങ്ങി നൽകുന്ന വിലയേറിയ ഉപകരണങ്ങൾ (Air Bed, Water Bed, Wheel Chair, BP Apparatus) ആവശ്യത്തിനുശേഷം തിരികെ വാങ്ങി സ്റ്റോക്കിൽ ചേർത്ത് പുനർവിതരണം നടത്താവുന്നതാണ്. എന്നാൽ മുൻവർഷങ്ങളിൽ ഉൾപ്പെടെ ഇത്തരത്തിൽ വിതരണം ചെയ്ത ഉപകരണങ്ങളുടെ വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) പാലിയേറ്റീവ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുടുംബസംഗമം, ട്രെയിനിംഗ് എന്നിവയ്ക്കായി വകയിരുത്തിയിരുന്ന തുക, പാലിയേറ്റീവ് കമ്മിറ്റി മീറ്റിംഗിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷണക്കിറ്റ് വാങ്ങി വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 66 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഭക്ഷണക്കിറ്റ് അനുവദിച്ച് നൽകിയിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡവും ഗുണഭോക്തൃലിസ്റ്റിന് നഗരസഭാ കൗൺസിലിന്റെ അനുമതി ലഭ്യമായതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

4) പാലിയേറ്റീവ് കെയർ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി യാത്രചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള ദിവസങ്ങളിൽ ഹോംകെയർ രജിസ്റ്റർ പ്രകാരം ഹോം വിസിറ്റ് നടത്തിയിട്ടില്ല.

| ലോഗ് ബുക്ക് തീയതി | യൂണിറ്റ് | വാഹനം |
|---|---|---|
| 08.5.2021 | പാലിയേറ്റീവ് കെയർ (പ്രൈമറി) യൂണിറ്റ് -1 | വാഹന നം. KL16 H 9999 |
| 10.4.2021, 16.4.21, 28.4.21, 29.4.21, 13.5.21, 14.5.21, 18.5.21, 23.5.21, 25.5.21, 27.5.21 | പാലിയേറ്റീവ് കെയർ (പ്രൈമറി) യൂണിറ്റ് -2 | വാഹന നം. KL 01 CH 9956 |

5) പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റിന്റെയും ഹോംകെയർ രജിസ്റ്റർ പ്രകാരം ഒരേ ദിവസം ഒരേ രോഗികളെ സന്ദർശിച്ച് സേവനം നൽകി വരുന്നു.

ഉദാ - യൂണിറ്റ് - 1 : 15.4.21, 19.4.21, 26.4.21

യൂണിറ്റ് - 2 : 23.4.21, 27.4.21, 30.4.21

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (38/18.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെയും അഭാവത്തിലും മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിലും ചെലവ് തുകയായ 2550274/- രൂപ തടസപ്പെടുത്തുന്നു. മേൽ വിഷയങ്ങളിൽ വിശദമായ റിപ്പോർട്ടും രേഖകളും ലഭ്യമാക്കേണ്ടതാണ്.

## <u>1-67 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്നും ഉപകരണങ്ങളും വാങ്ങൽ- രേഖകളുടെ അഭാവത്തിൽ 1716094/-രൂപ തടസപ്പെടുത്തുന്നു.</u>

| പ്രോജക്ടിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്ന് ഉപകരണങ്ങൾ വാങ്ങൽ മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|
| പ്രൊജക്ട് നമ്പർ | S00181/22 |
| അടങ്കൽ | ആകെ ₹ 3000000/-<br>₹ 1500000/- (പൊതു വിഹിതം) ₹ 1500000/- (മെയിൻറനൻസ് ഫണ്ട് - റോഡിതരം) |
| | ₹ 1332123/- (പൊതു വിഹിതം) |

| | |
|---|---|
| **ചെലവ്** | ₹383971/- (റോഡിതരം)<br>ആകെ ₹ 1716094/- |
| **ബിൽ നം./തീയതി** | 198/04.01.22 – ₹ 1188523, 328/22.02.22 – ₹ 143600<br>422/18.03.22 – ₹ 383971 |
| **നിർവ്വഹണോദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ പദ്ധതി പ്രകാരം പ്രൊഫഷണൽ ഫാർമസി എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയും പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്. (ബിൽ നം. 198/04.01.22 ൽ ഉൾപ്പെടെ ചെലവ്).

| വൗച്ചർ നം. | തുക (രൂപയിൽ) |
|---|---|
| 230/21-22 | 11879 |
| 231/21-22 | 3765 |
| 232/21-22 | 3187 |
| 257/21-22 | 10353 |
| 355/21-22 | 9190 |
| 356/21-22 | 8617 |
| 357/21-22 | 10440 |
| 388/21-22 | 10736 |
| 389/21-22 | 1723 |
| 433/21-22 | 10159 |
| 482/21-22 | 8403 |
| 613/21-22 | 8954 |
| 656/21-22 | 8813 |
| 750/21-22 | 4554 |
| **ആകെ** | **110773/-** |

മരുന്നുകൾ വാങ്ങുന്നതിന് പ്രൊഫഷണൽ ഫാർമസി എന്ന സ്ഥാപനത്തെ 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം തെരെഞ്ഞെടുത്തതിന്റെ രേഖകളും ഫയലും നഗരസഭ കൗൺസിൽ തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ(എം.എസ്).69/2020/തസ്വഭവ തീ.30.04.2020 പ്രകാരം കോവിഡുമായി ബന്ധപ്പെട്ട ജീവൻരക്ഷാമരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുവെങ്കിൽ കാരുണ്യ, നീതി സ്റ്റോറുകളിൽ നിന്നും വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രൊഫഷണൽ ഫാർമസി എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയത്.

2) ബിൽ നം. 328/22.2.22 പ്രകാരം കോവിഡ് വാക്സിനേഷൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. വാങ്ങൽ നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് തുകയായ 33600/- രൂപ ക്വാട്ട് ചെയ്ത സിമ്പയോസിസ് വർക്കല എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാപ്ടോപ്പ് വാങ്ങിയിട്ടുള്ളത്. പ്രൊക്യൂർമെന്റ് നടപടികളുമായി ബന്ധപ്പെട്ട് വർക്കല താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ 20.12.2021 ലെ ബി.1/3294(A)/21-ാം നമ്പർ ക്വട്ടേഷൻ നോട്ടീസിൽ ലഭ്യമാക്കേണ്ട ലാപ്ടോപിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾ പ്രകാരം ലാപ്ടോപ്പുകൾ GeM, CPRCS പോർട്ടൽ മുഖേനയാണ് വാങ്ങൽ നടത്തേണ്ടത് (സ.ഉ(പി)നം.07/19/എസ്.പി.ഡി തീ.26.04.2019, സർക്കുലർ നം.ഡി.എ.1/153/2020/തസ്വഭവ തീ.07.09.2020) കൂടാതെ ലാപ്ടോപ്പുകൾ GeM, CPRCS പോർട്ടലിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ CPRCS പോർട്ടലിലെ അതേ സ്പെസിഫിക്കേഷനിലുള്ള വിലയുമായി താരതമ്യം ചെയ്തതിനു ശേഷം മാത്രമേ നേരിട്ട് വാങ്ങൽ നടത്താൻ പാടുള്ളൂ. എന്നാൽ മേൽ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ആണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

3) സർക്കുലർ നം.86/2010/ ഫിൻ തീ.24.09.2010 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനത്തിന്റെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെയും മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (35/17.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് നടപടിക്രമങ്ങളിലെ അപാകങ്ങളുടെ അടിസ്ഥാനത്തിലും ചെലവ് രേഖകളുടെയും അഭാവത്തിലും ചെലവ് തുകയായ 1716094/-

രൂപ തടസപ്പെടുത്തുന്നു. മേൽ വിഷയങ്ങളിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-68 താലൂക്ക് ആശുപത്രിയിൽ രജിസ്റ്ററുകളും ഫോർമാറ്റുകളും പ്രിന്റിംഗ് - ടെൻഡർ നടപടി ക്രമങ്ങളിലും തുക ചെലവഴിക്കുന്നതിലും അപാകത-72500/- രൂപ തടസപ്പെടുത്തുന്നു,

| | |
|---|---|
| **പദ്ധതി നമ്പർ** | S0154/22 |
| **പദ്ധതിയുടെ പേര്** | താലൂക്ക് ആശുപത്രിയിൽ രജിസ്റ്ററുകളും ഫോർമാറ്റുകളും പ്രിന്റിംഗ് |
| **നിർവഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| **അടങ്കൽ തുക** | 250000/- (മെയിന്റനൻസ് ഗ്രാന്റ്) |
| **ചെലവ്** | 250000/- |
| **ബിൽ** | 335/ 23-02-2022(72500/-)372/ 10-03-2022(77500/-)<br>84/ 22-09-2021 (100000/-) |

താലൂക്ക് ആശുപത്രിക്ക് ആവശ്യമായ രജിസ്റ്ററുകൾ ഫോർമാറ്റുകൾ എന്നിവ പ്രിന്റ് ചെയ്ത് വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. 2021-22 വർഷത്തേയ്ക്ക് പ്രിന്റിംഗ് ഇനത്തിൽ 250000/- രൂപയാണ് വകയിരുത്തിയത്. പദ്ധതി പ്രകാരം 177500/- രൂപയ്ക്ക് 2021-22 വർഷത്തേയ്ക്ക് വാങ്ങിയ രജിസ്റ്ററുകളുടെ തുകയും 72500/- രൂപയ്ക്ക് 2019-20 വർഷത്തിൽ വാങ്ങിയ ഇനങ്ങൾക്കും തുക ചെലവഴിച്ചിട്ടുണ്ട്.അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2021-22 വർഷത്തേയ്ക്ക് പ്രിന്റിംഗ് ഇനത്തിൽ 250000/- രൂപയാണ് വകയിരുത്തിയത്. ലളിത പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് 177500/- രൂപയ്ക്ക് രജിസ്റ്ററുകളും ഫോർമാറ്റുകളും മറ്റ് ഇനങ്ങളും വാങ്ങിയത്. 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഒരു വർഷത്തേയ്ക്ക് ആവശ്യമായ സാധനങ്ങളുടെ വിവരം ഒരുമിച്ച് തയ്യാറാക്കിയാണ് വാങ്ങൽ നടത്തേണ്ടത്. എന്നാൽ സാധനങ്ങളുടെ ആകെ മൂല്യം കണക്കാക്കി ടെൻഡർ മുഖേനേ വാങ്ങൽ നടത്തുന്നതിന് പകരം രണ്ട് തവണ ക്വട്ടേഷൻ നടപ്പാക്കിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

2) മേൽ പ്രോജക്ട് പ്രകാരം ലളിത പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് 2019-20 വർഷത്തെ പ്രിന്റിംഗ് ഇനത്തിൽ 72500/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അംഗീകൃത പ്രോജക്ടിൽ ആയത് സംബന്ധിച്ച് തുക വകയിരുത്തിയിട്ടില്ല.കൂടാതെ ചെലവ് രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (33/17.04.2023) മറുപടിയിൽ 2023-24 മുതൽ ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. കൂടാതെ 2019-20 വർഷത്തിൽ അധികമായി പ്രിന്റിംഗ് ചെയ്ത 72500/- രൂപയാണ് അനുവദിച്ചത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത ചെലവ് സംബന്ധമായ രേഖകൾ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിലും അംഗീകൃത പ്രോജക്ടിന് വ്യതിചലിച്ച് ചെലവ് ചെയ്തതിനാലും 72500/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-69 താലൂക്ക് ആശുപത്രിയിൽ പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ - അധിക തുക തിരികെ ഈടാക്കിയില്ല- 36482/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| **പദ്ധതി നമ്പർ** | S0315/22 |
| **പദ്ധതിയുടെ പേര്** | താലൂക്ക് ആശുപത്രിയിൽ പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ |
| **നിർവഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| **അടങ്കൽ തുക** | 525000/- (മെയിന്റനൻസ് ഗ്രാന്റ്) |
| **ചെലവ്** | 510000/- |
| **ബിൽ നം.** | 343/25.02.2022 |

താലൂക്ക് ആശുപത്രിയിൽ പബ്ലിക്ക് അഡ്രസ് സിസ്റ്റം സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക് വിഭാഗത്തിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 510000/- രൂപ ഡെപ്പോസിറ്റ് തുകയായി തിരുവനന്തപുരം പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക് സെക്ഷന് അനുവദിച്ചിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക് വിഭാഗത്തിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം (27.08.2022 ലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത്) 473518/- രൂപയുടെ പ്രവൃത്തികൾ നടപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാക്കി തുകയായ 36482/- രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (29/17.04.2023) മറുപടിയിൽ അധിക തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുന്നതിന് അറിയിപ്പ് നൽകിയിങ്കിലും നാളിതുവരെ തുക തിരികെ ഒടുക്കിയതിന്റെ വിവരം ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുകയായ 36482/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. തുക സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-70 താലൂക്ക് ആശുപത്രിയിലെ മാലിന്യ നിർമ്മാർജ്ജനം - പ്രൊക്യൂർമെന്റ് നടപടികൾ കൂടാതെ വാങ്ങൽ നടത്തി

| | |
|---|---|
| **പദ്ധതി നമ്പർ** | SO155/22 |
| **പദ്ധതിയുടെ പേര്** | താലൂക്ക് ആശുപത്രിയിലെ മാലിന്യ നിർമ്മാർജ്ജനം |
| **നിർവഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| **അടങ്കൽ തുക** | 100000/- (മെയിന്റനൻസ് ഗ്രാന്റ് ) |
| **ചെലവ്** | 100000/- |

താലൂക്ക് ആശുപത്രിയിലെ മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം 83532/- രൂപയ്ക്ക് സേഫ് കെയർ, ആറ്റിങ്ങൽ എന്ന സ്ഥാപനത്തിൽ നിന്നും ഗാർബേജ് ബാഗുകള് വാങ്ങിയിട്ടുണ്ട്. 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15000/- രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ നടപ്പാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത വാങ്ങലിന് ക്വട്ടേഷൻ/ടെൻഡർ നടപ്പാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (38/18.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-71 താലൂക്ക് ആശുപത്രിയുടെ വെള്ളക്കരം ഒടുക്കൽ -തുക സമയബന്ധിതമായി ഒടുക്ക് വരുത്തുന്നില്ല.

| | |
|---|---|
| **പ്രൊജക്റ്റ് നമ്പർ** | SO 144 / 22 |
| **പ്രൊജക്റ്റിൻ്റെ പേര്** | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ വെള്ളക്കരം വൈദ്യുതിക്കരം ഒടുക്കൽ |
| **അടങ്കൽ** | 1100000/-<br>200000/- രൂപ (വി.ഫ പൊതു വിഭാഗം)<br>900000/- രൂപ (മെ.റോഡിതരം) |
| **ചെലവ്** | 1080627/-<br>(199022+881605 ) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |

വർക്കല താലൂക്ക് ആശുപത്രിയിലെ 2021-22 കാലയളവിലെ വെള്ളക്കര കുടിശ്ശിക കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയതോടൊപ്പം പിഴപ്പലിശ ഇനത്തിൽ താഴെപ്പറയുംവിധം തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നം. | കൺസ്യൂമർ ഐഡി. | പിഴപ്പലിശ | ആകെ തുക (രൂപയിൽ) |
|---|---|---|---|
| ബിൽ.നം.86/21-09-2021 . 26251/- രൂപ | | | |
| 1 | 2173107291 | 80/- | 3075/- |
| 2 | 2173106724 | 1550/- | 23176/- |
| താഴെ പറയുന്നവയുടെ സാംഖ്യ ബിൽ ലഭ്യമല്ല. | | | |
| 1 | 2173107291 | 125/- | 3225/- |
| 2 | 2173106724 | 937/- | 25537/- |
| 3 | 2173107291 | 130/- | 4035/- |
| ബിൽ.നം.366/09-03-2022. 6739/- രൂപ | | | |
| 1 | 2173107291 | 148/- | 1794/- |
| 2 | 2173106724 | 446/- | 4945/- |
| ബിൽ.നം.475/24-03-2022. 5023/- രൂപ | | | |
| 1 | 2173107291 | 176/- | 1768/- |
| 2 | 2173106724 | 476/- | 3255/- |

താലൂക്ക് ആശുപത്രിയിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കാനുള്ള സാധ്യത ഉണ്ടായിട്ടും തുക സമയബന്ധിതമായി ഒടുക്ക് വരുത്താത്തതും പിഴപ്പലിശ ഇനത്തിൽ തുക അടവാക്കിയതും സ്ഥാപനത്തിന്റെ ഭാഗത്തെ അപാകമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ(40/18.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം സമയബന്ധിതമായി ഒടുക്ക് വരുത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-72 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - തിരികെ ലഭ്യമായ വസ്തുക്കളുടെ സ്റ്റോക്ക് വിവരങ്ങൾ ഹാജരാക്കിയില്ല.**

| | |
|---|---|
| പ്രോജക്റ്റ് നം | S0158/22 |
| പ്രോജക്റ്റിന്റെ പേര് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| നിർവഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 5450142(വി.ഫ) |
| ചെലവ് | 4646320 |

കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ രൂപീകരണവുമായി ബന്ധപ്പെട്ട് 25.05.2020 തീയതിയിലെ സ.ഉ(സാധാ)നം.955/2020/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും 16.07.2020 തീയതിയിലെ സ.ഉ(സാധാ)നം.1364/2020/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരവും സർക്കാർ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭയിൽ പ്രവർത്തിച്ച CFLTC കളുടെ പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള താഴെപ്പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ഹാരാക്കായിട്ടില്ല

1) തിരിച്ചു നൽകേണ്ട സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ

2) പ്രതി ദിന വരവ് ചെലവ് കണക്കുകൾ

2021 നവംബർ മാസം വരെയാണ് എസ്.എൻ കൺവെൻഷൻ സെന്ററിൽ സി.എഫ്.എൽ.ടി സി പ്രവർത്തിച്ചത്. എന്നാൽ സി.എഫ്.എൽ.ടി സി പ്രവർത്തനം അവസാനിപ്പിച്ചശേഷം സി.എഫ്.എൽ.റ്റി.യിൽ നിന്നും തിരിച്ച് ലഭ്യമാക്കേണ്ട ഉപകരണങ്ങൾ നഗരസഭയ്ക്ക് കൈമറിയതിന്റെ രേഖകളോ രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നമ്പർ. 3/18.04.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

ഇല്ല

**4-2 നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം**

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കെ.എസ്.ഇ.ബി | 0 | 279/22 സ്ട്രീറ്റ് മെയിൻ നീട്ടൽ | 4500000 | ഇല്ല | 4500000 | ഇല്ല | 4500000 |
| കേരള വാട്ടർ | 0 | 276/22വിവിധ | 1500000 | ഇല്ല | 1500000 | ഇല്ല | 1500000 |

| | | | | | | | |
|---|---|---|---|---|---|---|---|
| അതോറിറ്റി | | വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടൽ | | | | | |
| | | 218/22 പട്ടികജാതി കോളനികളിൽ കുടിവെള്ള പെപ്പ്ലൈൻ നീട്ടൽ 2020-21 | 422000 | ഇല്ല | 422000 | ഇല്ല | 422000 |
| | | 219/22 വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ | 428400 | ഇല്ല | 428400 | ഇല്ല | 428400 |
| | | 52/22 വിവിധ അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഒരുക്കൽ | 22900 | ഇല്ല | 22900 | ഇല്ല | 22900 |
| പി.ഡബ്ള്യു.ഡി | 0 | 315/22 താലൂക്ക് ഹോസ്പിറ്റലിലേയ്ക്ക് പബ്ലിക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ | 510000 | ഇല്ല | 510000 | ഇല്ല | 510000 |
| **ആകെ** | **0** | | **7383300** | **ഇല്ല** | **7383300** | **ഇല്ല** | **7383300** |

| ഹെഡ് | 2020-21 B-18, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Advance To Implementing Agencies – Specific Grants | - | 6648948 | 6648948 | - | 6648948 |

പ്രോജക്ട് നമ്പർ 279/22 സ്ലീറ്റ് മെയിൻ നീട്ടലിനായി സുലേഖ ചെലവ് പത്രിക പ്രകാരം കെ.എസ്.ഇ.ബി യ്ക്ക് 4500000/- രൂപ മുൻകൂറായി അനവദിച്ചിട്ടുണ്ട്. എന്നാൽ ഹെഡ് കോഡ് നമ്പർ 460500202 Advance To Implementing Agencies -ന്റെ ലെഡ്ജർ പരിശോധിച്ചതിൽ 4275648/- രൂപ മാത്രമാണ് മേൽ പ്രോജക്ടിനായി കെ.എസ്.ഇ.ബി യ്ക്ക് മുൻകൂറായി നൽകിയിട്ടുള്ളത്. വ്യത്യാസമായ 224352/- രൂപ ചെലവഴിച്ചത് മുൻകൂർ ഹെഡിലല്ല. കൂടാതെ മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവഹണം നടത്തിയ താലൂക്ക് ഹോസ്പിറ്റലിലേയ്ക്ക് പബ്ലിക് അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 315/22) എന്ന പ്രോജക്ടിനായി പി.ഡബ്ള്യു.ഡിയ്ക്ക് 510000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെലവും മുൻകൂർ ഹെഡിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള മുൻകൂർ തുകകളും വാർഷിക ധനകാര്യ പത്രികയിലെ മുൻകൂർ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വർഷാരംഭത്തിൽ ബാക്കി | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | | വർഷാവസാനം അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| PMAY Housing | GO(MS)No.29/ 18/LSGD, Dated.28.02.18 | 25080000 | 920000 | 2000000 | - | 24000000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട്/ വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 3-8 | 32468/- | ശ്രീ. പത്മചന്ദ്രൻ നായർ.സി, അസിസ്റ്റന്റ് എഞ്ചിനീയർ | 121010104098 തീയതി 30.10.2021 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-7 | 2016-17 | 4.9.1 (1) | ലേല നടപടികളിൽ വീഴ്ച (ഭാഗികമായി ഉൾപ്പെടുത്തിയിരിക്കുന്നു) | വിവരങ്ങൾ ലഭ്യമാക്കിയില്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 42051405.75 |
| ഓഡിറ്റ് വർഷത്തെ വരവ് | 254018073 |
| ആകെ | 296069478.75 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 221634781 |
| നീക്കിയിരിപ്പ് | 74434697.75 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7164585 |

**(ബി)മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-43 | 317575 | ശ്രീ. ഷൈൻ.എസ്.എസ്, ഹെഡ്മാസ്റ്റർ |
| 1-45 | 99000 | ഡോ.ബൈജു. എസ്, വെറ്ററിനറി സർജൻ |
| 1-46 | 96588 | ഡോ.ബൈജു. എസ്, വെറ്ററിനറി സർജൻ |
| 1-47 | 188000 | ഡോ.ബൈജു. എസ്, വെറ്ററിനറി സർജൻ |
| 1-48 | 700000 | ഡോ.ബൈജു. എസ്, വെറ്ററിനറി സർജൻ |
| 1-50 | 50000 | ശ്രീമതി കൃഷ്ണകുമാരി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

| | | |
|---|---|---|
| 1-64 | 241000 | ശ്രീ.ബിജു.എസ്, ഹെൽത്ത് ഓഫീസർ |
| 1-65 | 1097072 | ഡോ. ബിജു നെൽസൺ,<br>മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി |
| 1-66 | 2550274 | ഡോ. ബിജു നെൽസൺ,<br>മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി |
| 1-67 | 1716094 | ഡോ. ബിജു നെൽസൺ,<br>മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി |
| 1-68 | 72500 | ഡോ. ബിജു നെൽസൺ,<br>മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി |
| 1-69 | 36482 | ഡോ. ബിജു നെൽസൺ,<br>മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി |
| **ആകെ** | **7164585** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ. ഷൈൻ.എസ്.എസ്, ഹെഡ്മാസ്റ്റർ | പ്രണവം, മേൽ വെട്ടൂർ, വർക്കല |
| ഡോ.ബിജു നെൽസൺ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | അഭിലാഷ്, പട്ടത്താനം പി.ഒ, കൊല്ലം |
| ഡോ.ബൈജു. എസ്, വെറ്ററിനറി സർജൻ | നന്ദനം, ചെമ്പഴന്തി പി.ഒ, തിരുവനന്തപുരം |
| ശ്രീമതി കൃഷ്ണകുമാരി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | കൃഷ്ണവിലാസം, പേരൂർ പി.ഒ, കിളിമാനൂർ |
| ശ്രീ.ബിജു.എസ്, ഹെൽത്ത് ഓഫീസർ | TC 20/2054(1), പള്ളികോളനി, കവടിയാർ പി.ഒ, തിരുവനന്തപുരം |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി./4/562/2001 തീയതി. 17.12.2001 | 26 |
| 1996-97 | എൽ.എഫ്.റ്റി.ഡി./4/556/2000 തീയതി. 31.01.2001 | 13 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ. തീയതി. 27.09.2007 | 50 |
| 1997-98 | എൽ.എഫ്.റ്റി.ഡി./4/858/2000 തീയതി. 31.01.2001 | 12 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ./87/2007 തീയതി. 26.09.2007 | 8 |
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ./4/4562/2005 തീയതി. 17.12.2001 | 15 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ./1634/06 തീയതി. 19.04.2007 | 41 |
| | | |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ./327/08 തീയതി. 20.06.2008 | 45 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ./564/08 തീയതി. 19.01.2009 | 35 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ./565/08 തീയതി. 19.01.2009 | 25 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ./1347/07 തീയതി. 17.03.2010 | 20 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ./1375/07 തീയതി. 17.03.2010 | 30 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ./673/11 തീയതി. 26.12.11 | 23 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ./674/11 തീയതി. 26.12.11 | 43 |
| 2009-10 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1698/12 തീയതി. 18.03.2013 | 36 |
| 2010-11 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/593/13 തീയതി. 24.06.2013 | 27 |
| 2011-12 | എൽ.എഫ്.എ.ഡി.റ്റി.വി.എം.എൽ/1794/13 തീയതി. 21.01.2014 | 25 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1491/2015 തീയതി. 08.10.2018 | 19 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/111/17 തീയതി. 29.02.2018 | 30 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1941/16 തീയതി. 31.12.2021 | 29 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/4/2017(1) തീയതി. 16.04.2016 | 32 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/1850/17 തീയതി. 25.01.2018 | 35 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2967/18 തീയതി. 12.03.2019 | 55 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2070/19 തീയതി. 03.03.2021 | 45 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/221/2022 തീയതി. 21.03.2022 | 108 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/1268/2022 തീയതി. 02.08.2022 | 65 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വർക്കല മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്